

# കേരളവികസനം

## ഇടതുപക്ഷവും മാധ്യമങ്ങളും

എം സുരേന്ദ്രൻ

കേരള പ്രസ് അക്കാദമി

Malayalam Title
**Kerala Vikasanam: Edathupakshavum Madhyamangalum**
by
**M. Surendran**
© Kerala Press Academy. Some rights reserved.

The e-book edition of this work is licensed by Kerala Press Academy
under CC BY 4.0. The work is to be attributed to M. Surendran.

No part of this publication may be reproduced or transmitted,
on paper or any non-electronic form, without the prior written
permission of the copyright-owner.

M. Surendran asserts the moral right to be identified as the author of this work.

Published by
Kerala Press Academy,
Kakkanadu, Ernakulam

Cover and design : Shameesh Kavungal

Published in April 2014
E-book edition not for sale.

# കേരളവികസനം:
## ഇടതുപക്ഷവും മാധ്യമങ്ങളും

**എം സുരേന്ദ്രൻ**

**കേരള പ്രസ് അക്കാദമി**
കാക്കനാട്, എറണാകുളം



## എം സുരേന്ദ്രൻ

1964 മെയ് ആറിനു ആലപ്പുഴ ജില്ലയിലെ
കായംകുളത്തു ജനിച്ചു.

അച്ഛൻ: കെ മാധവൻ.
അമ്മ: കെ ചെല്ലമ്മ.

കായംകുളം ഗവ. ബോയ്സ് ഹൈസ്കൂൾ,
കായംകുളം എംഎസ്എം കോളേജ്,
കൊല്ലം ശ്രീനാരായണ കോളേജ്,
തിരുവനന്തപുരം ഗവ. ലോ കോളേജ്
എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

1993 മാർച്ചിൽ ദേശാഭിമാനിയിൽ ചേർന്നു.
എറണാകുളം, തിരുവനന്തപുരം, കോട്ടയം, കൊല്ലം,
ആലപ്പുഴ എന്നിവിടങ്ങളിൽ ജോലി നോക്കി.
ഇപ്പോൾ ദേശാഭിമാനി കൊല്ലം ബ്യൂറോ ചീഫ്.

ഭാര്യ: എസ് ഗിരിജ.
മക്കൾ: അഭിജിത്, ലക്ഷ്മി.

*വിലാസം:*

പുളിമൂട്ടിൽ ഹൗസ്,
ചിറക്കടവം,
കായംകുളം. പി.ഒ.
ആലപ്പുഴ ജില്ല.
മൊബൈൽ ഫോൺ: 9446283656.

# പ്രസാധക കുറിപ്പ്

കേരള പ്രസ് അക്കാദമി സംസ്ഥാനസർക്കാറിന്റെ ധനസഹായത്തോടെ നടപ്പാക്കിയ ഗവേഷണ പദ്ധതിയുടെ ഫലമാണ് ഈ പ്രബന്ധം. 2008–09 വർഷത്തെ സംസ്ഥാനബജറ്റിലാണ് സർക്കാർ ഗവേഷണ പദ്ധതിക്ക് തുക വകയിരുത്തിയത്. പത്രപ്രവർത്തകരിൽ നിന്ന് അപേക്ഷ സ്വീകരിക്കാനും അർഹരായവരെ തിരഞ്ഞെടുക്കാനും സമർപ്പിച്ച പഠനനിഗമനങ്ങൾ കുറ്റമറ്റതാക്കാനും സമയമെടുത്തു. 2012 ൽ പഠനം പൂർത്തിയാക്കി പ്രബന്ധം സമർപ്പിച്ചവരിൽ ഒരാളാണ് ശ്രീ എം. സുരേന്ദ്രൻ. 2013 ജനവരിയിൽ ക്ഷണിക്കപ്പെട്ട സദസ്സിന് മുമ്പാകെ അവതരിപ്പിച്ച് അംഗീകാരം നേടി. കേരളവികസനം– ഇടതുപക്ഷവും മാധ്യമങ്ങളും എന്നതാണ് ശ്രീ സുരേന്ദ്രന്റെ പഠനവിഷയം.

ഗവേഷണ നിഗമനങ്ങളിലേക്ക് കടക്കുന്നില്ല. തീർച്ചയായും അവയോട് യോജിക്കുന്നവരും വിയോജിക്കുന്നവരും കാണും. അതെന്തുതന്നെ ആയാലും ഈ ഗവേഷണവത്തിന്റെ നിഗമനങ്ങൾ കേരളത്തിലെ പത്രമാധ്യമരംഗത്തും രാഷ്ട്രീയ– ബൗദ്ധിക രംഗങ്ങളിലും പ്രവർത്തിക്കുന്നവർ ഗൗരവപൂർവം ചിന്താവിഷയമാക്കേണ്ടതുണ്ട്. ഗവേഷണ നിഗമനങ്ങൾ അലമാറകളിൽ പൂട്ടിവെക്കുന്നതിന്റെ വ്യർത്ഥതയെ കുറിച്ച് ഞങ്ങൾക്ക് പൂർണബോധ്യമുണ്ട്. അതുകൊണ്ടുതന്നെയാണ് പരമാവധി ആളുകൾ എത്തുന്ന രീതിയിൽ ഈ പ്രബന്ധങ്ങൾ ഇ ബുക്കുകളായി പ്രസ് അക്കാദമി പ്രസിദ്ധപ്പെടുത്തുന്നത്. അച്ചടിച്ച പുസ്തകങ്ങളേക്കാളേറെ ഇന്ന് ഇ ബുക്കുകളാണ് സോഷ്യൽമീഡിയയിലൂടെയും മറ്റും അതിവേഗം അധികമധികം വായനക്കാരിലേക്കെത്തുന്നത്.

അക്കാദമിയുടെ ഇ ബുക്ക് പ്രസാധന സംരംഭത്തിലെ ആദ്യപുസ്തകങ്ങളിലൊന്നാണ് ഇത്. വായനക്കാരുടെ പരിഗണനയ്ക്കും വിചിന്തനത്തിനും ഞാൻ ഇത് സമർപ്പിക്കുന്നു.

എൻ.പി.രാജേന്ദ്രൻ
ചെയർമാൻ, കേരള പ്രസ് അക്കാദമി
കൊച്ചി
15 ഏപ്രിൽ 2014

# സമർപ്പണം

എന്നെ, ഞാനാക്കിയ
എന്റെ അച്ഛനമ്മമാർക്കും
ഗുരുവര്യന്മാർക്കും.

# ആമുഖം

"ഏറ്റവും മഹത്തായ കലാപ്രവർത്തനം എന്നാൽ രാഷ്ട്രീയപ്രവർത്തനമല്ലാതെ മറ്റൊന്നുമല്ല..."- ഗ്രീക്ക് ചിന്തകൻ, മഹാനായ പ്ലേറ്റോയുടെ വാക്കുകൾ. ഓരോ കാലത്തും നിലവിലുള്ള സമൂഹത്തെ മാറ്റത്തീർക്കുക, രാഷ്ട്രപുനർനിർമ്മാണത്തിനു യത്നിക്കുക, അതിനു നിയതവും നൈതികവുമായ ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് ചുക്കാൻ പിടിക്കുക- ഇതത്രെ രാഷ്ട്രീയപ്രവർത്തനത്തിന്റെ ആധുനികമായ പൊതുസ്വരൂപം. ഈയർഥത്തിൽ, രാഷ്ട്രീയവുമായി അഭേദ്യമാംവിധവും നിരന്തരവുമായി ബന്ധപ്പെട്ടു കിടക്കുന്നു ആധുനിക മാധ്യമപ്രവർത്തനവും.

ഇവിടെ പക്ഷേ, ശ്രദ്ധിക്കേണ്ട ഒരു പ്രധാനകാര്യമുണ്ട്. മാധ്യമങ്ങളുടെ ഉടമസ്ഥനാരോ, അദ്ദേഹത്തിന്റെ വാണിജ്യപരവും രാഷ്ട്രീയവുമായ താൽപര്യങ്ങൾകൂടി അദ്ദേഹത്തിനു കീഴിൽ പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകർക്കു പ്രതിഫലിപ്പിക്കേണ്ടി വരുന്നു എന്നതാണ് വസ്തുത. മാധ്യമപ്രവർത്തനത്തിന്റെ ആധുനിക പൊരുൾ അന്വേഷിക്കുന്ന ഏവർക്കും ഇക്കാര്യം ബോധ്യപ്പെടും. അഥവാ, അത്തരം കാര്യങ്ങൾക്കുകൂടി സ്വാർഥഭരിതമായ താൽപര്യങ്ങളുള്ള മാധ്യമമുതലാളി തന്റെ കീഴിൽ പണിയെടുക്കുന്നവരെ ഉപയോഗിക്കുന്നു.

എന്താണ് ഇതിനർഥം? ഏറ്റവും മഹത്തായ കല എന്നു രാഷ്ട്രീയത്തെ നിരീക്ഷിച്ച അല്ലെങ്കിൽ അങ്ങനെ നിർവചിച്ച പ്ലേറ്റോയുടെ വാക്കുകൾക്കു കാതോർക്കാതെ രാഷ്ട്രീയത്തെ തങ്ങളുടെ സങ്കുചിതമായ താൽപര്യങ്ങൾക്കുവേണ്ടി മാധ്യമമുതലാളിമാർ ഇന്നു വ്യാപകമായി ദുരുപയോഗിക്കുന്നു എന്നാണ് ഇതിനർഥം.

മാധ്യമങ്ങൾ, മുതലാളിത്തവീക്ഷണകോണിൽ, 'ഉൽപന്നം' തന്നെയാണ്. ഉൽപന്നം എന്നാൽ ലാഭം ഉണ്ടാക്കാനുള്ള ഉൽപന്നം. മാധ്യമങ്ങളുടെ രാഷ്ട്രീയതാൽപര്യം എന്നതിനു രണ്ടു ഭിന്നമുഖങ്ങളുണ്ട്. ഒന്ന്: ഉൽപന്നം എന്നനിലയിലുള്ള സാമ്പത്തിക ലാഭേച്ഛയിൽ അധിഷ്ഠിതമായ മുഖം. രണ്ട്: രാഷ്ട്രീയതാൽപര്യം വച്ചുപുലർത്തുന്നതിനാൽ ഭരണവർഗത്തിന്റെ ആശയ-രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളോടു ചേർന്നുനിന്ന് നേട്ടങ്ങൾ ഉണ്ടാക്കുന്ന വികൃതമുഖം. മുതലാളിത്ത ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കുന്ന ഏതൊരു 'ബിസിനസ്' സ്ഥാപനത്തെയുംപോലെ, മാധ്യമങ്ങളിൽ ഒരുവിഭാഗം സ്ഥാപനവൽകരിക്കപ്പെട്ടിരുക്കുന്നു എന്നർഥം.

ഇതിനൊരു മറുവശം കൂടിയുണ്ട്. മുതലാളിത്ത സാമൂഹ്യവ്യവസ്ഥയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന മാധ്യമങ്ങളിൽ ഏറിയകൂറും ഇടതുപക്ഷവിരുദ്ധജ്വരം പടർത്താൻ ശ്രമിക്കുന്നു എന്നതാണ് അത്. ഇതു സ്വാഭാവികമാണ്. ഇത്തരമൊരു ദശാസന്ധിയിൽ കേരളത്തിലെ ചുവന്ന രാഷ്ട്രീയഭൂമികയിലെ മാധ്യമപ്രവർത്തനത്തെ വിലയിരുത്തുന്നതാണ് 'കേരള വികസനം: ഇടതുപക്ഷവും മാധ്യമങ്ങളും' എന്ന ഈ പുസ്തകം. മാധ്യമകേസരികളായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെയും കേസരി ബാലകൃഷ്ണപിള്ളയുടെയും നാട്ടിൽതന്നെയാണ് ഇടതുപക്ഷത്തിനെതിരെ ഈ മാധ്യമ ആക്രമണം നടക്കുന്നത്. ഇതു ചരിത്രത്തിന്റെ കുതൂഹലംതന്നെ.

കേരളം ഇന്നത്തെനിലയിൽ പുരോഗതിയുടെ പടവുകൾ താണ്ടിയെത്തിയത് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെയും അവ നേതൃത്വം നൽകുന്ന ഇടതുപക്ഷത്തിന്റെയും അധ്വാനഫലം കൊണ്ടാണ്. സ്വാഭാവികമായും ഈ പരിശ്രമത്തിൽ എതിർപ്പുകളും അടിച്ചമർത്തലുകളും നേരിടേണ്ടിവന്നിട്ടുണ്ട് ഈ പ്രസ്ഥാനങ്ങൾക്ക്. ഐക്യകേരളപ്പിറവിക്കുശേഷമുള്ള കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ചരിത്രവും വികസനപരിപ്രേക്ഷ്യവും ഒട്ടൊക്കെ ഭാംഗിയായി ഈ പുസ്തകത്തിൽ വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

ഇതിനൊപ്പം, ഈ ചരിത്രസന്ധിയിൽ വലതുപക്ഷ മാധ്യമങ്ങൾ ഇടതുപക്ഷത്തോടും അവയുടെ വികസനകാഴ്ചപ്പാടുകൾ, നയസമീപനങ്ങൾ എന്നിവയോടും എടുത്ത, എടുത്തുകൊണ്ടിരിക്കുന്ന നിലപാടുകളും വിശദീകരിക്കുന്നുണ്ട്. 1957–59 കാലത്തെ ഒന്നാം കമ്യൂണിസ്റ്റ് സർക്കാരിന്റെ കാലംമുതലുള്ള ഏതാനും സംഭവങ്ങൾ ആസ്പദമാക്കിയാണ് ഈ ദൗത്യം നിർവഹിക്കാൻ ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ പോരായ്മകൾ നിഴലിച്ചേക്കാം. അതു സ്വാഭാവികമാണ്.

എറണാകുളം ജില്ലയിലെ കാക്കനാട് പ്രവർത്തിക്കുന്ന കേരള പ്രസ് അക്കാദമി നൽകിയ മാധ്യമ സ്കോളർഷിപ്പിന്റെ സഹായത്തോടെയാണ് ഈ സംരംഭം പൂർത്തിയാക്കിയത്. അക്കാദമി മുൻ ചെയർമാൻ ശ്രീ. എസ് ആർ ശക്തിധരൻ, ഇപ്പോഴത്തെ ചെയർമാൻ ശ്രീ. എൻ പി രാജേന്ദ്രൻ, അക്കാദമി സെക്രട്ടറി ശ്രീമതി. രേണുക, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് എന്റെ സ്നേഹസാന്ദ്രമായ നന്ദി പ്രകാശിപ്പിക്കുന്നു.

പുസ്തകം ഈ നിലയിൽ പൂർത്തിയാക്കാൻ നിരവധി പേരുടെ സഹായം ലഭിച്ചു. കൈയ്യെഴുത്തുപ്രതി നോക്കി വേണ്ട തിരുത്തലുകൾ നിർദേശിച്ച സുഹൃത്തുക്കൾ, എനിക്കു വഴികാട്ടിയ 'ദേശാഭിമാനി' അസോസിയേറ്റ് എഡിറ്റർ ശ്രീ. പി എം മനോജ്, ടൈപ്പ് സെറ്റിങ്ങിനു സഹായിച്ച വി ടി ജീവരാജ്, പി ജ്യോതിസ്, എസ് പ്രവീൺ, സി ആർ ലാൽ, പ്രൂഫ് നോക്കിയ കെ എസ് ലാലിച്ചൻ തുടങ്ങിയവരോടും എനിക്കുള്ള സ്നേഹവും നന്ദിയും വാക്കുകൾക്കതീതം.

കായംകുളം,
20-07-2012.

*സ്നേഹപൂർവം*
**എം സുരേന്ദ്രൻ**

# ഉള്ളടക്കം

വാർത്ത പവിത്രമാണ്; അഭിപ്രായം സ്വതന്ത്രവും ........................... 11
മാധ്യമങ്ങൾ ഇന്ത്യയിൽ ........................................................................ 15
മാധ്യമങ്ങൾ കേരളത്തിൽ .................................................................... 19
മാധ്യമങ്ങളുടെ സ്വാധീനം .................................................................... 23
ഐക്യകേരളപ്പിറവി ............................................................................. 27
ആദ്യനിയമസഭാ തെരഞ്ഞെടുപ്പ് ........................................................ 31
ആദ്യസർക്കാരിന്റെ ഭരണനടപടികൾ ................................................ 38
പുതുയുഗപ്പിറവി ................................................................................. 43
വിമോചനസമരത്തിന്റെ കേളികൊട്ട് .................................................. 47
വിമോചനസമരത്തിലേക്ക് .................................................................... 54
ജനകീയാസൂത്രണവും മാധ്യമങ്ങളും ................................................ 59
തെരഞ്ഞെടുപ്പും മാധ്യമങ്ങളും ........................................................... 64
കേരളവികസനവും മാധ്യമങ്ങളും ...................................................... 77

അധ്യായം-1

# ‘വാർത്ത പവിത്രമാണ്; അഭിപ്രായം സ്വാതന്ത്ര്യവും’

**ആ**ധുനിക കേരളം സൃഷ്ടിക്കുന്നതിൽ ചെറുതല്ലാത്ത പങ്കുവഹിച്ച സ്ഥാപനങ്ങളാണ് നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ. പരിമിതികൾ ഏറെയുണ്ടെന്ന് അറിയാതെയല്ല ‘മാധ്യമങ്ങൾ’ എന്നു പ്രയോഗിച്ചത്. കാരണം, സ്വാതന്ത്ര്യപൂർവ ഇന്ത്യയിൽ പൂർണമായും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആദ്യ മൂന്നരപതിറ്റാണ്ടോളവും ജനജീവിതവുമായി നിരന്തരം സംവദിച്ചിരുന്നത് ദിനപത്രങ്ങളും ഒരുപരിധിവരെ റേഡിയോയുമായിരുന്നു. പിന്നീടാണ് ടെലിവിഷന്റെ കടന്നുവരവ്. ഈ ചരിത്രസത്യം അറിയാതെയല്ല ആധുനിക കേരള സൃഷ്ടിയിൽ ‘മാധ്യമങ്ങളുടെ പങ്കി’നെപ്പറ്റി പറഞ്ഞത്.

ആധുനിക കാലഘട്ടത്തിൽ മാധ്യമങ്ങളെന്നു പൊതുവെ വിവക്ഷിക്കുന്നത് ദിനപത്രങ്ങൾ, റേഡിയോ, സിനിമ, ടെലിവിഷൻ ചാനലുകൾ എന്നിവയൊക്കെ ചേർത്താണ്. ഇന്നിപ്പോൾ ഈ നിർവചനത്തിനും പൊളിച്ചെഴുത്ത് വേണ്ടിവന്നിരിക്കുന്നു. ഇന്റർനെറ്റ്, ഇ-മെയിൽ, ഓർക്കൂട്ട്, ബ്ലോഗുകൾ, ട്വിറ്റർ, ഫെയ്സ്ബുക്ക്, മൊബൈൽഫോൺ, എസ്എംഎസ് എന്നിവയൊക്കെ ആധുനിക മാധ്യമങ്ങളുടെ വിവിധ മുഖങ്ങളായി നമ്മുടെ ജീവിതപരിസരങ്ങളിൽ വലിയതോതിൽ സ്വാധീനം ചെലുത്തിപ്പോരുന്നു. ഇവയിൽ ഏതെങ്കിലും ഒന്നോ, ചിലഘട്ടങ്ങളിൽ ഒന്നിലധികമോ മാധ്യമങ്ങളെ ആശ്രയിക്കാതെ നമുക്കു ദിനരാത്രങ്ങൾ തള്ളിനീക്കാൻ കഴിയില്ല എന്നുവന്നിരിക്കുന്നു.

ഇവിടെ പ്രസക്തമായ ഒരു ചോദ്യം ഉയരുന്നു:

എന്തുകൊണ്ടാണ് ദിനപത്രങ്ങളും ടെലിവിഷൻ ചാനലുകളും നമ്മുടെ ജീവിതത്തിൽ ഇത്രയേറെ സ്വാധീനം ചെലുത്തുന്നത്?

ഉത്തരം ലളിതം.

മാധ്യമങ്ങൾ അവയുടെ വിപണനതന്ത്രത്തിൽ വലിയ വിജയം കൈവരിച്ചിരിക്കുന്നു. മനുഷ്യനെ തികച്ചും ഭ്രമാത്മകമായൊരു ലോകത്തേക്കു നയിക്കാനും അവനെ ഒരുതരം മരണക്കുരുക്കിൽ തളയ്ക്കാനും നിരന്തരം നടത്തിവരുന്ന പ്രചാരണകോലാഹലങ്ങൾവഴി മാധ്യമങ്ങൾക്കു കഴിഞ്ഞിരിക്കുന്നു.

ഇതുപക്ഷേ, പ്രശ്നത്തിന്റെ ഒരുവശം മാത്രം. വിപണനതന്ത്രം എന്നതു മുതലാളിത്തത്തിന്റെ അടയാളമാണ്. ചരക്കുകളുടെ ഉൽപാദനം, വിതരണം, വിറ്റഴിക്കൽ എന്നിവയിൽ മുതലാളിത്തം മര്യാദയുടെയും സ്വാഭാവികനീതിയുടെയും കണിക കാട്ടില്ല. മുതലാളിത്തലോകത്തെ മാധ്യമങ്ങളും ഈ വഴിയിലൂടെതന്നെ സഞ്ചരിക്കുന്നു. സ്വാഭാവികമായും മാധ്യമങ്ങളുടെ വിപണനതന്ത്രത്തിൽ അത്ഭുതം തോന്നേണ്ട കാര്യവുമില്ല.

ഇക്കാര്യങ്ങൾ 19-ാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽതന്നെ കാറൽ മാർക്സും ഫ്രെഡറിക് ഏംഗത്സും ശാസ്ത്രീയമായി പരിശോധിച്ചിരുന്നു. 1845-46ൽ ഇരുവരും ചേർന്നെഴുതിയ 'ജർമ്മൻ പ്രത്യയശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ ഈ പ്രശ്നം ചർച്ചചെയ്യുന്നു. അവർ പറയുന്നു:

"ഭരണവർഗ ആശയങ്ങൾ തന്നെയാണ് അതതു കാലഘട്ടത്തിലെ മേധാവിത്തം പുലർത്തുന്ന ആശയങ്ങൾ. എന്നുവച്ചാൽ, ഏതു വർഗം സമൂഹത്തിൽ മേധാവിത്തം പുലർത്തുന്ന ശക്തിയായി പ്രവർത്തിക്കുന്നുവോ, ആ ശക്തികൾ തന്നെയായിരിക്കും അക്കാലത്തെ മേധാവിത്തം സ്ഥാപിക്കുന്ന ബൗദ്ധികശക്തിയും..."

കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലും ഇക്കാര്യം മാർക്സും ഏംഗത്സും നിരീക്ഷിക്കുന്നുണ്ട്.

മാനിഫെസ്റ്റോ പറയുന്നു:

"ഭൗതികോൽപാദനം മാറുന്നതിനുസരിച്ച് ബുദ്ധിപരമായ ഉൽപാദനവും മാറുന്നുണ്ടല്ലോ. ഓരോ കാലഘട്ടത്തിലെയും ഭരിക്കുന്ന ആശയങ്ങൾ എല്ലായ്പോഴും അന്നത്തെ ഭരണാധികാരിവർഗത്തിന്റെ ആശയങ്ങളായിരുന്നു."

ഇതിൽനിന്നു ഒരു കാര്യം വ്യക്തമാകുന്നു. ഓരോ കാലഘട്ടത്തിലെയും ഭരണവർഗങ്ങളും അവയുടെ കീഴിലുള്ള ബൗദ്ധികശക്തികളും സമൂഹത്തിൽ മേധാശക്തികളായി മാറുന്നു. അവ തത്ത്വത്തിലും പ്രയോഗത്തിലും സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന അടി

ച്ചമർത്തപ്പെടുന്നവർക്കും സാധാരണക്കാർക്കും തികച്ചും എതിരുമായിരിക്കും. അപ്പോൾ അതതു സമൂഹത്തിൽ അതിനിർണായക സ്വാധീനം ചെലുത്തുന്ന മാധ്യമങ്ങളുടെ സ്ഥിതിയെപ്പറ്റി പ്രത്യേകം എടുത്തുപറയേണ്ടതില്ല. ഭരണവർഗ പ്രത്യയശാസ്ത്രവും നയങ്ങളും പ്രതിഫലിപ്പിക്കുന്ന കണ്ണാടികളായി വൻകിട മാധ്യമങ്ങൾ മാറുന്നു എന്നതാണ് വർത്തമാനകാല യാഥാർഥ്യവും അനുഭവവും.

ലണ്ടനിലെ പ്രസിദ്ധിയാർജിച്ച മീഡിയ സ്റ്റാൻഡേർഡ് ട്രസ്റ്റ് എന്ന സ്വകാര്യ മാധ്യമം അടുത്തകാലത്ത് ശാസ്ത്രീയമായ ചില പഠനങ്ങൾ നടത്തുകയുണ്ടായി. മാധ്യമങ്ങളുടെ പ്രവർത്തനരീതി, വാർത്താവിന്യാസം, സാമാന്യ ജനങ്ങളുടെ നിത്യജീവിതം നേരിടുന്ന പ്രശ്നങ്ങളിൽ അവ സ്വീകരിക്കുന്ന നിലപാട് എന്നിവയൊക്കെ ട്രസ്റ്റ് നടത്തിയ പഠനങ്ങളുടെ ഗവേഷണപരിസരങ്ങളായിരുന്നു. ഞെട്ടിപ്പിക്കുന്ന പല വസ്തുതകളും ഈ പഠനം പുറത്തുകൊണ്ടുവന്നു. അവയിൽ പലതും നമ്മുടെ വർത്തമാനകാലത്ത് മാധ്യമങ്ങൾ സ്വീകരിക്കുന്ന ജനവിരുദ്ധതയ്ക്കും അവയെ ഗ്രസിച്ചിരിക്കുന്ന ജീർണതയ്ക്കും അടിവരയിടുന്നതായി.

മാധ്യമങ്ങളിലെ മൂല്യച്യുതി, തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു സംഭവങ്ങളെ തെറ്റായും വളച്ചൊടിച്ചും വക്രീകരിച്ചും റിപ്പോർട്ട് ചെയ്യുക, വ്യക്തിവിരോധം തീർക്കാൻ മാധ്യമങ്ങളെ ദുരുപയോഗിക്കുക, വായനക്കാരെ ഭ്രമിപ്പിക്കുന്ന തരത്തിൽ സംഭവങ്ങളെ അങ്ങേയറ്റം സെൻസേഷണലായി അവതരിപ്പിക്കുക, ജനങ്ങളുടെ സ്വകാര്യതയ്ക്കുമേൽ കടന്നുകയറുക തുടങ്ങിയ കുതന്ത്രങ്ങളിലേക്ക് ബഹുഭൂരിപക്ഷം മാധ്യമങ്ങളും എടുത്തെറിയപ്പെട്ടിരിക്കുന്നു എന്നാണ് ട്രസ്റ്റിന്റെ പഠനങ്ങളിൽ വെളിപ്പെട്ടത്. വർത്തമാനകാലത്തെ മാധ്യമങ്ങളുടെ രീതിശാസ്ത്രം ഇവ്വിധം അധ:പതിച്ചത് ഏവരെയും ആശങ്കയിലാഴ്ത്തും എന്നുറപ്പാണല്ലോ.

മാധ്യമങ്ങളുടെ ഇന്നത്തെ സ്ഥിതിയെപ്പറ്റി ചിന്തിക്കുമ്പോൾ വർത്തമാനകാലത്തെ സാർവദേശീയ പരിസരങ്ങളും ലോകസാമ്പത്തികക്രമവും പരിഗണിച്ചേതീരൂ. 1990കളുടെ തുടക്കത്തിൽ സോവിയറ്റ് യൂണിയന്റെ തകർച്ച അതുവരെ നിലനിന്ന ലോകക്രമത്തിൽ വമ്പിച്ച അട്ടിമറിയാണ് സൃഷ്ടിച്ചത്. ഏഴുപതിറ്റാണ്ടോളം നിലനിന്ന സോവിയറ്റ് യൂണിയനെ തകർക്കാൻ അമേരിക്കൻ സാമ്രാജ്യത്തിന്റെ നേതൃത്വത്തിൽ ലോകമുതലാളിത്തം നിരന്തരം അട്ടിമറിശ്രമങ്ങൾ നടത്തി. ഇതിനൊടുവിലാണ് സോവിയറ്റ് യൂണിയൻ ഗോർബച്ചോവിന്റെ കാലത്ത് തകർന്നത്. ഇതോടെ ലോകക്രമം കീഴ്മേൽ മറിഞ്ഞു. ആഗോളവൽകരണത്തിന്റെ തുടക്കം ഇവിടെനിന്നാണ്. ആഗോ

ളവൽകരണം എന്നാൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആഗോളവ്യാപനവും അതിനുവേണ്ടിയുള്ള അധിനിവേശങ്ങളുമല്ലാതെ മറ്റെന്താണ്? 'സമ്മതികളുടെ നിർമ്മിതി: ബഹുജനമാധ്യമങ്ങളുടെ അർഥശാസ്ത്രം' (Manufacturing Consent: The Political Economy of The Mass Media) എന്ന വിഖ്യാതമായ ഗ്രന്ഥത്തിൽ നോം ചോംസ്കിയും എഡ്വേർഡ് ഹെർമ്മനും ഇക്കാര്യം സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. ■

അധ്യായം-2

# മാധ്യമങ്ങൾ ഇന്ത്യയിൽ

ഇന്ത്യയിലെ അച്ചടി മാധ്യമങ്ങളുടെ ചരിത്രത്തിനു 230 വർഷത്തെ പഴക്കമേയുള്ളു. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ 1780 ജനുവരിയിലാണ് രാജ്യത്തെ ആദ്യത്തെ പത്രം 'ബംഗാൾ ഗസറ്റ്' പ്രസിദ്ധീകരണം തുടങ്ങിയത്. ഇതിനു 'കൽക്കത്ത ജനറൽ അഡ്വർടൈസർ' എന്നും പേരുണ്ടായിരുന്നു. ബംഗാളിലെ സെറംപുർ മിഷൻ പ്രസിൽ അച്ചടിച്ച ഇതിന്റെ ആദ്യപതിപ്പ് 1780 ജനുവരി 29നാണ് പുറത്തിറങ്ങിയത്. ഇംഗ്ലീഷിലിറങ്ങിയ ഇതിന്റെ ചുരുക്കപ്പേരായിരുന്നു ബംഗാൾ ഗസറ്റ് എന്നത്. ബംഗാൾ ഗസറ്റിന്റെ സ്ഥാപകൻ ഇംഗ്ലണ്ടുകാരനായ ജയിംസ് ആഗസ്റ്റ്സ് ഹിക്കിയെ 'ഇന്ത്യൻ വൃത്താന്തപത്രങ്ങളുടെ പിതാവ്' എന്നു വിശേഷിപ്പിച്ചുപോരുന്നു.

1785ൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ ദി മദ്രാസ് കൊറിയർ ആണ് തെക്കേയിന്ത്യയിലെ ആദ്യപത്രം. 1789ലാണ് ബോംബെയിൽ നിന്നുള്ള ആദ്യ പത്രം വെളിച്ചം കണ്ടത്- ബോംബെ ഹെറാൾഡ്. അടുത്തവർഷം ബോംബെ കൊറിയർ എന്ന പത്രം പുറത്തിറങ്ങി. ബോംബെ കൊറിയർ ആണ് പിൽക്കാലത്ത് ടൈംസ് ഓഫ് ഇന്ത്യ എന്നപേരിൽ പ്രസിദ്ധമായത്. ആദ്യത്തെ ഇന്ത്യൻ ഭാഷാപത്രവും ബംഗാളിൽ നിന്നുതന്നെയായിരുന്നു. 1818 മെയ് 23നു ആദ്യപതിപ്പു പുറത്തിറക്കിയ 'സമാചാർ ദർപ്പൺ' ആണിത്.

തുടർന്ന്, 1822 ജൂലൈ ഒന്നിനു ബോംബെയിൽ നിന്നുതന്നെ ആദ്യ ഗുജറാത്തിപത്രം 'ബോംബെ സമാചാർ'

വെളിച്ചം കണ്ടു. ആദ്യ ഹിന്ദി പത്രമായ 'ഊതന്റ് മാർത്താണ്ഡ്' 1826ൽ തുടങ്ങി. 1878 സെപ്തംബർ 20നു ചെന്നൈയിൽനിന്നു ജി സുബ്രഹ്മണ്യ അയ്യർ 'ദ് ഹിന്ദു' പത്രം തുടങ്ങി. പിന്നീട് പത്രങ്ങളുടെ വൻനിരതന്നെ രാജ്യത്ത് പ്രസിദ്ധീകരണം ആരംഭിച്ചു. ഇവയിൽ ഇംഗ്ലീഷും ഇന്ത്യൻ ഭാഷകളായ മറാത്തി, ഗുജറാത്തി, കന്നട, തെലങ്ക്, തമിഴ്, ഒറിയ, ആസാമീസ്, മലയാളം തുടങ്ങിയ ഭാഷാപത്രങ്ങളും ഉൾപ്പെടും. 45 ഇംഗ്ലീഷ് പത്രങ്ങൾ ഉൾപ്പെടെ 225 ഓളം പത്രങ്ങൾ ഇന്ത്യയിൽ ഇന്നു പ്രചാരത്തിലുണ്ട്. ഇവയ്ക്കെല്ലാം കൂടി 99 ദശലക്ഷം കോപ്പികളുമുണ്ട്.

1923 ജൂണിലാണ് ആദ്യ റേഡിയോ സ്റ്റേഷൻ രാജ്യത്ത് സ്ഥാപിച്ചത്. ബോംബെയിലെ റേഡിയോ ക്ലബ്ബ് ആയിരുന്നു അത്. 1926ൽ 'ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് കമ്പനി' എന്നപേരിൽ സ്വകാര്യ മേഖലയിൽ റേഡിയോ പ്രക്ഷേപണം തുടങ്ങാൻ അന്നത്തെ ബ്രിട്ടീഷ് ഇന്ത്യ സർക്കാർ അനുമതി നൽകി. ഈ സ്വകാര്യകമ്പനി ബോംബെയിൽ 1927 ജൂലൈ 23നും കൽക്കട്ടയിൽ ആ വർഷം ഓഗസ്റ്റ് 26നും റേഡിയോ സ്റ്റേഷനുകൾ സ്ഥാപിച്ചു. എന്നാൽ 1930 മാർച്ച് ഒന്നിനു ഈ കമ്പനി ലിക്വിഡേറ്റു ചെയ്തു. ആസ്തി-ബാധ്യതകൾ സർക്കാർ ഏറ്റെടുത്തടുത്തതിനെതുടർന്ന് 'ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ് കാസ്റ്റിങ് സർവീസ്' (ഐഎസ്ബിഎസ്) എന്ന പേരിൽ പരീക്ഷണാടിസ്ഥാനത്തിൽ 1932 മെയ്വരെയുള്ള രണ്ടുവർഷം പ്രക്ഷേപണം നടത്തി. 1932 ജൂൺ എട്ടിനു ഇത് 'ഓൾ ഇന്ത്യ റേഡിയോ' എന്ന പേരു സ്വീകരിച്ചു. 1937ൽ ഓൾ ഇന്ത്യ റേഡിയോ 'ആകാശവാണി' എന്നു പേരു സ്വീകരിച്ചു. മഹാകവി രവീന്ദ്രനാഥ ടാഗോറാണ് ഈ പേരു നിർദേശിച്ചത്. രാജ്യം സ്വാതന്ത്ര്യം നേടുന്നഘട്ടത്തിൽ ഇന്ത്യയിൽ ആറു റേഡിയോ സ്റ്റേഷനുകൾ ഉണ്ടായിരുന്നു. ഡൽഹി, ബോംബെ, കൽക്കട്ട, മദ്രാസ്, ലക്നോ, തിരുച്ചി എന്നിവിടങ്ങളിലായിരുന്നു അവ.

സ്വാതന്ത്ര്യനാന്തരം 1959ൽ ടെലിവിഷൻ സംപ്രേഷണം ഡെൽഹിയിൽനിന്ന് ആരംഭിച്ചു. ടെലിവിഷൻ സംപ്രേഷണത്തിന്റെ കുത്തക ആദ്യഘട്ടത്തിൽ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരുന്നു. ഇതിനായി ദൂരദർശൻ എന്ന കമ്പനിയും പ്രവർത്തിക്കുന്നു. ആകാശവാണിയുടെയും ദൂരദർശന്റെയും പ്രവർത്തനങ്ങൾ നിയന്തിക്കാൻ കേന്ദ്രസർക്കാരിനു കീഴിൽ ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിങ് മന്ത്രാലയവും പ്രവർത്തിക്കുന്നു. ഈ വകുപ്പാണ് രാജ്യത്തെ സ്വകാര്യ ടെലിവിഷൻ ചാനലുകളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നത്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു സംഗതിയുണ്ട്. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഉപോൽപന്നമാണ് ഇന്ത്യയിലെ മാധ്യമങ്ങൾ. സ്വാതന്ത്ര്യപൂർവ ഘട്ടത്തിൽ അവയ്ക്കു പൊതുവായൊരു ലക്ഷ്യമുണ്ടായിരുന്നു- രാജ്യത്തിന്റെ സ്വാതന്ത്ര്യം എന്ന ലക്ഷ്യം. ഈയർഥത്തിൽ പരിശോധിക്കുമ്പോൾ ഇന്ത്യയിലെ മാധ്യമങ്ങൾക്കു മറ്റൊരു സവിശേഷതകൂടി കണ്ടെത്താനാകും. ഇന്ത്യൻ മാധ്യമങ്ങൾ അക്കാലത്ത് ഉയർത്തിപ്പിടിച്ച സാമ്രാജ്യത്വവിരുദ്ധതയാണ് ആ സവിശേഷത. ഇതുപക്ഷേ സ്വാതന്ത്ര്യപ്രാപ്തിയോടെ കൈമോശം വന്നു എന്നത് മറ്റൊരു കാര്യം!

എന്നിരുന്നാലും, പൊതുവെ ഇന്ത്യയിലെ മാധ്യമങ്ങൾ- ആദ്യഘട്ടത്തിൽ അച്ചടി മാധ്യമങ്ങൾ- നാടിന്റെ സ്വാതന്ത്ര്യത്തിനും ജനാധിപത്യാവകാശങ്ങൾക്കും പൗരസ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊണ്ടു എന്നു കാണാൻ വിഷമമില്ല. ഇതിനു ഒരു പരിധിവരെ സഹായിച്ചത്, ജനാധിപത്യസമൂഹത്തിൽ മാധ്യമങ്ങളുടെ പങ്ക് വ്യക്തവും ശക്തവുമായി തിരിച്ചറിഞ്ഞ മഹാത്മാഗാന്ധിയുടെ സവിശേഷമായ ഇടപെടലായിരുന്നു. യങ് ഇന്ത്യ, നവജീവൻ, ഹരിജൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ ഗാന്ധിജി നടത്തിയ ദേശസ്നേഹപ്രചോദിതമായ പ്രചാരണം, സ്വാതന്ത്ര്യം നേടേണ്ടതിന്റെ ആവശ്യകതയെയും അതിനു സ്വീകരിക്കേണ്ട മാർഗങ്ങളെയും കുറിച്ച് നിരന്തരം ജനങ്ങളെ ബോധവൽകരിച്ചുകൊണ്ടിരുന്നു.

മറ്റൊരർഥത്തിൽ, ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ചൂടുംചൂരും ഏറ്റുവാങ്ങിയാണ് ഇന്ത്യയിൽ പത്രങ്ങൾ വളർന്നുവന്നത്. സ്വാതന്ത്ര്യപൂർവകാലത്ത് ഇന്ത്യൻ പത്രങ്ങൾക്കു ജനങ്ങളുടെ വിശ്വാസ്യത ഏറെ ആർജിക്കാൻ കഴിഞ്ഞത് ഇക്കാരണത്താലാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് ഇന്ത്യയിലെ വിവിധ നാട്ടുരാജ്യങ്ങളിൽ ഉയർന്നുവന്ന നവോത്ഥാനപ്രസ്ഥാനങ്ങളാണ് യഥാർഥത്തിൽ രാജ്യത്ത് സ്വാതന്ത്ര്യാഭിലാഷം വളർത്തുന്നതിനുള്ള വിത്തുകൾ പാകിയത്. ഈ പൈതൃകം ഏറ്റുവാങ്ങി വിവിധ ദേശങ്ങളിൽ വ്യത്യസ്തരൂപത്തിൽ നാടിന്റെ മോചനം ലക്ഷ്യമായി പ്രഖ്യാപിച്ച് ഒട്ടേറെ സംഘടനകൾ രൂപംകൊള്ളുകയും വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു.

ദേശീയസ്വാതന്ത്ര്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാണ് രൂപംകൊണ്ട നാൾമുതൽ പത്രങ്ങളും ശ്രമിച്ചുപോന്നത്. അവയിൽ ഭാഷാപത്രങ്ങളെന്നോ ദേശീയപത്രങ്ങളെന്നോ ഉള്ള വ്യത്യാസമേ

പ്രകടമല്ലായിരുന്നു. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അഭിനിവേശം രാജ്യത്ത് വളർത്തുന്നതിനും അതിനെ ഇന്ത്യക്കാരുടെ ഹൃദയവികാരമായി നിലനിർത്തുന്നതിനും നമ്മുടെ പത്രങ്ങൾ വഹിച്ചിട്ടുള്ള പങ്ക് ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ചരിത്രവുമായി അഭേദ്യമാംവിധം ഇഴചേർന്നിരിക്കുന്നു എന്നർഥം. ■

അധ്യായം–3

# മാധ്യമങ്ങൾ കേരളത്തിൽ

**ജ**ർമൻകാരനും ഭാഷാപണ്ഡിതനുമായ ഡോ. ഹെർമൻ ഗുണ്ടർട്ട് (1814–1898) തുടങ്ങിയ 'രാജ്യസമാചാരം' ആണ് ആദ്യ മലയാള പത്രം. പുരോഹിതനായിരുന്ന അദ്ദേഹം മിഷണറി പ്രവർത്തനത്തിന്റെ ഭാഗമായി തലശേരിയിലെ ഇല്ലിക്കുന്നിൽ താമസിച്ചുവരവെ, 1847 ജൂണിലാണ് രാജ്യസമാചാരം ആരംഭിച്ചത്. ഇല്ലിക്കുന്നിലെ ബാസൽ പള്ളിയോടു ചേർന്നുണ്ടായിരുന്ന കല്ലച്ചിലായിരുന്നു മലയാളത്തിന്റെ ആദ്യപത്രത്തിന്റെ 'പിറവി.'

ഹെർമൻ ഗുണ്ടർട്ടിന്റെ ശിഷ്യൻ എഫ് മുള്ളറുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ 'പശ്ചിമോദയം' ആണ് മലയാളത്തിലെ രണ്ടാമത്തെ പത്രം. രാജ്യസമാചാരം ക്രൈസ്തവിശ്വാസം പ്രചരിപ്പിക്കുന്നതിനു ഊന്നൽ നൽകിയപ്പോൾ പശ്ചിമോദയം കുറേക്കൂടി വ്യത്യസ്തത പുലർത്തുകയും പൊതുകാര്യപ്രസക്തിയുള്ള ഉള്ളടക്കത്താൽ ശ്രദ്ധിക്കപ്പെടുകയും ഉണ്ടായി. ക്രൈസ്തപുരോഹിതർ മുൻകൈയെടുത്തു പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപം, വിദ്യാസംഗ്രഹം തുടങ്ങിയ മാസികകളും പിന്നീടു വെളിച്ചംകണ്ടു.

എന്നാൽ, മലയാളത്തിലെ ആദ്യ വാർത്താപത്രം അഥവാ, വൃത്താന്തപത്രം 1866ൽ കൊച്ചിയിൽനിന്നു പുറത്തുവന്ന 'വെസ്റ്റേൺസ്റ്റാർ' എന്ന ഇംഗ്ലീഷ് പത്രമാണ്. തൊട്ടുപിന്നാലെ ആദ്യ മലയാള ദിനപത്രം 'പശ്ചിമതാരക'യും അതേതുടർന്ന് കേരളപതാക, സന്ദിഷ്ടവാദി, സത്യനാദകാഹളം, നസ്രാണി ദീപിക (ഇന്നത്തെ

ദീപിക പത്രം) തുടങ്ങിയവയും പ്രചരിച്ചുതുടങ്ങി. 1887 ഏപ്രിൽ 15നു ഇന്നത്തെ പത്തനംതിട്ട ജില്ലയിലെ മാന്നാനത്തു നിന്നാണ് നസ്രാണി ദീപിക പുറത്തിറങ്ങിയത്.

പിന്നീട് കേരളമിത്രം, മലയാള മനോരമ, സ്വദേശാഭിമാനി, കേസരി, മാതൃഭൂമി, പ്രഭാതം, ദേശാഭിമാനി, ജനയുഗം, കൗമുദി, കേരളകൗമുദി, ചന്ദ്രിക, മംഗളം, മാധ്യമം, സിറാജ്, തേജസ് തുടങ്ങിയ പത്രങ്ങളും പ്രസിദ്ധീകരിച്ചു തുടങ്ങി.

രാജ്യത്തിന്റെ മറ്റേതു പ്രദേശത്തെ അപേക്ഷിച്ച് സാക്ഷരതയിൽ ഏറെ മുന്നിലാണെല്ലോ കേരളം. അച്ചടി മാധ്യമങ്ങൾ പ്രചുരപ്രചാരം നേടിയതിനു കേരളത്തിന്റെ സവിശേഷമായ ഈയൊരു പശ്ചാത്തലം ഒട്ടൊന്നുമല്ല സഹായിച്ചത്. ഇതിനൊരു മറുവശം കൂടിയുണ്ട്. സ്വാതന്ത്ര്യപൂർവഘട്ടത്തിൽ, വിശേഷിച്ച് 20-ാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കേരളത്തിലെ മാധ്യമങ്ങൾക്കു രണ്ടു ധാരകളുണ്ടായിരുന്നു. ബ്രിട്ടീഷ് മേൽക്കോയ്മയെ അംഗീകരിക്കുന്നവയും അതിനെ നഖശിഖാന്തം എതിർത്ത് രാജ്യം സ്വാതന്ത്ര്യത്തിന്റെ പുതിയ പുലരിയിലേക്കു നീങ്ങണം എന്നാഗ്രഹിച്ചവയും.

പ്രത്യക്ഷത്തിൽ നാടിനോടു കൂറ് പുലർത്തുന്നു എന്നു നടിക്കുകയും ഉള്ളടക്കത്തിൽ ബ്രിട്ടീഷ് കോളനിവാഴ്ചയ്ക്കു വിടുപണി ചെയ്യുകയുമായിരുന്നു ആദ്യഗണത്തിലെ പത്രങ്ങൾ. മലയാളമനോരമ, ദീപിക എന്നിവ ഈ ശ്രേണിയിൽ വരും. ദീപികയ്ക്കു വത്തിക്കാനോടായിരുന്നു പ്രതിപത്തി കൂടുതൽ. അത്തരമൊരു പത്രം ബ്രിട്ടീഷ് കോളനിവാഴ്ചയെ പിന്താങ്ങിയില്ലെങ്കിലേ അത്ഭുതത്തിനു അവകാശമുള്ളൂ. മലയാളമനോരയും ഈ ദിശയിൽതന്നെ നീങ്ങി.

മറുവശത്ത്, ഒരുപറ്റം പത്രങ്ങൾ ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിൽ ആവേശം കൊള്ളുകയും നാടിന്റെ മോചനം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു ഊർജം പകരുകയും ചെയ്തു. കെ പി കേശവമേനോൻ തുടങ്ങിയ മാതൃഭൂമി ഈ ഗണത്തിൽ അന്നു എന്തുകൊണ്ടും സവിശേഷമായ സ്ഥാനം നേടുകതന്നെ ചെയ്തു. കേസരി ബാലകൃഷ്ണപിള്ള തുടങ്ങിയ കേസരി, ഇഎംഎസ് മുൻകൈയെടുത്തു ഷൊർണൂരിൽനിന്നു തുടങ്ങിയ പ്രഭാതം, കോഴിക്കോടുനിന്നു ആരംഭിച്ച ദേശാഭിമാനി എന്നിവയും അവിഭക്ത കമ്യൂണിസ്റ്റ്പാർട്ടി കൊല്ലത്തുനിന്നു ആരംഭിച്ച ജനയുഗവും രണ്ടാമത്തെ ഗണത്തിലുൾപ്പെടും. അതിപ്രധാനവും ചരിത്രപരവുമായ സ്ഥാനം ഇവ അലങ്കരിച്ചു.

ഇവയ്ക്കെല്ലാം പുറമെ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ ഒട്ടേറെ പ്രസിദ്ധീകരണങ്ങളും സ്വാതന്ത്ര്യപ്രക്ഷോ

ഭത്തിനു ആവേശം പകർന്നു പ്രചരിച്ചിരുന്നു.

20–ാം നൂറ്റാണ്ടിന്റെ മുപ്പതുകളിലേക്ക് രാജ്യം കടന്നെത്തിയത് സ്വാതന്ത്ര്യമോഹികളുടെ ആവേശകരവും ഉജ്വലവുമായ പ്രക്ഷോഭത്തിന്റെ തീച്ചൂളയിലേക്കായിരുന്നു. നിസ്സഹകരണപ്രസ്ഥാനം, ദണ്ഡിയാത്ര, ഉപ്പുസത്യഗ്രഹം തുടങ്ങി എണ്ണമറ്റ സമരങ്ങൾ അക്കാലത്ത് ദേശവ്യാപകമായി സ്വാതന്ത്ര്യസമരത്തെ ജ്വലിപ്പിച്ചു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യമായ ബ്രിട്ടന്റെ ഇന്ത്യൻ മേൽക്കോയ്മ അവസാനിപ്പിക്കാൻ നിരവധിയായ ജനകീയപ്രക്ഷോഭങ്ങൾക്കു രാജ്യം സാക്ഷ്യം വഹിച്ച നാളുകളായിരുന്നു അത്.

രാജ്യമാകെ സ്വാതന്ത്ര്യത്തിന്റെ പുതിയ പ്രഭാതത്തിലേക്കു നീങ്ങാൻ വെമ്പൽകൊണ്ട ആ ഘട്ടത്തിലും ബ്രിട്ടനെ പിന്തുണച്ച് ഇവിടെ മലയാളമനോരമ, ദീപിക ഉൾപ്പെടെ ചില പത്രങ്ങൾ നിലകൊണ്ടു എന്നത് നിസാരമായി കാണേണ്ടതില്ല. പിൽക്കാലത്തു കാട്ടാനിരുന്ന അങ്ങേയറ്റം അപകടകരമായ രാഷ്ട്രീയവൈകൃതങ്ങളുടെ ഡ്രസ് റിഹേഴ്സലായിരുന്നു അതെന്നുമാത്രമേ ഇപ്പോൾ സൂചിപ്പിക്കുന്നുള്ളു.

സ്വാതന്ത്യലബ്ധിയോടെ പത്രങ്ങളുടെ രാഷ്ട്രീയകാഴ്ചപ്പാട് ക്രമാനുഗതമായി മാറിക്കൊണ്ടിരുന്നു. ഭാഷാടിസ്ഥാനത്തിൽ ഐക്യകേരളം രുപീകരിക്കപ്പെട്ടത് ഇവിടുത്തെ രാഷ്ട്രീയാന്തരീക്ഷത്തിലും വലിയ മാറ്റമുണ്ടാക്കി. സംസ്ഥാനരൂപീകരണത്തിനു മുമ്പുതന്നെ ശക്തിയാർജിച്ചിരുന്ന കമ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ ബഹുജനപിന്തുണയുള്ള കക്ഷിയായി വളർന്നുകൊണ്ടിരുന്നു. ഐക്യകേരള രൂപീകരണത്തിനു മുമ്പുതന്നെ കമ്യുണിസ്റ്റ് പാർട്ടിയെ ഭരണകൂടവും ജന്മി–ഭൂപ്രഭു വർഗവും അവരുടെ ഗുണ്ടാപ്പടയും നിരന്തരം വേട്ടയാടി. ഇതിന്റെ ഫലമായി പാർട്ടിക്കു നിരവധി പ്രവർത്തകരെ ബലികൊടുക്കേണ്ടിവന്നു.

ഈ ആക്രമണത്തിന്റെ ഉയർന്നരൂപമായിരുന്നു 1957ൽ ബാലറ്റ് യുദ്ധത്തിലൂടെ കേരളത്തിൽ അധികാരത്തിൽവന്ന ഇഎംഎസ് സർക്കാരിന്റെ താഴെയിറക്കാൻ നടന്ന കുപ്രസിദ്ധമായ വിമോചനസമരം. കേവലമൊരു സർക്കാരിനെ താഴെയിറക്കാൻ നടന്ന പ്രക്ഷോഭമായിരുന്നില്ല ഇത്. മറിച്ച്, കേരളത്തെ പുതിയൊരു രാഷ്ട്രീയ–സാമ്പത്തിക ചാലിലൂടെ നയിക്കാനുള്ള രാഷ്ട്രീയശ്രമങ്ങൾക്കും അതിനു പൂരകമായ പുരോഗമന വികസനനയങ്ങൾക്കും എതിരെ നടന്ന അട്ടിമറി ശ്രമമായിരുന്നു അതെന്നു കാണുന്നതിൽ തെറ്റില്ല.

ആധുനിക കേരളം പിറവികൊണ്ടത് നൂറ്റാണ്ടുകളായി ക്രമാനുഗതമായി വളർന്നുവന്ന സാമൂഹ്യ പരിവർത്തനത്തിന്റെ ഫലമായിട്ടാണ്. ഇതിന്റെ ഉയർന്നരൂപങ്ങളായിരുന്നു 19–ാം നൂറ്റാണ്ടിന്റെ അവസാ

നത്തോടെ രൂപംകൊണ്ട നവോത്ഥാനപ്രസ്ഥാനങ്ങൾ. കേരളം പിന്നീട് സാക്ഷ്യംവഹിച്ച സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കു ബീജവാപം ചെയ്തത് നവോത്ഥാനപ്രസ്ഥാനങ്ങളാണ്. നവോത്ഥാനപ്രസ്ഥാനങ്ങളുടെയും പിൽക്കാലത്ത് രൂപംകൊണ്ട സാമൂഹ്യ-രാഷ്ട്രീയ സംഘടനകളുടെയും മുദ്രാവാക്യത്തിന്റെ പൊതുരൂപം ഇതായിരുന്നു:

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വിഘടിച്ചു കിടന്ന, മലയാളഭാഷ സംസാരിക്കുന്ന ജനത അധിവസിക്കുന്ന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ഐക്യകേരളം രൂപീകരിക്കുക.

ഈ ലക്ഷ്യത്തോടെ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചതിന്റെ ഗുണഫലമായിരുന്നു '57ലെ ആദ്യ തെരഞ്ഞെടുപ്പിൽ കേരളത്തിൽ കമ്യൂണിസ്റ്റ് പാർടി നേടിയ വിജയം. ജനാഭിലാഷത്തിനൊത്തവിധം ഭരണം നയിച്ച അന്നത്തെ സർക്കാരിനെ താഴെയിറക്കാൻ ജാതി-മത സംഘടനകൾ ഒന്നിച്ചു നടത്തിയ വിമോചനസമരത്തിൽ ഒരുപറ്റം മാധ്യമങ്ങൾ വഹിച്ച പങ്ക് പലരും പിൽക്കാലത്ത് പഠനവിധേയമാക്കി. കേരളത്തിന്റെ മാധ്യമചരിത്രം തേടുന്ന ഏതൊരാൾക്കും അത്ര പെട്ടെന്നു ഉൾക്കൊള്ളാനാവുന്നതല്ല വിമോചന സമരനാളുകളിലെ പത്രങ്ങളുടെ പൊയ്മുഖം. അത്രമേൽ ജുഗുപ്സാവഹമായിരുന്നു അവയുടെ വാർത്താവിന്യാസരീതി.

കേരളത്തിന്റെ പുരോഗതിയിൽ ഇടതുപക്ഷം വഹിച്ച പങ്ക് എന്തെന്നു വിലയിരുത്തുമ്പോൾ ഇക്കാര്യംകൂടി പരിഗണിക്കേണ്ടി വരിക സ്വാഭാവികം. ■

അധ്യായം-4

# മാധ്യമങ്ങളുടെ സ്വാധീനം

ഇരുപത്തിയെട്ടു സംസ്ഥാനങ്ങൾ കൂടിച്ചേരുന്ന ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ചെലുത്താത്ത സ്വാധീനമാണ് മാധ്യമങ്ങൾക്കു കേരളത്തിലുള്ളത്. ഇതിൽ അച്ചടിമാധ്യമെന്നോ ദൃശ്യമാധ്യമമെന്നോ ശ്രാവ്യമാധ്യമമെന്നോ വ്യത്യാസമില്ല. മാധ്യമങ്ങൾ വൻതോതിൽ സ്വാധീനംചെലുത്തുന്ന ഭൂമികയാണ് കേരളം എന്നർഥം. രജിസ്ട്രാർ ഫോർ ന്യൂസ് പേപ്പേഴ്സ് ഫോർ ഇന്ത്യയുടെ ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം ഇന്ത്യയിൽ ഒരുലക്ഷംപേർക്കു ശരാശരി 1300 കോപ്പി പത്രം അച്ചടിക്കുന്നു. കേരളത്തിലാകട്ടെ, രണ്ടരഡസനോളം പത്രങ്ങളുടെ 42 ലക്ഷം കോപ്പികൾ വിതരണം ചെയ്യപ്പെടുന്നു. സമൂഹത്തിലെ താഴേതട്ടിലുള്ള ഏതു സാധാരണക്കാരനും പത്രങ്ങൾ അപ്രാപ്യമല്ല എന്നർഥം.

പണ്ടൊക്കെ റേഡിയോയ്ക്കു സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇന്ന് ആ സ്ഥാനം ദൃശ്യമാധ്യമങ്ങൾ എന്നു പൊതുവെ വിവക്ഷിക്കുന്ന ടിവി ചാനലുകൾ കൈയ്യടക്കി. കേരളത്തിൽ ഇതുസംബന്ധിച്ച കണക്കുകൾ ആരുടെയും നെറ്റിചുളിക്കും. ഒമ്പത് സ്വകാര്യകമ്പനികളുടെ നിയന്ത്രണത്തിലുള്ള 15 ചാനലുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ആറ് വാർത്താചാനലുകളും ഇവിടെയുണ്ട്. കൈരളി പീപ്പിൾസ്, മനോരമ ന്യൂസ്, ഏഷ്യാനെറ്റ് ന്യൂസ്, ഇന്ത്യാവിഷൻ, റിപ്പോർട്ടർ, ജയ്ഹിന്ദ് എന്നിവയാണ് വാർത്താചാനലുകൾ. ഇവയ്ക്കുപുറമെ ഡസൻകണക്കിനു

പ്രാദേശികചാനലുകൾ കേരളത്തിൽ ഉടനീളം പ്രവർത്തനശൃംഖല സ്ഥാപിച്ചിട്ടുണ്ട്.

ദിനപത്രം, മധ്യാഹ്ന-സായാഹ്ന പത്രങ്ങൾ എന്നിവ വാങ്ങാൻ കേരളീയർ ഒരുവർഷം ശരാശരി 440 കോടി രൂപ ചെലവിടുന്നു. കേബിൾ ടിവി വരിസംഖ്യയായി 490 കോടിയും. 71.5 ലക്ഷം കുടുംബങ്ങളുള്ള കേരളത്തിൽ 54 ലക്ഷം വീടുകളിലും ടിവി ഉണ്ട്. ഇവയിൽ 36 ലക്ഷം വീടുകൾക്ക് കേബിൾ കണക്ഷനുമുണ്ട്. മൊബൈൽ ഫോൺ സേവനദാതാക്കളുടെ കണക്കുപ്രകാരം 1800-2000 കോടിരൂപവരെ പ്രതിവർഷം മലയാളികൾ മൊബൈൽഫോണിനു ചെലവിടുന്നു. മറ്റൊരർഥത്തിൽ പത്രത്തിനു ഒറ്റദിവസം ഒരുകോടി 20 ലക്ഷംരൂപയും മൊബൈൽഫോണിന് ഒരുദിവസം 5.35 കോടി രൂപയും മലയാളികൾ ചെലവാക്കുന്നു.

ഇതു കേരളത്തിന്റെ മാത്രം ആധുനിക മാധ്യമാനുഭവം. മൂന്നാം ലോകരാജ്യങ്ങളിൽ മുന്നിൽനിൽക്കുന്ന ഇന്ത്യയുടെ ഭാഗംമാത്രമായ ഒരുകൊച്ചു സംസ്ഥാനമാണ് കേരളം. മൂന്നരക്കോടി ജനങ്ങൾ ഉള്ള കേരളത്തിൽ ഒരു കോടിയിലേറെപ്പേർ ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലും ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലുമായി ജോലിയെടുക്കുന്നു. രണ്ടരക്കോടിയോളം പേരാണ് ഇപ്പോൾ കേരളത്തിൽ അധിവസിക്കുന്നത്. വികസനത്തിന്റെ ഏതളവുകോൽ വച്ചു നോക്കുമ്പോഴും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നു അടിസ്ഥാനപരമായി വേറിട്ടുനിൽക്കുന്നു കേരളം. സാമ്പത്തികവളർച്ച, രാഷ്ട്രീയാവബോധം, ഭരണസ്ഥിരത, വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ അസൂയാവഹമായ വളർച്ച, സ്ത്രീശാക്തീകരണത്തിലും അധികാരവികേന്ദ്രീകരണത്തിലും നേടിയ ഉജ്വലമായ മുന്നേറ്റം, ഇതിനെല്ലാം അടിത്തറപാകിയ ഉയർന്ന സാക്ഷരത- ഇതൊക്കെ കേരളത്തിന്റെ മാത്രം സവിശേഷതകളായി പരിലസിക്കുന്നു.

ഇതിനൊപ്പമാണ്, മാധ്യമങ്ങൾ-അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം. എന്താണിതിനർഥം? കേരളം മാധ്യമങ്ങൾക്കു അതിവേഗം കീഴ്പ്പെടുന്നു എന്നല്ലേ? വാർത്താവിസ്ഫോടനം എന്നൊക്കെ പറയാവുന്നതരത്തിൽ, കേരളത്തിൽ നിരന്തരം മാധ്യമങ്ങളുടെ ഇടപെടലിലൂടെ വാർത്തകൾ 'സംഭവിച്ചു'കൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യയിൽ അനുനിമിഷം ഉണ്ടാകുന്ന കുതിച്ചുകയറ്റം ഏറ്റവുമാദ്യം പരീക്ഷിക്കപ്പെടുന്നത് മാധ്യമമേഖലയിലാണ്. ഇത്തരം സാങ്കേതികവിദ്യയുടെ അകമ്പടിയോടെ, കണ്ണഞ്ചിപ്പിക്കുന്ന വാർത്താവിന്യാസരീതിയാണ്, അഥവാ വാർത്താസംപ്രേക്ഷണ രീതിയാണ് അച്ചടി-ദൃശ്യമാധ്യമങ്ങൾ നമ്മുടെ നാട്ടിൽ പൊതുവിൽ സ്വീ

കരിച്ചുവരുന്നത്.

ശാസ്ത്ര-സാങ്കേതികശാസ്ത്ര രംഗങ്ങളിൽ അഭൂതപൂർവമായ കുതിച്ചുകയറ്റത്തിന്റെ കാലമാണല്ലോ ഇത്. കംപ്യൂട്ടറും ഇന്റർനെറ്റും മൊബൈൽഫോണും പ്രചുരപ്രചാരം നേടിയ രണ്ടു പതിറ്റാണ്ടുകളാണ് കടന്നുപോയത്. അച്ചടിമാധ്യമങ്ങൾക്കൊപ്പം ഇവകൂടി കടന്നുവന്നതോടെ ലോകം മാധ്യമങ്ങൾക്കു പൂർണമായി അടിപ്പെട്ടു എന്നുപറയുന്നതിൽ തെറ്റില്ല. സാക്ഷരതയിലും സാമ്പത്തികവളർച്ചയിലും തൊഴിൽലഭ്യതയിലും വരുമാനത്തിലും മുന്നിൽനിൽക്കുന്ന കേരളം മാധ്യമങ്ങളുടെ പിടിയിൽ അമർന്നതിനു ഈയൊരു പശ്ചാത്തലം ഒട്ടൊന്നുമല്ല കാരണമായത്. സ്വാതന്ത്ര്യപൂർവഘട്ടത്തിൽ തുടങ്ങിയ മാധ്യമങ്ങളുടെ 'ഇടപെടൽ പ്രക്രിയ', സാങ്കേതികവിദ്യയുടെ കുതിച്ചുകയറ്റം സംഭവിക്കുന്ന ഇന്നത്തെ കാലത്ത് കേരളത്തിലും അതിശക്തമായി തുടരുന്നു.

മാധ്യമങ്ങളുടെ ഇന്നത്തെ 'രീതിശാസ്ത്രം' പലകോണുകളിൽ നിന്ന് വിമർശനബുദ്ധ്യാ പഠനവിധേമായിട്ടുണ്ട്. അത്തരം പഠനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. മാധ്യമങ്ങൾ പൊതുമണ്ഡലത്തിൽ ഇടപെടുന്നതിനോ പൊതുബോധം സൃഷ്ടിക്കുന്നതിനോ അതിനായി പൊതുജനാഭിപ്രായം സ്വാംശീകരിക്കുന്നതിനോ ആരും എതിരുനിൽക്കുകയില്ല. മറിച്ച്, അത്തരം പ്രവൃത്തികളെ ശ്ലാഘിക്കുകയും ചെയ്യും. എന്നാൽ നമ്മുടെ മുന്നിലുള്ള പ്രധാനപ്രശ്നം ഇതാണ്:

കേരളത്തിലെ മാധ്യമങ്ങൾ, പൊതുവിൽ, സ്വീകരിക്കുന്ന നിലപാടും വാർത്താവിന്യാസരീതിയും നിഷ്പക്ഷവും നീതിപൂർവകവുമാണോ? അനുഭവത്തിന്റെ വെളിച്ചത്തിൽ ഉറപ്പിച്ചുപറയാനാകും- മാധ്യമങ്ങളുടെ രീതിശാസ്ത്രം സർഗാത്മകമോ ക്രിയാത്മകമോ അല്ല. മറിച്ച്, അത് അങ്ങേയറ്റം അപകടകരവും പക്ഷപാതിത്വം നിറഞ്ഞതും ചിലഘട്ടങ്ങളിൽ ദുരൂഹവും മറ്റുചിലപ്പോൾ ജുഗുപ്സാവഹവുമാണ്.

എന്തുകൊണ്ട് ഇങ്ങനെ? ഉത്തരം ഒന്നേയുള്ളു: മാധ്യമങ്ങളിൽ മുഖ്യപങ്കിന്റെയും ഉടമസ്ഥതയും നിയന്ത്രണാധികാരവും കുത്തക മുതലാളിമാർക്കോ കോർപ്പറേറ്റ് മൂലധനശക്തികൾക്കോ ആണ്. സ്വാഭാവികമായും ഇക്കൂട്ടർക്ക് ഭരണവർഗനയങ്ങളും നിലപാടുകളും ഉയർത്തിപ്പിടിക്കേണ്ടിവരും. അതായത്, ആഗോളവൽക്കരണത്തിന്റേതായ ഇന്നത്തെകാലത്ത് ഭരണവർഗനയങ്ങളുടെ വക്താക്കളും സംരക്ഷകരുമാണ് മാധ്യമങ്ങളിൽ ഭൂരിപക്ഷത്തിന്റേയും ഉടമസ്ഥർ. രണ്ടുകൂട്ടരുടെയും നയങ്ങൾ അല്ലെങ്കിൽ താൽപര്യങ്ങൾ ഒന്നാണ് എന്നതിനാൽ, മാധ്യമമുതലാളിമാർക്ക് പഥ്യം ഭരണവർഗാനുകൂല നില

പാട് ഉയർത്തിപ്പിടിക്കുക എന്നതുമാത്രമാണ്.

ഇതിന്റെ ഫലമായി, കേരളത്തിൽ 'വാർത്താവിവാദ വ്യവസായം' എന്നനിലയിൽ മാധ്യമങ്ങളുടെ ഇടപെടൽ പക്ഷപാതപരമായി മാറി ക്കൊണ്ടിരിക്കുന്നു. ഭരണവർഗങ്ങൾ വലതുപക്ഷ രാഷ്ട്രീയം കൈ കാര്യം ചെയ്യുന്നു എന്നതിനാൽ, അവരെ പിന്തുണയ്ക്കുന്ന മുഖ്യ ധാരാമാധ്യമങ്ങൾ തങ്ങളുടെ ആക്രമണത്തിന്റെ കുന്തമുന തിരിച്ചു വയ്ക്കുന്നത് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കുനേരെയും അവർ ന യിക്കുന്ന ഇടതുപക്ഷ-ജനാധിപത്യ നിരയ്ക്കുനേരെയുമാണ്.

മഹാത്മാഗാന്ധിയുടെ പ്രസിദ്ധമായ ഒരു ഉദ്ധരണി ഇവിടെ പ്ര സക്തമാണ്.

'ഓരോ ചുവടുവയ്പിലും ശരിയായി തോന്നിയതു സ്വീകരിക്കു കയും മറിച്ചുള്ളതു തള്ളിക്കളയുകയും ചെയ്തുകൊണ്ടാണ് ഞാൻ പ്രവർത്തിച്ചുപോന്നിട്ടുള്ളത്. എന്റെ പ്രവൃത്തികൾ ബുദ്ധിക്കും ഹൃദ യത്തിനും തൃപ്തികരമായിരിക്കുന്നിടത്തോളം കാലം അവയ്ക്കാധാ രമായ ആദ്യത്തെ നിഗമനങ്ങളിൽ ഞാൻ അടിയുറച്ചുനിൽക്കണം.' (മഹാത്മാഗാന്ധി: എന്റെ സത്യാന്വേഷണകഥ ആമുഖം).

ഗാന്ധിജിയുടെ വാക്കുകൾ ഓർമിച്ചുകൊണ്ട് നമുക്കു ചോദിക്കാ നാകും:

കേരളത്തിലെ മാധ്യമങ്ങൾ ഇന്നു ചെയ്യുന്നത് ആദർശനിഷ്ഠവും സക്രിയവുമായ സദ്പ്രവൃത്തിയാണോ? അല്ല എന്നാരും മറുപടി പ റയും. കാരണം അത്രമേൽ ഭീകരമാണ് മാധ്യമങ്ങൾ ഇന്നിവിടെ സൃ ഷ്ടിച്ചുകൊണ്ടിരിക്കുന്ന അനുഭവപരിസരം. ■

അധ്യായം-5

# ഐക്യകേരളപ്പിറവി

**ലോ**കത്തിലെ ഏതു ജനസമൂഹത്തിലും എന്നപോലെ, കേരളീയ സമൂഹത്തിലും പ്രാരംഭഘട്ടംമുതൽ പരിവർത്തനങ്ങൾക്കു പ്രേരകമായി ചില അടിസ്ഥാനഘടകങ്ങൾ രാസത്വരകമായി പ്രവർത്തിച്ചുപോന്നു. 'കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം' എന്ന കൃതിയിൽ പി ഗോവിന്ദപിള്ള എഴുതുന്നു:

'ഏതു ജൈവപ്രതിഭാസത്തിന്റെയും എന്നപോലെ മനുഷ്യസമൂഹങ്ങളുടെ പരിവർത്തനത്തിനും അടിസ്ഥാനപ്രേരകം ആന്തരികഘടകങ്ങൾ തന്നെയാണ്. ആന്തരികഘടകങ്ങൾ തമ്മിലുള്ള സംഘർഷവും സംഘട്ടനവും ആണ് പരിവർത്തനങ്ങൾക്കു പ്രചോദനം നൽകുന്നത്. എന്നാൽ, ഈ ആന്തരികഘടകങ്ങളുടെ ചലനങ്ങളെ മന്ദീഭവിപ്പിക്കുകയും ത്വരിതപ്പെടുത്തുകയും എല്ലാം ചെയ്യുന്നതിൽ ബാഹ്യഘടകങ്ങൾക്കും പങ്കുണ്ട്...' (അധ്യായം നാല്-കൊളോണിയൽ വാഴ്ചയും സാമൂഹ്യ മാറ്റവും).

ഈ മാറ്റങ്ങളിൽ ചിലതിനെക്കുറിച്ച് ഇ എം എസ് വിവരിക്കുന്നതിങ്ങനെ:

'ബ്രിട്ടീഷ് ഭരണം വരുന്നതുവരെ ഇവിടെ ഇല്ലാതിരുന്ന പല പുതിയ ജനവിഭാഗങ്ങളും വളർന്നുവന്നിട്ടുണ്ട്. മുമ്പുണ്ടായിരുന്നവരുടെതന്നെ പ്രവൃത്തിസ്വഭാവവും അവർക്കു നാട്ടുകാരോടുള്ള ബന്ധവും മാറിയിട്ടുണ്ട്. വാസ്തവം പറയുകയാണെങ്കിൽ, നമ്മുടെ സാമൂഹ്യഘടനയാകെ മാറിമറിഞ്ഞ് ആളുകൾ തമ്മിൽത്തമ്മിലുള്ള

ബന്ധം മുഴുവൻ കടപുഴകിയിട്ടുണ്ട്...' (ഇ എം എസ് സമ്പൂർണകൃതികൾ, സഞ്ചിക 9 പേജ് 214).

രണ്ട് ഉദ്ധരണികളിൽനിന്നും വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. സ്വാതന്ത്ര്യപൂർവഘട്ടത്തിൽ അതായത്, ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചക്കാലത്ത്, രാജ്യത്തെ മറ്റെല്ലായിടത്തെയും എന്നപോലെ, കേരളത്തിലും ക്രമാനുഗതമായ സാമൂഹ്യപരിവർത്തനം ഉണ്ടായി. അതിന് പ്രേരകമായി ചിലഘടകങ്ങളും ഇവിടെ പ്രവർത്തിച്ചുവന്നു. ഈ മാറ്റങ്ങൾ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ഐക്യകേരളപ്പിറവിക്കുമുമ്പും ശക്തമായ സംഘട്ടനങ്ങളിലും സംഘർഷങ്ങളിലും കലാശിച്ചു. ഐക്യകേരള രൂപീകരണത്തിന് ഈ ഘടകങ്ങൾ എല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റിവച്ചു യോജിച്ചിരുന്നു എന്ന വസ്തുതയും വിസ്മരിക്കാവതല്ല. ആ ലക്ഷ്യം സാധിച്ചതോടെ, അതിനായി വേണ്ടിമാത്രം ഒന്നിച്ച ഈ പ്രേരകഘടകങ്ങൾ പിന്നീട് അവരുടെ വഴിക്കു പിരിയുകയും ചെയ്തു. ഈ പ്രേരകഘടകങ്ങളിൽ വാസ്തവത്തിൽ ചില ബാഹ്യഘടകങ്ങളും ഉണ്ടായിരുന്നു എന്നുകാണാം. ഇവയിൽ പ്രധാനം അന്നത്തെ പ്രമുഖ അച്ചടിമാധ്യമങ്ങൾ അഥവ, വർത്തമാനപത്രങ്ങൾ തന്നെയായിരുന്നു.

വർത്തമാനകാലത്ത് കേരളത്തിൽ ഉയർന്നുവരുന്ന വിവിധ വിഷയങ്ങളിലും പ്രശ്നങ്ങളിലും മുഖ്യധാരാ മാധ്യമങ്ങളുടെ 'ഇടപെടലിന്റെ രീതിശാസ്ത്രം' നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ. പൊതുമണ്ഡലത്തിലെ മാധ്യമങ്ങളുടെ ഇടപെടൽ സംബന്ധിച്ച് സംവാദങ്ങളും വിവാദങ്ങളും ഉയർന്നുവരുന്നുണ്ട്. ഇത് ഇന്നത്തെ കാലഘട്ടത്തിന്റെ സവിശേഷത. ദൃശ്യമാധ്യമങ്ങളെക്കുറിച്ച് കേട്ടുകേൾവി ഇല്ലാതിരുന്ന, ഐക്യകേരളപ്പിറവിയുടെ ഘട്ടത്തിലും അതിനുശേഷവുമുള്ള സ്ഥിതിയെക്കുറിച്ച് ആലോചിച്ചാലോ? സാമാന്യയുക്തിക്കും ബുദ്ധിക്കും നിരക്കാത്തനിലയിൽ അന്നത്തെ ചില പത്രങ്ങൾ പൊതുമണ്ഡലത്തിൽ ഇടപെട്ടുപോന്നതിന്റെ എത്രയോ ഉദഹരണങ്ങൾ നമുക്കുമുന്നിലുണ്ട്. അത്തരം ഇടപെടലുകളെക്കുറിച്ച് പഠനങ്ങൾ എത്രയോ നടന്നിരിക്കുന്നു.

ലോകപ്രശസ്തനായ അമേരിക്കൻ ചിന്തകൻ നോം ചോംസ്കി എഴുതുന്നു:

'20-ാം നൂറ്റാണ്ടിൽ അമേരിക്കയുടെ ചരിത്രത്തിലെ മുഖ്യവിഷയങ്ങളിൽ ഒന്ന് കോർപറേറ്റ് പ്രചാരണം ആണെന്നതിൽ സംശയത്തിനവകാശമില്ല. അതൊരു വമ്പൻ വ്യവസായമാണ്... തുടക്കം മുതൽതന്നെ അതിന്റെ ലക്ഷ്യം, കൃത്യമായും പരസ്യമായും ബോധപൂർവവുമായ ലക്ഷ്യം, 'പൊതുമനസിനെ നിയന്ത്രിക്കുക' എന്നതാ

യിരുന്നു... ഈ നൂറ്റാണ്ടിന്റെ (അതായത് ഇരുപതാം നൂറ്റാണ്ടിന്റെ-ഗ്രന്ഥകർത്താവ്) തുടക്കം മുതൽതന്നെ കോർപറേറ്റുകൾ പൊതുമനസിനെ (Public mind) ഏറ്റവും വലിയ ഭീഷണിയായായാണു കണ്ടത്... (നോം ചോംസ്കി-പ്രചാരണവും പൊതുമനസിനെ വരുതിയിലാക്കലും-ലേഖനം).

സ്വാതന്ത്ര്യപ്രാപ്തിയോടെ, അതായത് ഐക്യകേരളപ്പിറവിക്കു മുമ്പുതന്നെ, ഇന്ത്യയിൽ മുതലാളിത്തം ശക്തിപ്പെട്ടു തുടങ്ങിയിരുന്നു. ഇതിന്റെഫലമായി പുതിയ ചില വിഭാഗങ്ങൾ, നാം നേരത്തെ കണ്ടതുപോലെ, ഉയർന്നുവരാൻ തുടങ്ങി. ഇവർക്കു മതപരവും ജാതീയവുമായ സ്വാധീന-സമ്മർദ്ദങ്ങൾക്കു അടിപ്പെടേണ്ടിയും വന്നു. മതവും ജാതീയവുമായ സ്വാധീനങ്ങൾക്കു അടിപ്പെടുകയും, അതേസമയംതന്നെ മുതലാളിത്തത്തിന്റെ മാർഗത്തിൽ സമ്പത്തുൽപാദനവും വിതരണവും വിപണനവും കൈയ്യടക്കുകയും ചെയ്തവരായി ഈ പുതിയവിഭാഗം ക്രമേണ മാറി. ഇവരുടെ താൽപര്യങ്ങൾക്കൊത്തവിധം ചില ബാഹ്യശക്തികളും സഹായമേകി നിലകൊണ്ടു. ഇവരിൽ പ്രധാനികൾ അച്ചടിമാധ്യമങ്ങളായിരുന്നു. അതിൽതന്നെ പ്രധാനമായിരുന്നു വർത്തമാനപത്രങ്ങൾ.

ഈ സാഹചര്യം സൃഷ്ടിക്കുന്നതിൽ സ്വാതന്ത്ര്യപൂർവഘട്ടത്തിൽ കേരളത്തിൽ നിലനിന്നിരുന്ന ഭൂവുടമാസമ്പ്രദായം ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്. അതേപ്പറ്റി ഇ എം എസ് വിശദീകരിക്കുന്നതിങ്ങനെയാണ്.

'ഇംഗ്ലീഷ് കമ്പനിക്കാർ ഭരണം കൈയ്യാളിക്കൊണ്ടിരുന്ന പ്രദേശങ്ങളിലും സംസ്ഥാനങ്ങളിലും അവർ വരുത്തിയ ഒരു പ്രധാനമാറ്റം ഭൂവുടമാബന്ധങ്ങളെ സംബന്ധിച്ചാണ്. പരമ്പരാഗതമായ സാമൂഹ്യബന്ധങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടിരുന്ന വർണ (ജാതി) വ്യവസ്ഥയുടെ ഭാഗമായിരുന്നു അതേവരെ ഭൂവുടമാബന്ധം... ഇതിൽ അടിമുടി മാറ്റംവരുത്തിയത് ഇംഗ്ലീഷ് കച്ചവടക്കാരുടെ ഭരണനയമാണ്. (ഇ എം എസ്-വേദങ്ങളുടെ നാട്, പേജ് 36).

ഇപ്പറഞ്ഞ ഘടകങ്ങളുടെ പ്രവർത്തനരീതി പരിശോധിച്ചാൽ ഒരുകാര്യം വ്യക്തമാകും. കേരളത്തിൽ ചില പുതിയ വർഗങ്ങൾ പുതുതായി ഉയർന്നുവന്നു. ഇവർക്കു ബ്രിട്ടീഷ് കോളനിവാഴ്ചയോടു ആഭിമുഖ്യവും അവരുടെ വികസന-കച്ചവടതന്ത്രങ്ങളോടും നയങ്ങളോടും അടിസ്ഥാനപരമായിതന്നെ യോജിപ്പുമുണ്ടായിരുന്നു. ഭരണവർഗനയങ്ങളുടെ സംരക്ഷകരായും നടത്തിപ്പുചുമതലക്കാരായും ഈ പുതിയവർഗം അന്നു പ്രതീക്ഷയോടെ കണ്ടത് പ്രധാന വർത്തമാനപത്രങ്ങളെയായിരുന്നു. തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ

ഈ പത്രങ്ങളുടേതുപോലെ ശക്തിയും ഓജസുമുള്ള മറ്റൊരു ബാഹ്യഘടകത്തെയും അന്നുയർന്നു വന്നുകൊണ്ടിരുന്ന പുതിയവർഗം കണ്ടിരുന്നുമില്ല.

ഈ പുതിയവർഗത്തിന്റെയും അവർ പ്രതിനിധാനം ചെയ്യുന്ന ഭരണവർഗ താൽപര്യങ്ങളുടെയും നേരെ എതിർദിശയിലായിരുന്നു കേരളത്തിൽ കമ്യൂണിസ്റ്റ്പാർടിയും മറ്റിടതുപക്ഷ വിഭാഗങ്ങളും സഞ്ചരിച്ചത്. സാമൂഹ്യമാറ്റം-സമഗ്രമായ സാമൂഹ്യപരിവർത്തനം. ഇതായിരുന്നു കേരളത്തിൽ കമ്യൂണിസ്റ്റ്പാർടി മുന്നോട്ടുവച്ച വികസനപരിപ്രേക്ഷ്യത്തിന്റെ കാതൽ. കമ്യൂണിസ്റ്റ് പാർടിയുടെ പ്രവർത്തനപദ്ധതികൾക്കു അന്നു രണ്ട് പ്രധാനമുഖങ്ങളുണ്ടായിരുന്നു.

ഒന്ന്: നിലവിലെ ഭൂവുടമാബന്ധങ്ങൾ ഉൾപ്പെടെ ഇഴചേർന്നു സൃഷ്ടിച്ച സാമൂഹ്യവ്യവസ്ഥയെ പാടേ മാറ്റിമറിക്കുക.

രണ്ട്: ബ്രിട്ടീഷുകാരുടെ ഭരണത്തിൻകീഴിൽ, ഭൂവുടമാബന്ധങ്ങൾ തകർന്ന് പുറത്തുവരികയും മുതലാളിത്തനയങ്ങൾ മുറുകെ പിടിക്കുകയും ചെയ്ത പുതിയ ഭരണവർഗങ്ങളുടെ നയങ്ങളോട് സന്ധിയില്ലാതെ ഏറ്റുമുട്ടുക.

ഈ കാഴ്ചപ്പാടിൽ ഊന്നുന്ന രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ നയങ്ങൾക്കു ഐക്യകേരള രൂപീകരണത്തിനുമുമ്പുതന്നെ കമ്യൂണിസ്റ്റ് പാർടി രൂപം നൽകി. ഈ നയങ്ങൾ ജനങ്ങളിൽ വലിയ മതിപ്പുളവാക്കി. തങ്ങൾ നേരിടുന്ന സാമൂഹ്യ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കാനും പുതിയൊരു സാമൂഹ്യക്രമം സൃഷ്ടിക്കാനും കമ്യൂണിസ്റ്റ്പാർടിയുടെ നയങ്ങൾ സഹായിക്കുമെന്ന് വിവിധ അടിസ്ഥാന ജനവിഭാഗങ്ങൾ ഉറച്ചുവിശ്വസിച്ചു; അവർ കമ്യൂണിസ്റ്റ് പാർടിയിൽ വലിയ പ്രതീക്ഷ അർപ്പിച്ചു. ജനങ്ങളിൽവന്ന അടിസ്ഥാനപരമായ ഈ മാറ്റം കമ്യൂണിസ്റ്റ് പാർടിയിലും വലിയ ആവേശം ജനിപ്പിച്ചു. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് മലയാളഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപീകരിക്കണം എന്നു കമ്യൂണിസ്റ്റ് പാർടി ആവശ്യപ്പെട്ടതും അതിനുള്ള പ്രചാരവേലകളിൽ ഏർപ്പെട്ടതും ജനങ്ങളുടെ പ്രതീക്ഷ വർധിപ്പിക്കുന്നതിനിടയാക്കി. ഇതിനൊടുവിലാണ് 1956 നവംബർ ഒന്നിന് ഐക്യകേരളം നിലവിൽവന്നത്. ■

അധ്യായം-6

# ആദ്യനിയമസഭാ തെരഞ്ഞെടുപ്പ്

**ക**മ്യൂണിസ്റ്റ്പാർടിയും മുഖ്യ അച്ചടിമാധ്യമങ്ങളും തമ്മിലുള്ള നേരിട്ടുള്ള ഏറ്റുമുട്ടലിന്റെ ആദ്യവേദിയായിരുന്നു പ്രസിദ്ധമായ 1957ലെ ആദ്യ കേരള നിയസഭാ തെരഞ്ഞെടുപ്പ്. '57 ഏപ്രിൽ അഞ്ചിന് ഇന്ത്യയിലാദ്യമായി കേരളത്തിൽ കമ്യൂണിസ്റ്റ്പാർടി അധികാരത്തിലെത്തി. ബാലറ്റ് യുദ്ധത്തിൽ നേടിയ ഉജ്വലവിജയം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടശേഷം കേരളത്തിൽ ആദ്യമായി നടന്ന നിയമസഭാ തെരഞ്ഞെടുപ്പ് എന്തുകൊണ്ടും സവിശേഷത നിറഞ്ഞതായിരുന്നു.

ഭരണവർഗതാൽപര്യങ്ങളുടെ വക്താക്കളും അത്തരം നയങ്ങൾ ചെറുത്ത് ജനപക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുമെന്നു പ്രതിജ്ഞചെയ്ത കമ്യൂണിസ്റ്റ് പാർടിയും തമ്മിലാണ് കേരളത്തിൽ ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ ഏറ്റുമുട്ടിയത്. കോൺഗ്രസായിരുന്നു കമ്യൂണിസ്റ്റ് പാർടിയുടെ മുഖ്യശത്രു. എന്നാൽ, ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പൈതൃകം പിന്തുടരുന്നതിൽ കോൺഗ്രസ് പരാജയമാണെന്ന് സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള പത്തുവർഷത്തിനുള്ളിൽ ജനങ്ങൾ തിരിച്ചറിഞ്ഞു. 1947 ആഗസ്ത് 15ന് സ്വാതന്ത്ര്യം നേടുമ്പോൾ, അതിനുമുമ്പ് പതിറ്റാണ്ടുകൾ നീണ്ടുനിന്ന സ്വാതന്ത്ര്യപ്രക്ഷോഭഘട്ടത്തിൽ രാജ്യം നെഞ്ചേറ്റിയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടും എന്നു ജനകോടികൾ ഉറച്ചുവിശ്വസിച്ചു.

എന്നാൽ, 1947നു ശേഷവും 1957നുമുമ്പുമുള്ള പത്തുവർഷം ഈ സ്വപ്നസാക്ഷാത്കാരത്തിനായി പ്രതീക്ഷയോടെ കാത്തിരുന്ന ജനങ്ങൾ നിരാശരായി. സ്വാതന്ത്ര്യസമരഘട്ടത്തിൽ കോൺഗ്രസിന്റെ വിവിധ സമ്മേളനങ്ങൾ അംഗീകരിച്ച പ്രമേയങ്ങൾ (ഉദാ.: അധികാരവികേന്ദ്രീകരണം, ഭൂപരിഷ്കരണം, ഗ്രാമസ്വരാജ്, അധികാരത്തിൽ സ്ത്രീപങ്കാളിത്തം, എല്ലാവർക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം) നടപ്പിൽ വരുത്തൻ കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ അധികാരത്തിലിരുന്ന കോൺഗ്രസ് സർക്കാരുകൾ ആ പത്തുവർഷത്തിനിടയിൽ ശ്രമിച്ചില്ല.

ഈ അനുഭവം അന്നത്തെ കേരളീയ പൊതുമണ്ഡലവും പങ്കുവെച്ചു. അതുകൊണ്ടാണ് കേരളഘടകം ഔദ്യോഗികമായി രൂപീകരിച്ച് രണ്ടുദശാബ്ദങ്ങൾക്കുള്ളിൽതന്നെ കമ്യൂണിസ്റ്റ് പാർടി സംസ്ഥാനത്ത് ആദ്യത്തെ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്നത്. ആകെയുള്ള 126 സീറ്റിൽ 65 സീറ്റ് കമ്യൂണിസ്റ്റ് പാർടിയും അതിന്റെ സ്വതന്ത്രന്മാരും നേടി. ഇത് കോൺഗ്രസ് അഖിലേന്ത്യാനേതൃത്വത്തെയും അവർ നയിക്കുന്ന കേന്ദ്രസർക്കാരിനെയും തെല്ലൊന്നുമല്ല അലോസരപ്പെടുത്തിയത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രി. മകൾ ഇന്ദിരാഗാന്ധി കോൺഗ്രസ് അധ്യക്ഷ. അന്നത്തെ ദേശീയ രാഷ്ട്രീയസാഹചര്യം കേരളംപോലൊരു സംസ്ഥാനത്ത് കമ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽവന്നതിന്റെ പേരിൽ ഇളകിമറിയേണ്ടതല്ല. പക്ഷേ, സംഭവിച്ചത് മറിച്ചാണ്. കോൺഗ്രസ് ദേശീയ നേതൃത്വവും കേന്ദ്രസർക്കാരും അക്ഷരാർഥത്തിൽ അസ്വസ്ഥരായി. ഈ സാഹചര്യത്തെക്കുറിച്ച് ഇ എം എസ് ഇങ്ങനെ എഴുതി:

'കമ്യൂണിസ്റ്റ് പാർടിയും അവരോട് കൂട്ടുചേർന്ന സ്വതന്ത്രന്മാരുംകൂടി കേവലഭൂരിപക്ഷം നേടിയത് കേന്ദ്ര ഗവൺമെന്റിനെയും കോൺഗ്രസിന്റെ അഖിലേന്ത്യാ നേതൃത്വത്തെയും ഇതികർത്തവ്യതാമൂഢതയുടെ പൊറുതികേടിലാക്കി... അത്തരം ഒരു ഗവൺമെന്റ് രൂപീകരണംമൂലം രാജ്യത്താകമാനമുളവാകുന്ന കനത്ത തിരിച്ചടി; വെല്ലുവിളിക്കപ്പെടാത്തതും വെല്ലുവിളിക്കപ്പെടാനാകാത്തതുമായ ഇന്ത്യയിലെ ഭരണകക്ഷി എന്നനിലയിലുള്ള കോൺഗ്രസിന്റെ പ്രതിഛായ തകർക്കും. ഇതു മഹാമാരിപോലെ രാജ്യത്തിന്റെ രാഷ്ട്രീയ ശരീരത്തിൽ സമൂലം വ്യാപിച്ചെന്നും വരാം...' (ഇ എം എസ് – കേരള ചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ. പേജ് 330).

കേരളത്തിൽ ഈ സാഹചര്യം ഉരുത്തിരിഞ്ഞുവന്നതിൽ കമ്യൂണിസ്റ്റ് പാർടി ജനങ്ങൾക്കുമുന്നിൽവച്ച ബദൽ രാഷ്ട്രീയ–സാമ്പ

ത്തിക-സാമൂഹ്യനയങ്ങൾ വലിയൊരളവിൽ സഹായിച്ചു. ഈ നയങ്ങളിൽ തെളിഞ്ഞുനിന്ന ജനപക്ഷരാഷ്ട്രീയവും അതിനടിസ്ഥാനമായ മാനവികതയും മറച്ചുവച്ച്, നേരത്തെ നാം കണ്ട ഭരണവർഗരാഷ്ട്രീയ താൽപര്യക്കാരും അവരുടെ പിന്തുണക്കാരായ കേരളത്തിലെ ചില പത്രങ്ങളും അന്നു സ്വീകരിച്ച നിലപാട് പക്ഷേ, തികച്ചും നിർഭാഗ്യകരമായിരുന്നു. ഭരണവർഗ താൽപര്യങ്ങൾക്കും നയങ്ങൾക്കും ബദലായി കമ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുവച്ച നയങ്ങൾ എന്തൊക്കെ എന്നു മനസ്സിലാക്കുമ്പോൾ മാത്രമേ അന്നത്തെ ചില പത്രങ്ങൾ ആദ്യ കമ്യൂണിസ്റ്റ് സർക്കാരിനെതിരെ സ്വീകരിച്ച നിലപാടിലെ ജനവിരുദ്ധത മനസ്സിലാക്കാനാകൂ.

എന്തൊക്കെയായിരുന്നു ആദ്യ ഇ എം എസ് സർക്കാർ 1957ലെ തെരഞ്ഞെടുപ്പുഘട്ടത്തിൽ കേരളത്തിലെ ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ച നയങ്ങളും പരിപാടികളും? അവയെ ഇങ്ങനെ ചുരുക്കിപ്പറയാം.

ഒന്ന്: ഭൂപരിഷ്കരണത്തിനു ഊന്നൽ നൽകുന്ന സമഗ്രമായ കാർഷികപരിഷ്കരണം. കൃഷിഭൂമി കർഷകനും കുടിയാന് കുടികിടപ്പും എന്നതായിരുന്നു ഈ നയത്തിന്റെ കാതൽ.

രണ്ട്: കച്ചവടക്കണ്ണോടെ സമൂഹത്തിലെ മേലാളന്മാർ അടക്കിവാണിരുന്ന വിദ്യാഭ്യാസമേഖലയിലെ സമഗ്രവും പുരോഗമനോന്മുഖവുമായ അഴിച്ചുപണി.

മൂന്ന്: പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണവും പുനഃസംഘടനയും.

നാല്: പൊതുമേഖലാ വ്യവസായവികസനം.

അഞ്ച്: സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്ന ആധുനിക വ്യവസായനയം.

ആറ്: തൊഴിൽസമരങ്ങളിൽ ജന്മിമാരുടെയും വ്യവസായികളുടെയും ഗണ്ടാപ്പടപോലെ പ്രവർത്തിച്ചുവന്ന പൊലീസിനെ ജനകീയവൽകരിക്കാനുള്ള നയം.

തികച്ചും പുരോഗമനപരവും ആധുനിക കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് അടിത്തറപാകുകയും ചെയ്യുന്നതായിരുന്നു ഈ നയങ്ങളെന്നു വ്യക്തം. ഇവ മുന്നോട്ടുവച്ചത് കമ്യൂണിസ്റ്റ് പാർടിയാണ് എന്നതിനാൽ ഏതുവിധേനയെയും അതിനെ എതിർക്കുക എന്ന നിലപാട് നിക്ഷിപ്തതാൽപര്യക്കാർ സ്വീകരിച്ചു. കാരണം തങ്ങൾ പതിറ്റാണ്ടുകളായോ ചിലകാര്യങ്ങളിൽ നൂറ്റാണ്ടുകളായോ (ഉദാഹരണം ഭൂമിയുടെ മേലുള്ള കൈവശാവകാശം)അനുഭവിച്ചിരുന്ന അ

വകാശാധികാരങ്ങൾ നഷ്ടപ്പെടുക എന്നത് ഈ വിഭാഗക്കാർക്കു അചിന്ത്യമായിരുന്നു.

ഇതേക്കുറിച്ച് ഇ എം എസ് എഴുതി: 'ഈ ഗവൺമെന്റ് (കമ്യൂണിസ്റ്റ് പാർടി ഗവൺമെന്റ്-ഗ്രന്ഥകർത്താവ്) നടപടിയെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കാൻ ഭൂപ്രഭുവർഗം തയ്യാറായി. അതിനു കോൺഗ്രസ് നേതൃത്വത്തിലുള്ള പ്രതിപക്ഷം പൂർണപിന്തുണ നൽകുകയും ചെയ്തു. പ്രതിപക്ഷത്തിന്റെ നേതൃത്വം കോൺഗ്രസിനാകയാൽ ആ പാർടിയുടെ അഖിലേന്ത്യാ നേതൃത്വവും ഇതിൽ ഇടപെട്ടു...' (ഇ എം എസ് - ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനം-1920-1998. പേജ്-120).

മഹാത്മാഗാന്ധിയുടെ ഇന്ത്യയിലേക്കുള്ള തിരിച്ചുവരവോടെ ആണല്ലോ കോൺഗ്രസിന്റെ പ്രവർത്തനം ശക്തിപ്പെടുന്നത്. തുടർന്നിങ്ങോട്ട് കോൺഗ്രസിന്റെ വിവിധ സമ്മേളനങ്ങൾ അംഗീകരിച്ച പ്രമേയങ്ങളുണ്ട്. രാജ്യത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിക്കു സ്വീകരിക്കേണ്ട മാർഗങ്ങൾ, സ്വാതന്ത്ര്യം ലഭിച്ചാൽ ദേശീയ ഗവൺമെന്റ് നടപ്പിൽവരുത്തേണ്ട മുൻഗണനാ വിഷയങ്ങൾ എന്നിവയൊക്കെ ഈ പ്രമേയങ്ങളുടെ അന്തഃസത്തയ്ക്കു പുത്തൻമാനങ്ങൾ നൽകി. അവയുടെ ഉള്ളടക്കത്തിന്റെ രത്നച്ചുരുക്കം ഇതാണ്:

രാജ്യം രാഷ്ട്രീയസ്വാതന്ത്ര്യം നേടിക്കഴിഞ്ഞാൽ ജനങ്ങളുടെ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ അഭ്യുന്നതിക്കു നാനാവിധ പരിഷ്കാരങ്ങൾ നടപ്പാക്കും. ഭൂപരിഷ്കരണം, വ്യവസായവികസനം, സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തൽ, അധികാരവികേന്ദ്രീകരണം, ജാത്യാധിഷ്ഠിതവും മതപരവുമായ അന്ധവിശ്വാസങ്ങൾക്കെതിരായ പോരാട്ടം, ജാത്യാധിഷ്ഠിത ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കൽ.

ഈ മുൻഗണനാവിഷയങ്ങൾ നടപ്പാക്കുന്നതിൽ 1947 ആഗസ്ത് 15ന് സ്വാതന്ത്ര്യം നേടിയതുമുതൽ പത്തുവർഷം കേന്ദ്രത്തിലെ കോൺഗ്രസ് സർക്കാരുകൾക്കു കഴിഞ്ഞില്ല. കാർഷിക സമ്പദ്ഘടനയുടെ വളർച്ചയ്ക്കും ആധുനിക വ്യവസായങ്ങൾ സ്ഥാപിക്കാൻ എടുത്ത ചില നടപടികളും നെഹ്റു ഗവൺമെന്റിന്റെ പത്തുവർഷത്തെ പ്രവർത്തനങ്ങൾ ജനങ്ങളിൽ പ്രതീക്ഷ ഉളവാക്കിയിരുന്നു. ഈ സത്യം കാണാതെയല്ല മേൽപ്പറഞ്ഞ വിമർശനം. പക്ഷേ, ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ നാളുകളിൽ ഉയർത്തിയ ദേശസ്നേഹ പ്രചോദിതമായ മുദ്രാവാക്യങ്ങൾ നടപ്പാക്കുന്നതിൽനിന്ന്, സ്വാതന്ത്ര്യം ലഭിച്ച് അധികാരത്തിലേറിയതോടെ, കോൺഗ്രസ് പിന്നോക്കം പോയി.

ഈ സാഹചര്യത്തിലാണ് കേരളത്തിൽ '57ലെ ആദ്യനിയമസഭാ തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർടി ബദൽനയങ്ങൾ ജനങ്ങൾക്കു മുന്നിൽവച്ചത്. ഈ പ്രകടനപത്രികയുടെ രാഷ്ട്രീയപ്രാധാന്യം ഡോ. ടി എം തോമസ് ഐസക് ഇങ്ങനെ വിശദീകരിക്കുന്നു.

'ഐക്യകേരളത്തിന്റെ വികസന അജണ്ട രൂപീകരിക്കുന്ന കാര്യം കമ്യൂണിസ്റ്റ്പാർടി എത്ര ഗൗരവമായിട്ടാണ് എടുത്തതെന്നതിന്റെ തെളിവാണ് ഇതു ചർച്ച ചെയ്യുന്നതിന് 1956ൽ തൃശൂരിൽ ചേർന്ന കമ്യൂണിസ്റ്റ് പാർടിയുടെ വിശേഷാൽ സമ്മേളനം. കേരളത്തിന്റെ വികസനം സംബന്ധിച്ച ഒരു രേഖ ഈ സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ടു. ഈ രേഖയുടെ അടിസ്ഥാനത്തിലാണ് '57ലെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ തയ്യാറാക്കിയത്. കമ്യൂണിസ്റ്റ്പാർടിക്കു മാത്രമാണ് അന്ന് ഒരു തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ ഉണ്ടായിരുന്നത്. കോൺഗ്രസ് ഉൾപ്പെടെ ഒരുപാർടിയും ഒരു പരിപാടിയോ പ്രസ്താവനപോലുമോ പുറപ്പെടുവിച്ചില്ല. തെരഞ്ഞെടുപ്പു മാനിഫെസ്റ്റോയുടെ കോപ്പികൾ ജനങ്ങളിലെത്തിക്കാൻ കമ്യൂണിസ്റ്റ് പാർടിക്കു കഴിഞ്ഞു. (വിമോചനസമരത്തിന്റെ കാണാപ്പുറങ്ങൾ-പേജ് 28, 30. മൂന്നാംപതിപ്പ്).

ഈ പ്രകടനപത്രികയിലേക്കു കമ്യൂണിസ്റ്റ്പാർടി എത്തുന്നതിനുള്ള മൂർത്തമായ ചില സാമൂഹ്യസാഹചര്യങ്ങൾ കേരളത്തിലും ഇന്ത്യയിലും അതിനുമുമ്പുതന്നെ നിലവിൽവന്നിരുന്നു. അതേക്കുറിച്ച് ഇ എം എസ് എഴുതി:

'ഭൂമിയടക്കമുള്ള ഭൗതികസ്വത്തുക്കളിന്മേൽ അവകാശവും നിയന്ത്രണവുമുള്ളവരുടെ സ്വത്തുക്കളും വരുമാനങ്ങളും അവരുടെ സ്വന്തം ജീവിതത്തിനാവശ്യമായതിനെക്കാൾ കൂടുതലായി വരുന്നതിനാൽ മിച്ചംവരുന്നത് മറ്റുള്ളവർക്ക് വിറ്റ് അതിനുവിലയായി കിട്ടുന്ന സമ്പത്ത്, അല്ലെങ്കിൽ നാണ്യം ഉപയോഗിച്ച് തങ്ങൾക്കാവശ്യമുള്ളതും മറ്റുള്ളവരുടെ കൈയ്യിൽ മിച്ചമായി വരുന്നതുമായ ചരക്കുകൾ വാങ്ങുകയെന്ന അർഥത്തിൽ വ്യാപാരം വളർന്നുവരാൻ തുടങ്ങി. അങ്ങനെ കൃഷി, കൈത്തൊഴിൽ, കച്ചവടം എന്ന മൂന്നു മുഖ്യവിഭാഗങ്ങളുള്ള സാമ്പത്തികജീവിതം, അതിന്റെ നിലനിൽപ്പിനും രക്ഷയ്ക്കുമാവശ്യമായ ഭരണസംവിധാനം- ഇതുരണ്ടും ചേർന്നതാണ് ഇന്ത്യൻ സമൂഹമെന്നുവന്നു'. (ഇ എം എസ് വേദങ്ങളടെ നാട്. പേജ് 26).

ഇപ്പറഞ്ഞ മൂന്നുവിഭാഗങ്ങളുടെയും സജീവസാന്നിധ്യം കേരളസമൂഹത്തിലും സജീവമായിരുന്നു. ഇതിനുപുറമെ, മറ്റൊരു സവി

ശേഷമായ ബാഹ്യഘടകവും കേരളത്തിൽ സജീവമായി ഇടപെട്ടു. മറ്റിന്ത്യൻ സംസ്ഥാനങ്ങളിൽ അത്ര സജീവമല്ലാത്ത മതസന്യൂനപക്ഷവിഭാഗങ്ങളുടെ വിശിഷ്യാ, കത്തോലിക്കാ സഭയുടെ ഇടപെടലായിരുന്നു അത്. ഇ എം എസ് ചൂണ്ടിക്കാട്ടിയ മൂന്നുവിഭാഗങ്ങളിൽ രണ്ടിലും അതായത്, കൃഷി, കച്ചവടം എന്നിവയിൽ ക്രൈസ്തവജന വിഭാഗം കേരളത്തിൽ അതിനകം സജീവമായിരുന്നു. ഒപ്പം, മറ്റ് വിഭാഗങ്ങൾ അത്രകണ്ട് ശ്രദ്ധപതിപ്പിക്കാതിരുന്ന വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം എന്നീ മേഖലകളിൽകൂടി ഈ ന്യൂനപക്ഷവിഭാഗം കേരളത്തിൽ സജീവമായി ഇടപെട്ടുതുടങ്ങിയിരുന്നു. ഇതിന്റെ ഫലമായി ഇ എം എസ് വിവക്ഷിച്ച മൂന്നുവിഭാഗങ്ങൾക്കൊപ്പം ക്രൈസ്തവ വിഭാഗവും ഐക്യകേരള രപീകരണഘട്ടത്തിൽതന്നെ ഇവിടെ വളരെ സജീവമായിരുന്നു എന്നുകാണാം.

ചുരുക്കത്തിൽ, ആധുനിക കേരളത്തിന്റെ സമഗ്രവികസനത്തിന് അടിത്തറപാകുന്നതിനും കേരളത്തെ പുതുക്കിപ്പണിയുന്നതിനും ലക്ഷ്യമിട്ടാണ് കമ്യൂണിസ്റ്റ്പാർടി '57ലെ തെരഞ്ഞെടുപ്പിൽ പ്രകടനപത്രിക തയ്യാറാക്കി ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ചത്. ഈ പ്രകടനപത്രികയ്ക്കുള്ള അംഗീകാരമായിരുന്നു തെരഞ്ഞെടുപ്പുഫലം. ആകെയുള്ള 126 സീറ്റിൽ കമ്യൂണിസ്റ്റ്പാർടി മത്സരിച്ചത് 100 സീറ്റിലായിരുന്നു. ഇതിൽ 60 സീറ്റിൽ പാർടി ജയിച്ചു. പിന്തുണച്ച അഞ്ച് സ്വതന്ത്രന്മാരും ജയിച്ചുവന്നു. അങ്ങനെ 65 സീറ്റോടെ കമ്യൂണിസ്റ്റ് പാർടി അധികാരത്തിലെത്തി– രണ്ടുപേരുടെ ഭൂരിപക്ഷത്തിൽ. 124 സീറ്റിൽ മത്സരിച്ച കോൺഗ്രസ് നേടിയത് 43 സീറ്റുമാത്രം. 62 സീറ്റിൽ മത്സരിച്ച പിഎസ്പിക്കു ഒമ്പതും. 28 സീറ്റിൽ മത്സരിച്ച ആർഎസ്പിക്ക് ഒരുസീറ്റുപോലും കിട്ടിയില്ല. മുസ്ലിംലീഗ് എട്ട് സീറ്റിൽ വിജയിച്ചു. മഞ്ചേശ്വരം സീറ്റിൽ കർണാടകസമിതി മാത്രമേ മത്സരിച്ചുള്ളു. അവരുടെ സ്ഥാനാർഥി എം ഉമേഷ് റാവു സ്വതന്ത്രനായി ജയിച്ചുവന്നു.

രണ്ടുപേരുടെ ഭൂരിപക്ഷം മാത്രമുള്ള സർക്കാരാണ് അധികാരമേറ്റയുടൻ കാർഷികപരിഷ്കരണത്തിനും കുടികിടപ്പവകാശത്തിനും നിയമം കൊണ്ടുവന്നത്. വിദ്യാഭ്യാസരംഗം സമൂലമായി പരിഷ്കരിക്കാനുള്ള പുരോഗമന നടപടിയായിരുന്നു വിദ്യാഭ്യാസബില്ല്. തൊഴിൽസമരങ്ങളിൽ പൊലീസ് ഇടപെടില്ലെന്നു പ്രഖ്യാപിച്ച് പൊലീസ് സേനയെ ജനങ്ങളുടെ യഥാർഥ സംരക്ഷകരായി പുനഃസംഘടിപ്പിച്ചു. വ്യവസായ അന്തരീക്ഷം ആധുനികവൽക്കരിച്ചു. സ്വകാര്യ വ്യവസായികളെ ഉൾപ്പെടെ കേരളത്തിലേക്കു കൊണ്ടുവന്നു.

ധർമാശുപത്രികൾ എന്നുവിശേഷിപ്പിച്ചിരുന്ന സർക്കാർ ആശുപത്രികൾ ആധുനികവൽകരിച്ച് പുകൾപെറ്റ കേരളത്തിലെ ആരോഗ്യ സുരക്ഷാ മോഡലിന് അടിത്തറപാകി. ഇങ്ങനെ പ്രതീക്ഷയുടെ പച്ചത്തുരുത്തിലേക്കു മലയാളി പുതിയൊരു യാത്രയ്ക്കു തുടക്കമിട്ടു എന്നതാണ് 1957 ഏപ്രിൽ അഞ്ചിന് അധികാരമേറ്റ പ്രഥമ ഇ എം എസ് സർക്കാരിന്റെ ഖ്യാതി ലോകമെങ്ങും എത്തിച്ചത്. പ്രതീക്ഷയുടെയും പ്രത്യാശയുടെയും പുതുപ്പുലരിക്കു കേരളത്തിൽ തുടക്കമായി എന്നർഥം. ■

അധ്യായം-7

# ആദ്യസർക്കാരിന്റെ ഭരണനടപടികൾ

**ക**മ്യൂണിസ്റ്റ് പാർടി എംഎൽഎമാരുടെയും പാർടി പിന്തുണയോടെ ജയിച്ച സ്വതന്ത്രാംഗങ്ങളുടെയും നിയമസഭാകക്ഷിയോഗം ചേർന്നാണ് നിയമസഭാകക്ഷി നേതാവായി ഇ എം എസ് നമ്പൂതിരിപ്പാടിനെ തെരഞ്ഞെടുത്തത്.

എറണാകുളം ഖദീജാ ബിൽഡിങ്സിൽ ആദ്യം കമ്യൂണിസ്റ്റുപാർടി പൊളിറ്റ് ബ്യൂറോയും സംസ്ഥാന കമ്മിറ്റിയും യോഗം ചേർന്നു. 1957 മാർച്ച് 22നായിരുന്നു ഈ യോഗം. ഗവർണർ ക്ഷണിച്ചാൽ പാർടി മന്ത്രിസഭ രൂപീകരിക്കുമെന്നും തൊട്ടടുത്ത രാത്രി പാർടി ജനറൽ സെക്രട്ടറി അജയഘോഷ് പ്രഖ്യാപിച്ചു. മാർച്ച് 25നായിരുന്നു നിയമസഭാകക്ഷിയോഗം. അനാരോഗ്യമൂലം പി വി കുഞ്ഞുണ്ണിനായർ യോഗത്തിനെത്തിയില്ല. ശേഷിച്ച 64 പേരും പങ്കെടുത്തു. നിയമസഭാകക്ഷി നേതാവായി തെരഞ്ഞെടുക്കപ്പെട്ടശേഷം നിയുക്ത മുഖ്യമന്ത്രി ഇ എം എസിന്റെ ആദ്യപത്രസമ്മേളനം. സുപ്രധാനമായ ചില പ്രഖ്യാപനങ്ങളായിരുന്നു അദ്ദേഹം പത്രസമ്മേളനത്തിൽ നടത്തിയത്.

ഭൂപരിഷ്കരണം, വിദ്യാഭ്യാസബിൽ, ഭരണപരിഷ്കാരം എന്നിവയൊക്കെ തന്റെ സർക്കാർ അധികാരത്തിൽ വന്നാലുടൻ നടപ്പാക്കുമെന്നായിരുന്നു നിയുക്ത മുഖ്യമന്ത്രിയുടെ ആദ്യപ്രഖ്യാപനം. അധികാരത്തിലെത്തിയ ഉടൻ ഒന്നൊന്നായി ഇവ നടപ്പാക്കാനുള്ള നടപടികൾ ത്വരിതഗതിയിലായി. കേരളം പുതിയൊരു യുഗപ്പിറവി

കണ്ടുണരുന്നതായിരുന്നു ആ കാഴ്ച.

1957 ഏപ്രിൽ അഞ്ചിന് പ്രഥമ കേരള സർക്കാർ, ഇ എം എസ് നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി അധികാരമേറ്റു. 11 അംഗങ്ങളായിരുന്നു മന്ത്രിസഭയിൽ. ടി വി തോമസ് (ട്രാൻസ്പോർട്ട്, തൊഴിൽ), സി അച്യുതമേനോൻ (ധനം), കെ സി ജോർജ് (ഭക്ഷ്യം, വനം), കെ ആർ ഗൗരി (റവന്യൂ), ഡോ. എ ആർ മേനോൻ (ആരോഗ്യം), വി ആർ കൃഷ്ണയ്യർ (നിയമം), ടി എ മജീദ് (പൊതുമരാമത്ത്), പി കെ ചാത്തൻ (തദ്ദേശസ്വയംഭരണം), കെ പി ഗോപാലൻ (വ്യവസായം), ജോസഫ് മുണ്ടശേരി (വിദ്യാഭ്യാസം) എന്നിവരായിരുന്നു മറ്റു മന്ത്രിമാർ.

മന്ത്രിമാരുടെ രാഷ്ട്രീയപശ്ചാത്തലവും സാമൂഹ്യവീക്ഷണവും അനുഭവവും ആദ്യ ഇ എം എസ് സർക്കാരിന്റെ ഖ്യാതി നാടെങ്ങും പരത്തി. ആധുനിക കേരളത്തിന്റെ സൃഷ്ടിക്കുവേണ്ട കർമ്മപദ്ധതികൾ സംബന്ധിച്ച ഉൾക്കാഴ്ചയും അവ സമയബന്ധിതമായി നടപ്പാക്കാനുള്ള ധിഷണയും ആർജവവും മുഖ്യമന്ത്രിയിലും മറ്റു മന്ത്രിമാരിലും ഒന്നിനൊന്നു മെച്ചപ്പെട്ട നിലയിൽ പ്രകടമായിരുന്നു. ഇതുകൊണ്ടാണ്, 'ആദ്യ ഇ എം എസ് മന്ത്രിസഭപോലെ ഇത്രയധികം പ്രഗത്ഭമതികൾ ഒരുമിച്ച് അണിനിരന്ന മറ്റൊരു മന്ത്രിസഭ അതിനുമുമ്പോ പിമ്പോ കേരളത്തിലെന്നല്ല, മറ്റൊരു സംസ്ഥാനത്തിലും ഉണ്ടായിട്ടില്ല' എന്ന് പി ഗോവിന്ദപ്പിള്ള എഴുതിയത്.

നേരത്തെ നാം കണ്ടതുപോലെ, സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ ഘട്ടത്തിൽ ദേശവ്യാപകമായി ഉയർന്ന ജനകീയപ്രക്ഷോഭങ്ങളുടെ കാതൽ മുദ്രാവാക്യങ്ങൾ–ഭൂപരിഷ്കരണവും അധികാരവികേന്ദ്രീകരണവും ഉൾപ്പെടെ–കേരള സാമൂഹ്യജീവിതത്തിന്റെ 'ചുവന്ന ഭൂമികയിൽ' നടപ്പാക്കുന്നതിനാണ് ഇ എം എസ് സർക്കാർ തീരുമാനിച്ചത്. ഈ രാഷ്ട്രീയ അജണ്ട പ്രകടനപത്രികയിൽ വിശദീകരിച്ചിരുന്ന കാര്യം മുമ്പു സൂചിപ്പിച്ചുവല്ലോ.

ഏപ്രിൽ അഞ്ചിന് അധികാരമേറ്റ മന്ത്രിസഭ, നിയമസഭയുടെ പ്രഥമയോഗം വിളിച്ചുചേർക്കാൻ ഗവർണറോടു ശുപാർശ ചെയ്തു. അംഗങ്ങളുടെ സത്യപ്രതിജ്ഞ ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തിയാക്കേണ്ടതിനാൽ നിയമസഭാസമ്മേളനം വൈകും എന്ന സ്ഥിതിയുണ്ടായിരുന്നു. അതിനാൽ പ്രധാനകാര്യങ്ങളിൽ ഓർഡിനൻസ് കൊണ്ടുവരിക എന്നതായിരുന്നു സർക്കാർ ലക്ഷ്യം. ഇതിനായി ചില ബില്ലുകൾക്ക് അധികാരമേറ്റ് ദിവസങ്ങൾക്കുള്ളിൽ സർക്കാർ രൂപം നൽകി.

അധികാരമേറ്റ് ആറാംദിവസം ഏപ്രിൽ 11ന് എല്ലാവിധ കുടിയൊ

ഴിപ്പിക്കലുകളും നിരോധിച്ച് സർക്കാർ ഇറക്കിയ ഓർഡിനൻസായിരുന്നു ഇതിൽ ആദ്യത്തേത്. ഇക്കാര്യത്തിൽ സർക്കാർ അനാവശ്യമായ ധൃതികാട്ടിയെന്നായിരുന്നു കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷത്തിന്റെ ആരോപണം. പ്രഥമ നിയമസഭാ സമ്മേളനത്തിൽ കുടിയൊഴിപ്പിക്കൽ നിരോധനബില്ല് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാൻ അവർ പിടിവാശികാട്ടി. സർക്കാർ വഴങ്ങിയില്ല. പിന്നീട് മെയ് അഞ്ചിന് പ്രതിപക്ഷത്തിന്റെ ഇറങ്ങിപ്പോക്കിനിടയിൽ സഭ ബില്ല് പാസാക്കി.

കേരള സർവകലാശാല രൂപീകരിക്കാൻ, അന്ന് നിലവിലിരുന്ന തിരുവിതാംകൂർ സർവകലാശാല നിയമത്തിനുള്ള ഭേദഗതി ബില്ലും തുടർന്ന് വിഖ്യാതമായ വിദ്യാഭ്യാസബില്ലും അവതരിപ്പിക്കപ്പെട്ടു. സ്വകാര്യ വനസംരക്ഷണബില്ലും സർക്കാർ ഇതിനിടെ അവതരിപ്പിച്ചു. എന്നാൽ, ഈ ദിശയിൽ സർക്കാരിന്റെ വേഗമേറിയ നടപടികൊണ്ട് ഏറ്റവും ശ്രദ്ധേയമായത് സർക്കാർ കൊണ്ടുവന്ന കാർഷികബന്ധബില്ലായിരുന്നു. 1957 ഡിസംബർ 21ന് റവന്യുമന്ത്രി കെ ആർ ഗൗരിയമ്മ കാർഷികബന്ധബില്ല് സഭയിൽ അവതരിപ്പിച്ചു.

സ്വതന്ത്ര ഇന്ത്യയിലെതന്നെ ഏറ്റവും പുരോഗമനപരമായ നിയമനടപടിയും കാർഷികപരിഷ്കരണവുമായിരുന്നു ഈ നിയമം എന്തായിരുന്നു 1957ലെ കാർഷികബന്ധബില്ലിന്റെ ചരിത്രപ്രാധാന്യം? ജന്മിമാരിൽനിന്നും ഭൂവുടമകളിൽനിന്നു ഭൂമി പാട്ടത്തിനെടുത്ത എല്ലാത്തരം കർഷകരെയും 'കുടിയാൻ' എന്ന നിർവചനത്തിന്റെ പരിധിയിൽ കൊണ്ടുവന്നു എന്നതാണ് ഈ നിയമത്തിന്റെ ചരിത്രപരമായ സവിശേഷത. നിയമത്തിന്റെ പിൻബലത്തിൽ 20 ലക്ഷത്തോളം കുടിയാൻമാർക്ക് അവരുടെ കുടികിടപ്പുഭൂമിയിൽ സ്ഥിരാവകാശവും കൈവശാവകാശവും നൽകുന്നതിനു സർക്കാരിനു കഴിഞ്ഞു.

ഇതേക്കുറിച്ച് ഡോ. ടി എം തോമസ് ഐസക് എഴുതുന്നു: 'എല്ലാ കുടിയാൻമാർക്കും കുടികിടപ്പുഭൂമിയിൽ സ്ഥിരാവകാശം നൽകി. അന്യായമായി കുടിയൊഴിപ്പിക്കപ്പെട്ട ചിലയിനം കുടിയാൻമാർക്ക് ഭൂമി വീണ്ടെടുക്കാനുള്ള വ്യവസ്ഥയുണ്ടായിരുന്നു. പാട്ടം ഗണ്യമായി കുറച്ചു. മര്യാദപ്പാട്ടം നിശ്ചയിച്ചു. ഗണ്യമായി വെട്ടിക്കുറച്ച പുതിയ പാട്ടത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന താരതമ്യേന കുറഞ്ഞ വിലയ്ക്ക് ഉടമാവകാശം വാങ്ങുന്നതിന് കുടിയാൻമാർക്ക് അവകാശം നൽകി' (ഡോ. ടി എം തോമസ് ഐസക്, വിമോചനസമരത്തിന്റെ കാണാപ്പുറങ്ങൾ മൂന്നാംപതിപ്പ്–പേജ് 33).

ഇ എം എസ് ഇതേക്കുറിച്ച് ഇങ്ങനെ എഴുതി: 'കേരളത്തിലെയോ ഇന്ത്യയുടെ മറ്റേതെങ്കിലും ഭാഗത്തെയോ കോൺഗ്രസ് ഗവൺമെന്റുകൾ അതിനുമുമ്പൊരിക്കലും നൽകിയിട്ടില്ലാത്ത തരത്തിലുള്ള

പരിരക്ഷകൾ കുടിയാൻമാർക്കും (പാട്ടസ്ഥിരത, കുറഞ്ഞപാട്ടം, ഉടമാവകാശം വിലയ്ക്കുവാങ്ങാനുള്ള അവകാശം) ഭൂരഹിതരായ തൊഴിലാളികൾക്കും ബില്ലിൽ ഉൾക്കൊള്ളിച്ചിരുന്നു. കമ്യൂണിസ്റ്റ് ഗവൺമെന്റ് ഈ നിയമം നടപ്പാക്കിയാൽ അത് കേരളത്തിൽ കമ്യൂണിസ്റ്റ് പാർടിയെ ശക്തിപ്പെടുത്തുമെന്നുമാത്രമല്ല, അടിസ്ഥാനപരമായ ഭൂപരിഷ്കരണങ്ങൾക്കുവേണ്ടിയുള്ള ആവശ്യത്തെ ചെറുത്തുനിൽക്കാൻ മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് ബുദ്ധിമുട്ടാകുകയും ചെയ്യും'. (ഇ എം എസ് കേരള ചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ -പേജ് 338).

ചുരുക്കത്തിൽ കേരളത്തിലെ, 1947നുമുമ്പ് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ, നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആശയഭിലാഷങ്ങൾക്കൊത്തവിധം സമൂർത്തമായ പരിവർത്തനത്തിനു ഗതിവേഗം പകർന്നാണ് ആദ്യ സംസ്ഥാനസർക്കാർ ഇ എം എസിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്നതെന്നു വ്യക്തം. ആധുനിക കേരളത്തിന്റെ ഭദ്രമായ ഭാവിക്കു അടിത്തറയിടുക മാത്രമല്ല ആ സർക്കാർ ചെയ്തത്. ഭാഷടിസ്ഥാനത്തിൽ ഐക്യകേരളം രൂപീകരിച്ചശേഷം, ആദ്യപഥികരുടെ പാത പിന്തുടരാനും മാതൃകയാക്കാനുമില്ലാതെ സ്വയം മാതൃക സൃഷ്ടിക്കുകയായിരുന്നു ഇ എം എസ് ഗവൺമെന്റ്. "Will not force is the basis of state" (ആയുധബലമല്ല, മറിച്ച്, ഇഛാശക്തിയാണ് രാഷ്ട്രത്തിന്റെ അടിസ്ഥാനം) എന്ന വിഖ്യാത ഇംഗ്ലീഷ് ചിന്തകൻ ടി എച്ച് ഗ്രീനിന്റെ വാക്കുകൾ അക്ഷരാർഥത്തിൽ ഇ എം എസ് സർക്കാരിന്റെ പ്രവർത്തനങ്ങളുടെ മുഖ്യമുഖമുദ്രയായി.

സർക്കാർ സ്വീകരിച്ച വൈവിധ്യപൂർണമായ ഭരണപരിഷ്കാരങ്ങളുടെ ആകെത്തുക, പുരോഗമനാത്മകവും ആദർശാധിഷ്ഠിതമായ ഒരു നവകേരളത്തെ വാർത്തെടുക്കാൻ അടിത്തറയിട്ടു എന്നതാണ്.

തികച്ചും ക്ഷോഭജനവും പ്രകോപനപരവുമായ ഒരു സാമൂഹ്യസാഹചര്യത്തിലാണ് പ്രഥമ കേരള സർക്കാർ അധികാരമേറ്റത്. ജന്മി-നാടുവാഴിത്ത-മുതലാളിത്ത സാമൂഹ്യക്രമത്തിൽ, അതിന്റെ നിയമപരവും രാഷ്ട്രീയവുമായ ചട്ടക്കൂടിനെതിരെ ബദൽനയങ്ങൾ ഉയർത്തിപ്പിടിക്കുക തികച്ചും ശ്രമകരമാണ്. അങ്ങേയറ്റം ബോധപൂർവമായ ഈ ശ്രമങ്ങൾ സക്രിയമാകുകയും വേണം. അതേസമയം, നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥയുമായി ഇഴുകിച്ചേർന്ന ജനസമൂഹത്തെ ശക്തമായ രാഷ്ട്രീയബോധവൽക്കരണത്തിലൂടെ വേറിട്ട ചിന്താധാരയിലേക്കു നയിക്കുകയും വേണം. അങ്ങേയറ്റം ശ്രമകര

വും രാഷ്ട്രീയവും ബുദ്ധിപരവുമായ അധ്വാനം ആവശ്യമായിരിക്കുകയും ചെയ്ത ഈ പ്രക്രിയ കമ്യൂണിസ്റ്റ് പാർടി കലർപ്പില്ലാത്ത സാമൂഹ്യപ്രതിബദ്ധതയോടെ വിജയകരമായി പൂർത്തിയാക്കി.

ഇതിന്റെ ഗുണഫലമായിരുന്നു '57ലെ ആദ്യതെരഞ്ഞെടുപ്പിൽ പാർടി കേരളത്തിൽ നേടിയ വിജയം. ടി എച്ച് ഗ്രീൻ പറഞ്ഞ വാക്കുകളുടെ ശരിയായ പ്രയോഗമായിരുന്നു ഈ നേട്ടത്തിനു നിദാനം. 19-ാം നൂറ്റാണ്ടിന്റെ അവസാന രണ്ടുദശകങ്ങളിൽ തുടങ്ങി 20-ാം നൂറ്റാണ്ടിന്റെ പകുതിവരെ നീണ്ട പരിവർത്തനദശയുടെ ചുക്കാൻ കമ്യൂണിസ്റ്റ് പാർടി ശക്തമായി ഏറ്റെടുത്തതിന്റെ പരിണതഫലമായിരുന്നു ഈ നേട്ടം. പിൽക്കാലത്തു ഇതുസംബന്ധിച്ചു നടന്ന പഠനങ്ങൾ നിരവധി. എല്ലാത്തുറയിലെയും നിരവധിപേർ ഈ പഠനങ്ങളിൽ ഭാഗഭാക്കായി. അവരെല്ലാം എത്തിച്ചേർന്ന നിഗമനങ്ങളുടെ ആകെ തുക ഇതാണ്: പ്രഥമ ഇ എം എസ് സർക്കാർ ആണ് ആധുനികകേരളത്തിനു രാഷ്ട്രീയ അടിത്തറ പാകിയത്. രസരമായ സംഗതി, കമ്യൂണിസ്റ്റ് പാർടിയെ രൂപീകരണഘട്ടംമുതൽ എതിർത്തുപോരുന്ന കോൺഗ്രസ് നേതാക്കളും വൈകിയാണെങ്കിലും ഈ നിഗമനത്തിൽ എത്തി എന്നതാണ്. '57ൽ ഭരണമേറ്റ ഇ എം എസ് സർക്കാരിന്റെ ഖ്യാതിക്കു ഇതിൽപ്പരം തെളിവെന്തിന്? ■

അധ്യായം-8

# പുതുയുഗപ്പിറവി

**വാ**സ്തവത്തിൽ, രണ്ടരവർഷത്തിനകം ഇത്രയേറെ പുരോഗമനപരവും ക്രിയാത്മകവുമായ നടപടികൾ പുതുതായി രൂപീകരിച്ച ഒരു സംസ്ഥാനത്ത സർക്കാർ സ്വീകരിച്ചു എന്നത് അവിശ്വസനീയമായി തോന്നാം. എന്നാൽ അതായിരുന്നു യാഥാർഥ്യം. പുതുതായി നിലവിൽവന്ന സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണവും അതിന്റെ ഭാവിയും എന്തെന്നു തീരുമാനിക്കാൻ കേരളത്തിലെന്നല്ല മറ്റൊരു സംസ്ഥാനത്തും അതിനിടെ ഒരു സർക്കാരിനും കഴിഞ്ഞിരുന്നില്ല. '1957ലെ സർക്കാരിന്റെ നേട്ടങ്ങളിൽ മറ്റു ചിലതുകൂടി മനസ്സിലാക്കിയാലേ ഈ ചിത്രം പൂർണമാകൂ. അവയിൽ ഏതാനും ഉദാഹരണങ്ങൾ ഇതാ.

## ഒന്ന്: ഭരണപരിഷ്കാര കമ്മിറ്റി

കേരളത്തിലെ ആദ്യസർക്കാരിന്, ഒരർഥത്തിൽ, കൈമാറികിട്ടിയത് ബ്രിട്ടീഷ് ഭരണത്തിന്റെ ചൂടുംചൂരും ഏറ്റുവാങ്ങിയ ഉദ്യോഗസ്ഥ സംവിധാനത്തെയായിരുന്നു. അതുകൊണ്ടുതന്നെ ഭരണതലത്തിലും രാഷ്ട്രീയതലത്തിലും അപ്രമാദിത്തം കാട്ടുന്ന ഒരുവിഭാഗമായി അന്നത്തെ ഉദ്യോഗസ്ഥ സംവിധാനം മാറി. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം തിരു-കൊച്ചി സംസ്ഥാനത്തും മലബാറിലും ഇതിന്റെ തിരനോട്ടം അനുഭവപ്പെട്ടു. ഇതുകൂടി കണക്കിലെടുത്ത്, പ്രകടനപത്രികയിൽ ഉദ്യോഗസ്ഥ സംവിധാനം അഴിച്ചുപണിയുമെന്നും അതിനായി ഭരണപരിഷ്കാ

ര കമ്മിറ്റി രൂപീകരിക്കുമെന്നും കമ്യൂണിസ്റ്റ്പാർടി വാഗ്ദാനം ചെയ്തു. ഈ ഉറപ്പുപാലിക്കാനുള്ള നടപടി അധികാരമേറ്റയുടൻ സർക്കാർ സ്വീകരിച്ചു. ഇതേക്കുറിച്ച് ഇ എം എസ് ഇങ്ങനെ എഴുതി.

''ദേശീയ സ്വാതന്ത്ര്യം, നാട്ടുരാജ്യങ്ങളുടെ സംയോജനം, ഐക്യകേരള രൂപീകരണം, രണ്ടാം പഞ്ചവൽത്സരപദ്ധതിയുടെ തുടക്കം തുടങ്ങിയ സാഹചര്യങ്ങൾ ഉദ്യോഗസ്ഥ സംവിധാനത്തിൽ അഴിച്ചുപണി അനിവാര്യമാക്കിയിരുന്നു. നികുതിപിരിവും ക്രമസമാധാനപാലനവും മാത്രമല്ല സർക്കാരിന്റെ ലക്ഷ്യമെന്നുവന്നു. മറിച്ച്, എല്ലാ വിഭാഗങ്ങളിൽപ്പെടുന്ന ജനങ്ങളുടെ വിശിഷ്യാ പാവപ്പെട്ടവരുടെ ക്ഷേമവും ഉന്നതിയുമാണ് സർക്കാരിന്റെ ലക്ഷ്യങ്ങളെന്നും ആകയാൽ ഭരണം ജനാധിപത്യപരമാകണമെന്നും എന്ന ചിന്ത വളർന്നു. സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ ഉദ്യോഗസ്ഥരുടെ കൂറ് അന്തിമവിശകലനത്തിൽ, വിദേശശക്തിയോടായിരുന്നു. എന്നാലിനിമുതൽ, ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഉത്തരവാദിത്തം ജനങ്ങളുടെ പ്രതിനിധികളോടായിരിക്കണമെന്ന നിലവന്നു. ഈ മാറ്റം ഉദ്യോഗസ്ഥവിഭാഗത്തിനു പുതിയ കടമകളും ചുമതലയും സൃഷ്ടിച്ചു. ഈ സാഹചര്യമാകട്ടെ, അവരുടെ കാഴ്ചപ്പാടിലും മനോഭാവത്തിലും ഭരണവൈദഗ്ദ്ധ്യത്തിലും പരിശീലനത്തിലും അടിസ്ഥാനപരവും സമൂലവുമായ അഴിച്ചുപണി അനിവാര്യമാക്കിത്തീർത്തു...' (ഇഎംഎസ്-കേരളം പ്രശ്നങ്ങളും സാധ്യതകളും- ലേഖനം).

ഈ ലക്ഷ്യത്തോടെയാണ് മുഖ്യമന്ത്രി ഇ എം എസ് അധ്യക്ഷനായി ഭരണപരിഷ്കാരകമ്മിറ്റി രൂപീകരിച്ചത്. സ്വതന്ത്ര ഇന്ത്യയിൽ കേന്ദ്രസർക്കാരിനോ മറ്റേതെങ്കിലും സംസ്ഥാനസർക്കാരിനോ ഈ ദിശയിൽ ചിന്തിക്കാൻപോലും കഴിഞ്ഞിരുന്നില്ല എന്നു മനസ്സിലാക്കുമ്പോഴേ, ഇ എം എസ് സർക്കാരിന്റെ ഈ നടപടിയുടെ ചരിത്രപരമായ പ്രാധാന്യം ഉൾക്കൊള്ളാനാകൂ. വിദ്യാഭ്യാസമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശേരി, ചീഫ് സെക്രട്ടറി എൻ ഇ എസ് രാഘവാചാരി, പി എസ് നടരാജപിള്ള, 'ഇക്കണോമിക് റിവ്യൂ' എഡിറ്ററായിരുന്ന എച്ച് ഡി മാളവ്യ, തിരുവിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്ന ജി പരമേശ്വരൻപിള്ള, കെ എസ് മേനോൻ, പബ്ലിക് അഡ്മിനിസ്ട്രേഷൻ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി വി കെ നന്ദൻമേനോൻ എന്നിവരായിരുന്നു ഭരണപരിഷ്കാര കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ.

## രണ്ട്: അധികാരവികേന്ദ്രീകരണം

മുഖ്യമന്ത്രി അധ്യക്ഷനായ ഭരണപരിഷ്കാരകമ്മിറ്റിയുടെ പ്രവർത്തനം മാതൃകാപരമായിരുന്നു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എട്ടംഗ

ങ്ങളും പ്രഗത്ഭമതികളും ധിഷണശാലികളുമായിരുന്നു. എന്നിരിക്കെ, തങ്ങളുടെ അപ്രമാദിത്തമൊന്നും കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സ്ഥാപിക്കാൻ അവർ തയ്യാറായില്ല. മറിച്ച് ഭരണപരിഷ്കാരകമ്മിറ്റിയുടെ പ്രവർത്തനം ഏറ്റവും ജനാധിപത്യപരമായി നടത്താനാണ് അവർ തുനിഞ്ഞത്.

ഇതിന്റെ ഭാഗമായി ഭരണപരിഷ്കാരത്തിനു സ്വീകരിക്കേണ്ട നടപടികളെപ്പറ്റി വിശദമായൊരു ചോദ്യാവലി കമ്മിറ്റി തയ്യാറാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ചർച്ചയും അഭിപ്രായശേഖരണവും നടന്നു. ചുരുങ്ങിയ നാളുകൾക്കുള്ളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രക്രിയയ്ക്ക് ഭരണപരിഷ്കാര കമ്മിറ്റി തുടക്കമിട്ടു. തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ ഉറപ്പുനൽകിയ അധികാരവികേന്ദ്രീകരണം എന്ന ദീർഘവും സങ്കീർണവുമായ പ്രക്രിയയ്ക്കാണ് കമ്മിറ്റി തുടക്കമിട്ടത്.

ഭരണപരിഷ്കാര കമ്മിറ്റിയുടെ ഈ ശുപാർശയുടെ അനന്തരഫലം എന്തായിരുന്നു? ഇന്ത്യയിൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അതിനകം അധികാരത്തിൽവന്ന കേന്ദ്രസർക്കാരിനോ മറ്റേതെങ്കിലും സംസ്ഥാന സർക്കാരുകൾക്കോ സ്വപ്നം കാണാനാകാത്ത, വിസ്മയാവഹമായ മാറ്റത്തിനാണ് ഭരണപരിഷ്കാരകമ്മിറ്റി അധികാരവികേന്ദ്രീകരണ പ്രക്രിയവഴി തുടക്കമിട്ടത്. അതിന്റെ ഫലമായി പഞ്ചായത്തുരാജ്, നഗരസഭകൾ സംബന്ധിച്ചുള്ള രണ്ടു സുപ്രധാന ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭഘട്ടത്തിൽ കോൺഗ്രസും സ്വാതന്ത്ര്യാനന്തരം ഭരണഘടനയും മുന്നോട്ടുവച്ച അധികാരവികേന്ദ്രീകരണമാണ് കേരളത്തിൽ ഫലവത്താകാൻ പോകുന്നത്. അതിനുമുമ്പ് തദ്ദേശസ്ഥാപനങ്ങൾ എന്നുമാത്രം അറിയപ്പെട്ടിരുന്ന സ്ഥാപനങ്ങളെ ഈ ബില്ലുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (Local-Self Government) എന്ന് പുനർനിർവചിച്ചു.

ഭരണഘടനയുടെ 73, 74 ഭേദഗതികൾവഴി നടപ്പാക്കിയ പഞ്ചായത്തീരാജ്, നഗരപാലികാ നിയമങ്ങൾ പ്രാബല്യത്തിലാകുന്നതിന് 40 വർഷങ്ങൾക്കുമുമ്പാണ് കേരളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അധികാരവികേന്ദ്രീകരണംവഴി 'ഭരണകൂടങ്ങൾ' ആക്കി മാറ്റിയെടുത്തത് എന്നറിയുമ്പോൾ ചരിത്രകുതുകികൾ ആശ്ചര്യപ്പെട്ടുപോകും. പേരുകൊണ്ടുമാത്രം ഭരണകൂടങ്ങൾ എന്നു വിവക്ഷിക്കുകയായിരുന്നില്ല, മറിച്ച് വിപുലമായ അധികാരങ്ങൾ കൈമാറി അവയെ യഥാർഥ ഭരണസിരാകേന്ദ്രങ്ങളാക്കാനാണ് രണ്ടുബില്ലുകളും വിഭാവനം ചെയ്തത്. അതിനായി സാമ്പത്തിക, സാമൂഹിക-കാർഷി

ക രംഗങ്ങളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഭൂനികുതിപിരിക്കലും റവന്യുരേഖകളുടെ സൂക്ഷിപ്പും അടക്കമുള്ള വിപുലമായ അധികാരാവകാശങ്ങൾ അവയ്ക്കു കൈമാറാനും ബില്ലിൽ വ്യവസ്ഥ ചെയ്തു. താഴേത്തട്ടിൽ പഞ്ചായത്തും നഗരസഭയും അവയ്ക്കുമുകളിൽ ജില്ലാതലത്തിൽ ജില്ലാ കൗൺസിലും– ഇങ്ങനെ രണ്ടുതട്ടുള്ള (Two tier system) തദ്ദേശ സ്വയംഭരണ സംവിധാനമാണ് ബില്ലുകൾ വഴി സർക്കാർ ലക്ഷ്യമിട്ടത്. രാജ്യത്ത് അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്ക്, മറ്റ് ചില പ്രധാനമേഖലകളിൽ എന്നപോലെ, കേരളംതന്നെ വഴികാട്ടിയായി എന്നും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു. ■

അധ്യായം-9

# വിമോചനസമരത്തിന്റെ കേളികൊട്ട്

**1957** ഏപ്രിൽ അഞ്ചിന് ഇ എം എസിന്റെ നേതൃത്വത്തിൽ പ്രഥമ കമ്യൂണിസ്റ്റ് സർക്കാർ ഐക്യകേരളത്തിൽ അധികാരമേൽക്കുമ്പോൾ ഇവിടെ പ്രചാരണത്തിലുണ്ടായിരുന്നത് 19 മലയാളപത്രങ്ങൾ. അവയ്ക്കെല്ലാം കൂടി അന്നുണ്ടായിരുന്ന സർക്കുലേഷൻ പ്രതിദിനം രണ്ടരലക്ഷം കോപ്പി. 1959 ജൂലൈ 31ന് ഇ എം എസ് സർക്കാരിനെ ഭരണഘടനയുടെ 356-ാം വകുപ്പുപ്രകാരം കേന്ദ്രം പിരിച്ചുവിടുമ്പോൾ കേരളത്തിൽ മലയാളപത്രങ്ങളുടെ എണ്ണം 30! പ്രതിദിന സർക്കുലേഷൻ ആറുലക്ഷവും!!

രണ്ടരവർഷത്തിനുള്ളിൽ ഈ കുതിച്ചുകയറ്റത്തിനു കാരണമെന്തായിരുന്നു? ഒറ്റനോട്ടത്തിൽ, സർക്കാരിന്റെ പ്രചാരകരായി പത്രങ്ങൾ മാറിയെന്നാകും നമുക്കു തോന്നുക. കാരണം, രണ്ടരവർഷംകൊണ്ട് അത്രമേൽ ജനകീയവും പുരോഗമനപരവും കേരളത്തിന്റെ ഭാവിവളർച്ചയ്ക്ക് അടിത്തറ പാകുന്നതുമായ എണ്ണമറ്റ ഭരണപരിഷ്കാരമായിരുന്നുവല്ലോ ഇ എം എസ് സർക്കാർ നടപ്പാക്കിയത്.

എന്നാൽ, നിക്ഷിപ്തതാൽപര്യക്കാരുടെയും മുതലാളിത്ത-ജന്മി-നാടുവാഴി ഭരണകൂടത്തിന്റെയും താൽപര്യങ്ങളും വർഗപരമായ ഉള്ളടക്കവും നിലനിൽക്കണമെന്ന് ഇന്നാട്ടിലെ പ്രമാണിവർഗം തീരുമാനിച്ചുറപ്പിച്ചു. അതിൻഫലമായി, എന്തെല്ലാം നല്ല നടപടികൾ സ്വീകരിച്ചിട്ടും അന്നത്തെ പത്രങ്ങൾ ഇ എം എസ് സർക്കാരി

നെതിരെ അണിനിരന്നു– അവർക്കിടയിലെ അഭിപ്രായവ്യത്യാസങ്ങൾ തൽക്കാലം മറന്നുകൊണ്ട്.

ഇതു മനസ്സിലാകണമെങ്കിൽ, മറ്റൊരു കണക്കിലേക്കു കണ്ണോടിക്കണം. സർക്കാർ അധികാരത്തിൽ എത്തുമ്പോൾ അതിനെ പൂർണമായി പിന്തുണച്ചത് കമ്യൂണിസ്റ്റ് പാർടി പത്രങ്ങളായിരുന്ന 'ദേശാഭിമാനി' (കോഴിക്കോട്), 'ജനയുഗം' (കൊല്ലം) എന്നിവമാത്രം. അന്ന് കോഴിക്കോട്ടുനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'മാതൃഭൂമി' ഒരളവുവരെ സർക്കാരിന്റെ നയങ്ങൾക്കു പന്തുണയേകിയിരുന്നു. ലത്തീൻ കത്തോലിക്കാസഭയുടെ 'കേരള ടൈംസും' ആദ്യഘട്ടത്തിൽ ഒരളവുവരെ നിഷ്പക്ഷത പാലിച്ചു.

സർക്കാരിനെതിരായി നിക്ഷിപ്തതാൽപര്യക്കാർ 'വിമോചനസമരം' പ്രഖ്യാപിച്ചതോടെ പത്രങ്ങളുടെ എണ്ണം പെരുകി. അവയുടെ സർക്കുലേഷനും വൻതോതിൽ വർധിച്ചു. അപ്പോഴും സർക്കാരിനെ പിന്തുണയ്ക്കാനുണ്ടായിരുന്നത് കമ്യൂണിസ്റ്റ് പാർടി പത്രങ്ങളായിരുന്നു– ദേശാഭിമാനിയും ജനയുഗവും.

ലോകത്തെല്ലായിടത്തും കമ്യൂണിസ്റ്റ് പാർടിയും തൊഴിലാളിവർഗ പ്രസ്ഥാനങ്ങളും രൂപംകൊണ്ടതും ശക്തിപ്രാപിച്ചതും ഭരണകൂടത്തിന്റെയും മർദകൻമാരുടെയും നിക്ഷിപ്തതാൽപ്പര്യക്കാരുടെയും കിരാതമായ മർദനമുറകൾ നേരിട്ടുകൊണ്ടായിരുന്നു. ഇന്ത്യയും കേരളവും ഇതിൽനിന്നു വ്യത്യസ്തമായില്ല. കമ്യൂണിസ്റ്റ്പാർടിയുടെ കേരളഘടകം രൂപീകരിച്ചതുമുതൽ അതിനെതിരായ ആക്രമണങ്ങൾ ഒളിഞ്ഞും തെളിഞ്ഞും തുടർച്ചയായി നടന്നുവന്നു. ഇതിനെയൊക്കെ നേരിട്ടും അതിജീവിച്ചുമാണ് കേരളം 1957ൽ ചുവന്നത്. സ്വാഭാവികമായും കമ്യൂണിസ്റ്റ് പാർടിക്കെതിരായ ആക്രമണത്തിൽ മുന്നിൽനിന്നത് പത്രങ്ങളായിരുന്നു. 1959ലെ വിമോചനസമരം ഇതിന്റെ ഉയർന്ന രൂപംതന്നെയായിരുന്നു.

വാസ്തവംപറഞ്ഞാൽ, പ്രഥമകേരള സർക്കാരിനെതിരായ ബഹുജനപ്രക്ഷോഭമോ ജനകീയമുന്നേറ്റമോ ഒന്നുമായിരുന്നില്ല വിമോചനസമരം. തങ്ങളുടെ താൽപര്യങ്ങൾ നിലനിൽക്കണമെന്നും അവയ്ക്കു സംരക്ഷണം വേണമെന്നും അതിനെതിരായ ഒന്നിനെയും വച്ചുപൊറുപ്പിക്കില്ലെന്നുമുള്ള ഒരുവിഭാഗത്തിന്റെ– അവരിൽ എല്ലാ സമുദായപ്രമാണിമാരും അവർക്കു നേതൃത്വം നൽകി കോൺഗ്രസും ഉണ്ടായിരുന്നു– ഗൂഢനീക്കമാണ് വിമോചനസമരത്തിനു തിരികൊളുത്തിയത്. അവർക്കു പ്രചാരണമായ പിൻബലമേകിയത് പത്രങ്ങളും.

ആസൂത്രിതവും ബോധപൂർവവുമായ നുണപ്രചാരണം– അതാ

യിരുന്നു പത്രങ്ങൾ അവലംബിച്ച മാർഗം. 'വിമോചനസമരത്തിനു പിന്നിൽ ഇത്രയധികം ജനങ്ങൾ അണിനിരന്നത് എന്തുകൊണ്ട്? മുഖ്യമന്ത്രിപദമൊഴിഞ്ഞ ഇ എം എസിനോട് പത്രസമ്മേളനത്തിൽ ഉയർന്ന ചോദ്യമായിരുന്നു ഇത്. ഇ എം എസിന്റെ മറുപടി 'നുണപറഞ്ഞിട്ട്' എന്നായിരുന്നു. ഈ മറുപടി അന്നുനടന്ന അരുതാത്ത എല്ലാ കാര്യങ്ങളും ഉൾക്കൊണ്ടു.

കമ്യൂണിസ്റ്റ് പാർടി അധികാരമേറ്റയുടൻ കേരളത്തിൽ ഒരുപ്രചാരണം കൊടുമ്പിരികൊണ്ടു. കോൺഗ്രസാണ് അതിനു തിരികൊളുത്തിയത്. പ്രചാരണം ഇതായിരുന്നു: കേരളത്തിൽ ക്രമസമാധാനം തകർന്നു! (1987ൽ രണ്ടാം നായനാർ സർക്കാർ അധികാരമേറ്റതിന്റെ തൊട്ടടുത്തദിവസം, പ്രതിപക്ഷനേതാവ് കെ കരുണാകരന്റെ പ്രഖ്യാപനവും ഇതുതന്നെയായിരുന്നു– കേരളത്തിൽ ക്രമസമാധാനം പാടേ തകർന്നു എന്ന്!). ക്രമസമാധാനതകർച്ചയ്ക്കുപിന്നാലെ '57ൽ മറ്റൊരു ആരോപണവും ഉയർന്നുവന്നു– പൊലീസ് സ്റ്റേഷനുകൾ കമ്യൂണിസ്റ്റ് പാർടി സെല്ലുകളായി. സെൽഭരണമാണ് പാർടി കേരളത്തിൽ നടത്തുന്നത്.

ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും പ്രഥമ ഇ എം എസ് സർക്കാരിനെതിരെ പ്രതിപക്ഷമോ മറ്റേതെങ്കിലും സംഘടനയോ സമുദായങ്ങളോ പ്രത്യക്ഷസമരം സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയില്ലെന്നു ബോധ്യമാകും. ഒറ്റപ്പെട്ടതോ പ്രാദേശികമായി നടന്നതോ ആയ ചില സംഭവങ്ങൾ പൊടിപ്പും തൊങ്ങലുംവച്ചു പ്രചരിപ്പിക്കുകയായിരുന്നു. ഇതിനൊക്കെ നെടുനായകത്വം വഹിച്ചത് പത്രങ്ങൾതന്നെയായിരുന്നു. ഈ പ്രചാരണം കൊടുമ്പിരികൊണ്ട ഘട്ടത്തിലാണ് കള്ളുഷാപ്പുകൾ തൊഴിലാളികളുടെ സഹകരണസംഘങ്ങൾക്കു വിട്ടുനൽകാൻ സർക്കാർ തീരുമാനിച്ചത്. യഥാർഥത്തിൽ ഇതിനെതിരായ സമരമാണ് ഇ എം എസ് സർക്കാരിനെതിരെ ആദ്യമായി ഉയർന്ന സമരം. തൃശൂർ സീതാറാം മിൽസിലെ സമരം. (ഈ സമരത്തോടെയാണ് കെ കരുണാകരൻ ഐഎൻടിയുസിയുടെയും പിന്നീട് കോൺഗ്രസിന്റെയും നേതാവായി ഉദയംകൊണ്ടത്). മലബാറിലെ ചിറയ്ക്കൽ അംശത്ത് പുഴാതിദേശത്തെ കാട്ടാമ്പള്ളിയിൽ 7.5 ഏക്കർ പുറമ്പോക്കു ഭൂമി കൈയേറിയ സമരം എന്നിവയൊക്കെ പ്രാദേശികതലത്തിൽ നടന്ന സമരങ്ങളായിരുന്നു.

നുണയും കള്ളവും സമാസമം ചേർന്ന് സംസ്ഥാനതല പ്രചാരണം നടത്തി ഇവയ്ക്കൊക്കെ വലിയ പ്രാധാന്യം നൽകാൻ പത്രങ്ങൾ മത്സരിച്ചു. കിളികൊല്ലൂർ, ചന്ദനത്തോപ്പ് എന്നിവിടങ്ങളിലെ കശുവണ്ടിഫാക്ടറികൾക്കുമുന്നിൽ നടന്ന വെടിവയ്പ്പും ഇതിന്റെ അടു

ത്തഘട്ടമായി പത്രങ്ങൾ ഏറ്റെടുത്തു.

എന്നാൽ, നടക്കാത്തതോ, സർക്കാർ തീരുമാനം എടുത്തിട്ടില്ലാത്തതോ ആയ മറ്റൊരു പ്രശ്നം പത്രങ്ങൾ ഊതിപ്പെരുപ്പിച്ചത് നാട്ടിൽ അത്ഭുതതരംഗംതന്നെ സൃഷ്ടിച്ചു. സത്യത്തിന്റെ കണികലവലേശമില്ലാത്ത സമരമായിരുന്നു 'ഒരണസമരം' എന്നപേരിൽ പിൽക്കാലത്ത് ചരിത്രത്തിന്റെ ഭാഗമായത്.

കുട്ടനാട്ടിലെ ഒരു ബോട്ടുകടവിലാണ് ഈ സമരത്തിന്റെ പിറവി. കേരള സ്റ്റുഡന്റ്സ് യൂണിയൻ എന്ന കെഎസ്‌യു ഈ സമരത്തിന്റെ സന്തതിയാണ്. എ കെ ആന്റണി, വയലാർ രവി, ഉമ്മൻചാണ്ടി തുടങ്ങിയവരൊക്കെ നേതാക്കളായി മാറിയതും ഒരണസമരംവഴിയാണ്. വർഷങ്ങളായി കുട്ടനാട്ടിൽ വിദ്യാർഥികൾക്ക് ഒരണയായിരുന്നു കടത്തുകൂലി. ഇത് ഇ എം എസ് സർക്കാർ പത്തുപൈസയാക്കി വർധിപ്പിച്ചു എന്നായിരുന്നു പ്രചാരണം. വാസ്തവത്തിൽ അങ്ങനെയൊരു തീരുമാനം സർക്കാർ എടുത്തിരുന്നില്ല. ആ ദിശയിൽ ആലോചനപോലുമുണ്ടായിരുന്നില്ല. എന്നിട്ടും സമരം ശക്തിപ്പെട്ടു. നാട്ടിലാകെ സമരസന്ദേശം എത്തിക്കാൻ പത്രങ്ങൾ പരസ്പരം മത്സരിച്ചു. മാനേജ്മെന്റ് സ്കൂൾ ഉടമകൾ തങ്ങളുടെ സ്കൂളുകൾ ദിവസങ്ങളോളം അടച്ചിട്ട് വിദ്യാർഥികളെ തെരുവിലിറങ്ങി സമരംചെയ്യാൻ പ്രേരിപ്പിച്ചതും ഒരണസമരത്തിന്റെ ഭാഗമായി കേരളം കണ്ടു.

ഇതിന്റെ തുടർച്ചയായിരുന്നു വിദ്യാഭ്യാസബില്ലിന്റെ അവതരണം. 1957 ജൂലൈ ഏഴിന് സർക്കാർ പ്രസിദ്ധപ്പെടുത്തിയ വിദ്യാഭ്യാസബില്ല് ജൂലൈ 13നു നിയമസഭയിൽ അവതരിപ്പിച്ചു. ബില്ലിലെ വ്യവസ്ഥകൾ പുരോഗമനപരവും പതിറ്റാണ്ടുകളായി വിദ്യാഭ്യാസ കച്ചവടം നടത്തിവന്ന ചില മാനേജ്മെന്റുകൾക്ക് ദഹിക്കാത്തതുമായിരുന്നു. എന്നാൽ, ബില്ലിലെ നിർദേശങ്ങളോട് പ്രതിപക്ഷത്തിന് ശക്തമായി എതിർപ്പുമില്ലായിരുന്നു. ഈ ഘട്ടത്തിലാണ് സർക്കാരിനെ അട്ടിമറിക്കാനുള്ള നല്ലൊരു വടിയായി കത്തോലിക്കാസഭ വിദ്യാഭ്യാസബില്ലിനെതിരെ രംഗത്തെത്തിയത്. അതോടെ പ്രതിപഷത്തെ അഭിപ്രായവ്യത്യാസങ്ങൾ അപ്രത്യക്ഷമായി. അവരും ബില്ലിനെതിരെ ഒന്നിച്ചണിനിരന്നു.

സർക്കാരിനെതിരായ പ്രചാരവേല കൊടുമ്പിരികൊണ്ട മറ്റൊരു ഘട്ടമായിരുന്നു ഐക്യകേരളത്തിലെ ആദ്യനിയമസഭാ ഉപതെരഞ്ഞെടുപ്പ്. ദേവികുളം മണ്ഡലത്തിലായിരുന്നു അത്. കമ്യൂണിസ്റ്റ് പാർടിയിലെ റോസമ്മ പുന്നൂസും കോൺഗ്രസിലെ ബി കെ നായരും മുഖ്യഎതിരാളികൾ. തോറ്റാൽ കമ്യൂണിസ്റ്റ് ഭരണം തുലാസിലാകും.

കാരണം 64 അംഗ കമ്യൂണിസ്റ്റ് ബ്ലോക്കിൽ ഒരാൾ സ്പീക്കർ. പ്രതിപക്ഷത്തിന് 62 എംഎൽഎമാർ. ബി കെ നായർ ജയിച്ചാൽ പ്രതിപക്ഷം 63ലെത്തും. ഭരണപക്ഷം 63. എന്തിനുമേതിനും സ്പീക്കറുടെ കാസ്റ്റിങ്വോട്ടാകും സർക്കാരിന്റെ ഭാവി നിശ്ചയിക്കുക. പക്ഷേ, ദേവികുളം കൈവിട്ടില്ല. 1958 മെയ് 16ന് വോട്ടെടുപ്പു നടന്നു. അന്ന് ഇന്ത്യയിലെ ഏറ്റവും വലിയ നിയമസഭാമണ്ഡലമായിരുന്ന ദേവികുളത്ത് ഉപതെരഞ്ഞെടുപ്പിൽ 1,58,768 വോട്ടർമാരിൽ 84 ശതമാനംപേരും വോട്ടുചെയ്തു. മെയ് 19ന് വോട്ടെണ്ണി ഫലംപ്രഖ്യാപിച്ചു– റോസമ്മ പുന്നൂസ് ജയിച്ചു; ഭൂരിപക്ഷം 7089.

ഇനിയാണു രസം. പിറ്റേദിവസം പുറത്തിറങ്ങിയ പത്രങ്ങളിൽ മഹാഭൂരിപക്ഷവും കമ്യൂണിസ്റ്റ് പാർടിയുടെ ഈ വിജയത്തിന്റെ തിളക്കം കുറയ്ക്കാൻ തങ്ങളാലാകുന്നതു മുഴുവൻ ചെയ്തു. ചില സാമ്പിളുകൾ ഇതാ.

ആർഎസ്പിയുടെ മുഖപത്രം കൗമുദി എഴുതി: 'ദേവികുളത്തെ അക്ഷരാഭ്യാസമില്ലാത്ത പാവപ്പെട്ട തമിഴർക്കു കേരളവുമായി വൈകാരികബന്ധമൊന്നുമില്ല. ഇത് ഒരു സന്നദ്ധസൈന്യത്തിന്റെ വിജയമാണ്'.

എൻഎസ്എസിന്റെ മുഖപത്രം മലയാളരാജ്യം: 'ഈ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം ഇത്രകണ്ട് അനാവശ്യമായി വർധിപ്പിച്ച് കോൺഗ്രസാണ്'.

കേരളഭൂഷണം എഴുതി 'ഒരു ഉപതെരഞ്ഞെടുപ്പിൽ ജയിച്ചെന്നു കരുതി സംസ്ഥാനഭരണം ജനങ്ങൾ അപ്പടി അംഗീകരിക്കുമെന്നു വ്യാമോഹിക്കരുത്'.

ഇന്നത്തെപോലെതന്നെ മലയാള മനോരമ അന്നും എഴുതി: 'കമ്യൂണിസ്റ്റ് പാർടിയുടെ ജനസ്വാധീനം ഗണ്യമായി കുറഞ്ഞുവെന്നാണ് ഉപതെരഞ്ഞെടുപ്പുഫലം തെളിയിക്കുന്നത്. 1957ലെ ഭൂരിപക്ഷം 9686 വോട്ടിൽനിന്ന് ഇപ്പോൾ 7089 വോട്ടായി ഇടിഞ്ഞു!'.

എന്നാലിവയുടെ കൂട്ടത്തിൽ കത്തോലിക്കസഭയുടെ പത്രമായ 'ദീപിക' എന്തുകൊണ്ടും മുമ്പിലായിരുന്നു. ദേവികുളം ഉപതെരഞ്ഞെടുപ്പിൽ അവരുടെ തിരുവനന്തപുരം ലേഖകൻ കെ സി സെബാസ്റ്റ്യൻ തെരഞ്ഞെടുപ്പുരംഗം നേരിട്ട് റിപ്പോർട്ട് കൊടുത്തത് എങ്ങനെയെന്നു നോക്കുന്നതു നന്നായിരിക്കും. ഇതാ, ഒരുദാഹരണം!

'കോൺഗ്രസ് കേന്ദ്രങ്ങളിൽ പണത്തിനു നന്നേ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കമ്യൂണിസ്റ്റ് കേന്ദ്രങ്ങളിൽ ഇപ്പോഴും പണം വാരിയെറിയുന്നു... പാമ്പനാറിലാണ് കമ്യൂണിസ്റ്റ് പാർടിയുടെ മുഖ്യതെ

രഞ്ഞെടുപ്പ് ഓഫീസ്. ആറരമണിക്ക് ഞങ്ങളെത്തുമ്പോൾ 10 വണ്ടികൾ അവിടെ കിടപ്പുണ്ട്. പാമ്പനാറിൽ കാറും പണവും ഇട്ടടിച്ചിട്ടും വലിയ ആശാവഹമായ നിലപാട് കമ്യൂണിസ്റ്റുകാർക്കില്ല. അവിടെ നിന്നും അധികം അകലെയല്ലാതെയാണ് കോൺഗ്രസ് ഓഫീസ്. കാറുകൾ ഒന്നുപോലും അവിടെയില്ല. എങ്കിലും ഉത്സാഹമുള്ള കോൺഗ്രസ് പ്രവർത്തകർ കമ്യൂണിസ്റ്റുകാരുടെ കാറിനോടും പണത്തോടും മല്ലടിച്ചു പ്രവർത്തിക്കുന്നു...'

ദേവികുളം ഉപതെരഞ്ഞെടുപ്പു ഫലത്തോടെ കേരളരാഷ്ട്രീയം നിർണായകമായ വഴിത്തിരിവിലെത്തി. എല്ലാ വിരുദ്ധശക്തികളും വിദ്യാഭ്യാസബില്ല് അവതരണത്തിനുശേഷം ഭൂരിപക്ഷം സമുദായസംഘടനകളും ബഹുഭൂരിപക്ഷം പത്രങ്ങളും ഒന്നിച്ചണിനിരന്നിട്ടും ദേവികുളത്ത് കമ്യൂണിസ്റ്റ്പാർടിയെ തോൽപ്പിക്കാനായില്ല. അതിന്റെ ജാള്യം ഒരുവശത്ത്. കമ്യൂണിസ്റ്റ്പാർടി ഈ നില തുടർന്നാൽ തങ്ങളുടെ കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോകുമെന്ന തിരിച്ചറിവ് മറുവശത്ത്. ഇങ്ങനെ വല്ലാത്തൊരു അന്തരാളഘട്ടത്തിലായി കമ്യൂണിസ്റ്റ് വിരുദ്ധശക്തികൾ.

അവർക്കു സംഘടിക്കാനും യോജിപ്പു വിപുലപ്പെടുത്താനുമുള്ള സാഹചര്യം കുറെക്കൂടി ശക്തമായി പകർന്നുനൽകുന്നതായി മൂവാറ്റുപുഴ മുനിസിപ്പൽ തെരഞ്ഞെടുപ്പിലെ വിജയം. ആകെയുള്ള 16ൽ ഒമ്പതുസീറ്റും കമ്യൂണിസ്റ്റ്പാർടി നേടി. കോൺഗ്രസിന്റെ ശക്തിദുർഗങ്ങളിലൊന്നായ ഇവിടെ അടിതെറ്റുമെന്ന് അവർ സ്വപ്നേപി വിചാരിച്ചിരുന്നില്ല. തൊട്ടുമുമ്പു നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൂവാറ്റുപുഴ ഉൾപ്പെടുന്ന കോൺഗ്രസ് നേതാവ് കെ എം ജോർജിന്റെ മണ്ഡലത്തിൽ രണ്ട് സ്വതന്ത്രസ്ഥാനാർഥികൾ മാത്രമാണ് കമ്യൂണിസ്റ്റ് പാർടിയുടെ ബാനറിൽ ജയിച്ചുവന്നത്. അവിടെയാണിപ്പോൾ കമ്യൂണിസ്റ്റുകാർ വെന്നിക്കൊടി നാട്ടിയത്. എങ്ങനെ സഹിക്കും വിരുദ്ധശക്തികൾ! ആ വിജയത്തിൽ സഹിക്കവയ്യാതെ കൗമുദി എഴുതി:

'കമ്യൂണിസ്റ്റ് ഗവൺമെന്റിനെ അസഭ്യംകൊണ്ട് അഭിഷേകം ചെയ്യുന്ന പ്രസംഗങ്ങളും പ്രസ്താവനകളും മാത്രം ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ പോകുന്നവയാണെന്നുള്ള വ്യാമോഹം പരിത്യജിക്കാനാണ് മൂവാറ്റുപുഴ തെരഞ്ഞെടുപ്പുഫലം പ്രതിപക്ഷങ്ങളോട് ആവശ്യപ്പെടുന്നത്...'

അണിയറയിൽ അരങ്ങൊരുക്കുകയായിരുന്നു എന്നർഥം. എത്രയൊക്കെ പ്രകോപനം സൃഷ്ടിച്ചിട്ടും, കമ്യൂണിസ്റ്റ് വിരുദ്ധശക്തികൾ യോജിപ്പോടെ നിന്നിട്ടും നിക്ഷിപ്ത താൽപര്യക്കാർക്കു ജയിക്കാനാ

കുന്നില്ല. മറിച്ച് അടിക്കടി പരാജയത്തിന്റെ പരമ്പരകളും! ഇതൊന്നും പക്ഷേ, വിരുദ്ധശക്തികളെ തളർത്തിയില്ല. വിമോചനസമരത്തിന്റെ കാഹളംമുഴക്കിയുള്ള ചില ഡ്രസ് റിഹേഴ്സൽ അതിനകം നടത്തിയെങ്കിലും പരാജയമായിരുന്നുവല്ലോ ഫലം. പക്ഷേ, ആ തകർച്ചയ്ക്കിടയിലും, കമ്യൂണിസ്റ്റ്‌വിരുദ്ധ ശക്തികൾക്കു ആത്മവിശ്വാസവും പ്രചോദനവും ഊർജവും നൽകുന്ന ചില ശക്തികൾ ഇവിടെ ഉണ്ടായിരുന്നു- പത്രങ്ങൾ! വരാനിരിക്കുന്ന നാളുകൾ പത്രങ്ങൾ നടത്താൻപോകുന്ന നെറികെട്ട പ്രചാരണങ്ങങ്ങളുടേതാണെന്ന് ആർക്കും ഊഹിക്കാൻപോലുമായില്ല. ■

അധ്യായം-10

# വിമോചനസമരത്തിലേക്ക്

പ്രശസ്ത ചിന്തകൻ ഡോ. കെ എൻ പണിക്കർ എഴുതി: 'സ്വാതന്ത്ര്യാനന്തരം മാധ്യമലോകത്തും സംഭവിച്ച ഒരുമാറ്റം മതേതരത്വവും വർഗീയതയും തമ്മിലുള്ള ആശയസമരമായിരുന്നു. ഒരു മതേതരരാഷ്ട്രം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ മാധ്യമങ്ങളുടെ ഒരുവലിയവിഭാഗം കക്ഷിചേർന്നു. മുൻതൂക്കം മതേതരത്വത്തിന്റേതായിരുന്നു. അതിനുശേഷമാണ് മാറ്റം സംഭവിക്കുന്നത്. വർഗീയത രാഷ്ട്രീയമായി ആക്രമണോത്സുകമാകുന്നതോടുകൂടി മാധ്യമങ്ങളുടെ സമീപനത്തിലും മാറ്റം സംഭവിക്കാൻ തുടങ്ങി. മതേതരത്വത്തെയും വർഗീയതയെയും സമാനമായി കാണുന്നതാണ് തുടക്കം. പിന്നീട് മതേതരത്വത്തിന് സിദ്ധിച്ചിരുന്ന ഇടം ചുരുങ്ങിച്ചുരുങ്ങിപ്പോയി. ഈ ഇടം വർഗീയത കൈയ്യടക്കുകയും ചെയ്തു. ഒരു ഘട്ടംവന്നപ്പോൾ മതേതരത്വത്തിന് ഇടമില്ലാത്ത വർഗീയത നിറഞ്ഞുനിൽക്കുന്ന അവസ്ഥയായി...' (ഡോ. കെ എൻ പണിക്കർ. പൊതുമണ്ഡലവും മാധ്യമങ്ങളും-ലേഖനം).

എന്താണിതിനർഥം? മതേതരസങ്കൽപ്പത്തിൽനിന്നു മാധ്യമങ്ങൾ വർഗീയതയിലേക്കു തിരിഞ്ഞു എന്നല്ലേ. 1959ൽ കേരളത്തിൽ അരങ്ങേറിയ വിമോചനസമരത്തിൽ മാധ്യമങ്ങൾ-അന്നത്തെ പത്രങ്ങൾ-വഹിച്ച പങ്കിനെ തുറന്നുകാട്ടുന്നതാണ് കെ എൻ പണിക്കരുടെ മേലുദ്ധരിച്ച നിരീക്ഷണം.

സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ ഘട്ടത്തിൽ രാജ്യത്തു

യർന്ന ശ്രേഷ്ഠമായ മുദ്രാവാക്യങ്ങളുടെ സാക്ഷാത്കാരത്തിനു ശ്രമിച്ച പാരമ്പര്യംപേറിയ ചില പത്രങ്ങളും കേരളത്തിലുണ്ട്. ഒന്നാം ഇ എം എസ് സർക്കാരിനെതിരെ നിക്ഷിപ്തതാൽപര്യക്കാരും രാഷ്ട്രീയ എതിരാളികളും അഴിച്ചുവിട്ട പ്രചണ്ഡമായ കുപ്രചാരണങ്ങൾ ഏറ്റെടുക്കാൻ ആ പത്രങ്ങളും കൊണ്ടുപിടിച്ചു ശ്രമിച്ചു. ഇതിന്റെ ഫലമായാണ് കത്തോലിക്കാ പള്ളികളും എൻഎസ്എസും മുസ്ലിംസംഘടനകളും കോൺഗ്രസ് ഉൾപ്പെടെയുള്ള രാഷ്ട്രീയപാർടികളും ബോധപൂർവം ആസൂത്രണം ചെയ്ത വിമോചനസമരം എന്ന രാഷ്ട്രീയാഭാസം കേരളത്തിന്റെ 'ചുവന്നമണ്ഡലത്തിൽ' അരങ്ങേറിയത്.

വാസ്തവത്തിൽ, പ്രഥമസർക്കാരിന്റെ പുരോഗമനപരമായ നടപടികൾക്കോ നയങ്ങൾക്കോ ഭരണപരിഷ്കാരങ്ങൾക്കോ എതിരായിരുന്നില്ല വിമോചനസമരം. മറിച്ച്, അത്തരം ജനകീയമുഖമുള്ള ക്ഷേമനടപടികൾവഴി കേരളം ഐശ്വര്യപൂർണമായൊരു പുതിയ ലോകത്തേക്കു കടക്കുമെന്ന നിലവന്നു. അതിനു നേതൃത്വം നൽകുന്ന കമ്യൂണിസ്റ്റ്പാർടി കേരളത്തിൽ ജനങ്ങളുടെ പിന്തുണ പേർത്തുംപേർത്തും നേടുമെന്നും അതുവഴി പാർടി ആർക്കും ചോദ്യം ചെയ്യാനാകാത്ത രാഷ്ട്രീയശക്തിയായി മാറുമെന്നും നിക്ഷിപ്തതാൽപര്യക്കാരും ഗൂഢചിന്താഗതിക്കാരും ഭയപ്പെട്ടു.

അവർ ഭയപ്പെട്ടതുതന്നെയാണ് നടന്നതും. ദേവികുളം ഉപതെരഞ്ഞെടുപ്പും മൂവാറ്റുപുഴ നഗരസഭാ തെരഞ്ഞെടുപ്പും അതിനിടയിൽ നടന്ന ഏതാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉപതെരഞ്ഞെടുപ്പുമൊക്കെ അവരുടെ ഭയത്തിന് ശക്തിവർധിക്കുകയായിരുന്നു. ഇതിന്റെ രത്നച്ചുരുക്കം ഇതാണ്: കമ്യൂണിസ്റ്റ് പാർടി കേരളത്തിൽ അനിഷേധ്യശക്തിയാകുന്നു. അതുകൊണ്ട് പാർടിയെ എങ്ങനെയും തകർക്കണം. അതിനു സ്വീകരിച്ച കുത്സിതമാർഗമായിരുന്നു വിമോചനസമരം. കേരളത്തിന്റെ രാഷ്ട്രീയചരിത്രം അന്വേഷിക്കുന്ന ആർക്കും മൂക്കത്തു വിരൽവച്ചുകൊണ്ടുമാത്രമേ അന്നത്തെ രാഷ്ട്രീയ നാടകങ്ങളിലൂടെയും അവയ്ക്ക് ഉളുപ്പേതുമില്ലാതെ പത്രങ്ങൾ നൽകിയ കണ്ണുമടച്ചുള്ള പിന്തുണയിലൂടെയും സഞ്ചരിക്കാനാകൂ!

വിഖ്യാത മാർക്സിസ്റ്റ് ദാർശനികനും ഇറ്റാലിയൻ കമ്യൂണിസ്റ്റ്പാർടി ജനറൽ സെക്രട്ടറിയുമായിരുന്ന അന്റോണിയോ ഗ്രാംഷി (1891–1937) യുടെ പ്രസിദ്ധമായ സിദ്ധാന്തമാണ് 'മേൽപ്പുര സിദ്ധാന്തം' അഥവാ ഹെജിമണി. മേൽപ്പുര സിദ്ധാന്തത്തിന്റെ രത്നച്ചുരുക്കം ഇങ്ങനെ:

'നിക്ഷിപ്ത താൽപര്യങ്ങളുടെ കേദാരമായ ഭരണകൂടത്തിന് ജനങ്ങളുടെമേൽ നിയന്ത്രണം ചെലുത്താൻ ആയുധബലം മാത്രമല്ല

ആശ്രയം. നിരവധി മറ്റുമാർഗങ്ങളും അവർക്കുമുന്നിൽ തുറന്നുകിടക്കുന്നു. ഇതിൽ ബൗദ്ധികമാർഗങ്ങൾ സവിശേഷമായ സ്ഥാനം അലങ്കരിക്കുന്നുണ്ട്. ബലപ്രയോഗംകൂടാതെ ദാർശനിക മാർഗങ്ങളും ഭരണകൂടം ആശ്രയിക്കും. രാഷ്ട്രീയകക്ഷികൾ, സന്നദ്ധസംഘടനകൾ, പള്ളികൾ, വിദ്യാലയങ്ങൾ എന്നിവയൊക്കെ ഈ ബൗദ്ധിക മാർഗങ്ങളാണ്. ഈ ദാർശനികപ്രയോഗം വഴിയാണ് അവർ ജനങ്ങളെ നിയന്ത്രിക്കുക. ഇവയുടെ സമർഥമായ പ്രയോഗസാധ്യതയിലൂടെ സൃഷ്ടിക്കപ്പെടുന്ന 'രാഷ്ട്രീയസമ്മതി' ആണ് ജനങ്ങളിൽ നിയന്ത്രണം ഉണ്ടാക്കാൻ ഭരണകൂടം ഉപയോഗിച്ചുപോരുന്നത്.

വിമോചനസമരകാലത്ത്, നിക്ഷിപ്തതാൽപര്യക്കാർ അന്നത്തെ പത്രങ്ങളെ ഉപയോഗിച്ച് നടത്തിയ പ്രചാരണമായ ആശയകോലാഹലം ഗ്രാംഷിയുടെ നിരീക്ഷണം പാടേ ശരിവയ്ക്കുന്നു. അതുവഴി സൃഷ്ടിക്കപ്പെട്ട രാഷ്ട്രീയസമ്മതിയാണ് ഇ എം എസ് സർക്കാരിനെ പിരിച്ചുവിടുന്ന 1959 ജൂലൈ 31ന്റെ നടപടിയിലേക്കു നയിച്ചത്.

കെ എൻ പണിക്കരുടെയും ഗ്രാംഷിയുടെയും നിരീക്ഷണം ചേർത്തുവായിച്ചാൽ, എങ്ങനെയാണ് വിമോചനസമരഘട്ടത്തിൽ നിക്ഷിപ്തതാൽപര്യക്കാർ തങ്ങളുടെ 'രാഷ്ട്രീയദർശനം' നടപ്പാക്കാൻ പത്രങ്ങളെ ഉപയോഗിച്ചതെന്നു കാണാം. കത്തോലിക്കാസഭയുടെ പത്രമായ 'ദീപിക' അക്കാലത്തു പ്രസിദ്ധീകരിച്ച ഏതാനും വാർത്തകളുടെ തലക്കെട്ടുകൾ മാത്രം നമുക്കു പരിശോധിക്കാം.

ഒന്ന്: ആലപ്പുഴയിൽ അരിവാൾപ്പടയുടെ ആക്രമണം.

രണ്ട്: കണ്ണിൽക്കണ്ടവരെയെല്ലാം കൊല്ലുന്നു.

മൂന്ന്: കിഴക്കേ കല്ലടയിൽ കമ്യൂണിസ്റ്റ്രാജ്.

നാല്: കേരളത്തിൽ പട്ടാളം ഇറങ്ങാൻപോകുന്നു.

അഞ്ച്: കമ്യൂണിസ്റ്റുകാർ ചെയ്യുന്ന കൊടുംക്രൂരതയുടെ കഥകൾ കേട്ട് രാഷ്ട്രപതി കരഞ്ഞു.

വിമോചനസമരത്തിന്റെ സമയവും തീയതിയുംവച്ചുള്ള പരിശോധന ഇവിടെ അപ്രസക്തമാണ്. എന്നാൽ, അന്നത്തെ സംഭവങ്ങളുമായി ബന്ധപ്പെട്ട് മറ്റു ചില പത്രങ്ങൾകൂടി എങ്ങനെ പെരുമാറി, വാർത്തകൾ എങ്ങനെ കൈകാര്യം ചെയ്തു എന്നറിയണം. സമരം ശക്തമായി നടക്കവെ, പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കേരളസന്ദർശനം. 1959 ജൂൺ 22ന് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ അദ്ദേഹം രാജ്ഭവനിലാണു തങ്ങിയത്. എത്തിയതിന്റെ രണ്ടാംദിവസം, ജൂൺ 24ന് മലയാള മനോരമ എന്ന മലയാളപത്രം ഒരു മുഖപ്രസംഗം എഴതി– ഇംഗ്ലീഷിൽ! മലയാള വായനക്കാർക്ക് ഇംഗ്ലീഷ് മുഖപ്രസംഗം!! നെഹ്റുവിന് ആരുടെയും സഹായം

ഇല്ലാതെ കാര്യം മനസ്സിലാകണമല്ലോ. മുഖപ്രസംഗത്തിന്റെ തലക്കെട്ട് ഇങ്ങനെ: `Kerala Agitation and constitution (കേരളത്തിലെ കലാപവും ഭരണഘടനയും). എന്തുകൊണ്ട് കേരളസർക്കാരിനെ പിരിച്ചുവിടണം എന്നായിരുന്നു മുഖപ്രസംഗത്തിന്റെ ഉള്ളടക്കം. അതിന് മുഖപ്രസംഗത്തിൽ ആറുകാരണങ്ങൾ അക്കമിട്ടു നിരത്തി.

ജൂൺ 25ന് മറ്റൊരു മലയാളപത്രം കേരളഭൂഷണവും ഇംഗ്ലീഷ് മുഖപ്രസംഗവുമായി മലയാളികൾക്കുമുന്നിൽ പ്രത്യക്ഷപ്പെട്ടു. മലയാളംമാത്രം അറിയുന്നവർ അന്നത്തെ മുഖപ്രസംഗം വായിക്കേണ്ടെന്നു പത്രമുടമകൾ  തീരുമാനിച്ചുകളഞ്ഞു! തലക്കെട്ട് ഇതായിരുന്നു : `We appeal to Pandit Nehru (പണ്ഡിറ്റ് നെഹ്റുവിനോടു ഞങ്ങളുടെ അഭ്യർഥന).

ജൂൺ 25ന് നെഹ്റുവിന്റെ മടക്കയാത്ര. വിമാനത്തിൽ കയറും മുമ്പ് പത്രപ്രതിനിധികളുടെ ചോദ്യങ്ങൾക്കു അദ്ദേഹം മറുപടി നൽകി. അതിൽനിന്നുള്ള രണ്ടുചോദ്യങ്ങളും അവയ്ക്കു നൽകിയ ഉത്തരങ്ങളും ഇവിടെ ചേർക്കാം.

ചോദ്യം: കേരള സർക്കാരിനെതിരെ കേന്ദ്ര ഇടപെടൽ ഇപ്പോൾ ഉണ്ടാകുമോ.

നെഹ്റു: ഇപ്പോൾ കേരളത്തിൽ ഇടപെടുകയല്ല ഉദ്ദേശം. ഏതു സംസ്ഥാനത്തും കേന്ദ്ര ഇടപെടൽ പരമാവധി കുറയ്ക്കും. പക്ഷേ, കേരളത്തിൽ പിന്നീടെന്തു നടക്കും എന്നു ഇപ്പോൾ പറയുക വയ്യ.

ചോദ്യം: വിമോചനസമരം എന്നപേരിൽ നടക്കുന്ന ലഹളകളെപ്പറ്റി നിരവധി ആക്ഷേപം ഉണ്ട്. താങ്കൾ എന്തുപറയുന്നു.

നെഹ്റു: പിക്കറ്റിങ്ങിനോട് എനിക്ക് യോജിപ്പില്ല. സ്കൂളുകളും ബസുകളും പിക്കറ്റ് ചെയ്യുന്നതിനോടു യോജിക്കുന്നില്ല. വിദ്യാർഥി–വിദ്യാർഥിനികളെ സമരത്തിനിറക്കുന്നതും സമരക്കാർ ബസുകൾ തടയുന്നതും ശരിയായ കാര്യമല്ല.

ചോദ്യങ്ങൾ നിരവധി ഉണ്ടായിരുന്നു. അവയ്ക്കെല്ലാം അദ്ദേഹം സൗമ്യമായി മറുപടി നൽകി. ഏറ്റവുമൊടുവിൽ ആരും ചോദിക്കാതെതന്നെ അദ്ദേഹം മറ്റു ചിലതുകൂടി പറഞ്ഞു. അദ്ദേഹത്തിന്റെ ധീഷണയെ നമിക്കുകയേ നമുക്കു മാർഗമുള്ളു. ചോദിക്കാതെതന്നെ നെഹ്റു പറഞ്ഞത് ഇതാണ്:

'കേരളത്തിലെ മലയാളപത്രങ്ങളെപ്പറ്റി ഒരുകാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. മലയാളപത്രങ്ങൾ അവയുടെ ശക്തിക്കും ഓജസിനും അപ്പുറമുള്ള ഭാഷയാണ് സ്വീകരിക്കുന്നതെന്നു എനിക്കു തോന്നുന്നു. ഏതാനും പത്രവാർത്തകളുടെ തർജമകളും ഞാൻ വായിച്ചു. കുറെക്കൂടി സൗമ്യമായ ഭാഷയിൽ തങ്ങളുടെ അഭിപ്രായം പ്രക

ടിപ്പിക്കാൻ ഈ പത്രങ്ങളോട് ഞാൻ അഭ്യർഥിക്കുന്നു...'

മലയാളമനോരമയും കേരളഭൂഷണവും ഈ ദിവസങ്ങളിൽ എഴുതിയ ഇംഗ്ലീഷ് മുഖപ്രസംഗം അദ്ദേഹം വായിച്ചുവെന്നു ഉറപ്പ്! വിമോചനസമരകാലത്ത് കേരളത്തിലെ പത്രങ്ങൾ സ്വീകരിച്ചത് ഏകപക്ഷീയവും ഭ്രാന്തവുമായ നിലപാടാണ് എന്നതിന് ഇതിൽപ്പരം തെളിവെന്തിന്?

അപ്പോൾ പ്രശ്നം ഇതാണ്: ഇ എം എസ് സർക്കാരിന്റെ പല നടപടികളും ജനക്ഷേമതൽപരതയും പുരോഗമനാത്മകതയും പ്രതിഫലിപ്പിക്കുന്നു. അതിനാൽ അത്തരം നയങ്ങളെയും അവയെ ആധാരമാക്കി സർക്കാർ കൈക്കൊണ്ട ഭരണനടപടികളെയും അത്രയ്ക്കങ്ങു കണ്ണടച്ചു എതിർക്കാൻ മേലാ. അതേസമയം, സർക്കാരിനെയും അതിനു നേതൃത്വം നൽകുന്ന കമ്യൂണിസ്റ്റ് പാർടിയെയും നഖശിഖാന്തം എതിർക്കുകയും വേണം. അതിനെന്തു വഴി?

അതിനുള്ള വഴി, ഒരുവെടിക്കു രണ്ടുപക്ഷിയെ വീഴ്ത്തലാണ്. അതിന്, കള്ളം, പച്ചക്കള്ളം പറയുക. അതാവർത്തിക്കുക. കള്ളത്തിന് കമ്യൂണിസ്റ്റ് പാർടിയും അതിന്റെ നേതൃത്തിലുള്ള സർക്കാരും എന്നു മുദ്രചാർത്തുക- ഈ ഗീബത്സിയൻ തന്ത്രമായിരുന്നു അവർ പയറ്റിയത്. ഈ ലക്ഷ്യം നേടാൻ മതമെങ്കിൽ മതം, ജാതിയെങ്കിൽ ജാതി, സമുദായമെങ്കിൽ സമുദായം- ഇതായിരുന്നു വിരുദ്ധശക്തികളുടെ കൈയ്യിലെ ആയുധം. ബലിഷ്ഠവും ഏതുസമയത്തും സ്ഥലത്തും ഉപയോഗിക്കാനും കഴിയുമായിരുന്ന ഈ ആയുധക്കൂമ്പാരങ്ങൾക്കു സമീപം എന്തിനുമേതിനും തയ്യാറായി നിലകൊണ്ട വെടിക്കെട്ടാശാൻമാരായി ഒരുപറ്റം പത്രങ്ങളും.

വിമോചനസമരത്തിനു പ്രശ്നസങ്കീർണ്ണമായ രാഷ്ട്രീയപരിസരം സൃഷ്ടിച്ചത് ഈ പത്രങ്ങളായിരുന്നു എന്നു ചരിത്രം രേഖപ്പെടുത്തി. വിമോചനസമരകാലം ഇവയ്ക്ക് ചാകരയായിരുന്നു. പക്ഷേ, അവിടംകൊണ്ട് അവസാനിപ്പിക്കാൻ ഈ പത്രങ്ങൾ ഒരുക്കമായിരുന്നില്ല. കേരളവികസനത്തിന്റെ നിർണായഘട്ടങ്ങളിലൊക്കെ പഴയ ആയുധങ്ങൾക്കു മൂർച്ചയേകി അവ കാത്തിരുന്നു; സന്ദർഭം കിട്ടിയപ്പോഴൊക്കെ സമർഥമായി ഈ ആയുധങ്ങൾ പ്രയോഗിക്കുകയും ചെയ്തു! ■

അധ്യായം-11

# ജനകീയാസൂത്രണവും മാധ്യമങ്ങളും

**1996–2001** കാലത്ത് കേരളത്തിൽ അധികാരത്തിലിരുന്ന മൂന്നാം നായനാർ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ജനപക്ഷ വികസനപദ്ധതികളെയാണ് 'ജനകീയാസൂത്രണം' (People's Planning) എന്നു പൊതുവെ വിവക്ഷിച്ചുപോരുന്നത്. ആഗോളപ്രശസ്തിയാർജിച്ച 'കേരള മോഡൽ' പദ്ധതികളുടെ അലകുംപിടിയും പുതുക്കി അതിന്റെ പിന്തുടർച്ച എന്നനിലയിൽ കുറേക്കൂടി ജനകീയമായ ബദൽ വികസനപദ്ധതി എന്ന നിലയിലാണ് ജനകീയാസൂത്രണം വിഭാവന ചെയ്യപ്പെട്ടത്.

ഇന്ത്യൻ ആസൂത്രണത്തിന്റെ വിജയപരാജയങ്ങളുടെ പശ്ചാത്തലവും അനുഭവവും വിലയിരുത്തുക, അതിന്റെ കോട്ടങ്ങൾ മനസ്സിലാക്കുക, അവ എങ്ങനെ തിരുത്താം, പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന രാജ്യത്തെ സാമ്പ്രദായിക ആസൂത്രണരീതിശാസ്ത്രത്തിൽ നിന്നുമാറി ജനങ്ങളുടെ ആവശ്യവും അടിസ്ഥാനപ്രശ്നങ്ങളും മനസ്സിലാക്കുക, അങ്ങനെ ഓരോ പ്രദേശത്തെയും സവിശേഷമായ വികസനത്തിനുതകുന്ന പദ്ധതികൾക്ക് രൂപം നൽകുക, അവയുടെ നിർവഹണത്തിന് തദ്ദേശീയമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക, അത്തരം പദ്ധതികളുടെ ഫലപ്രദമായ മേൽനോട്ടത്തിനും നിർവഹണത്തിനും അതത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അധികാരം നൽകുക, പദ്ധതിയുടെ സാമ്പത്തിക സമാഹരണത്തിന് തദ്ദേശസ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുക, പ

ദ്ധതി നിർവഹണത്തിന് സംസ്ഥാന ബജറ്റിൽനിന്ന് സാമ്പത്തികസഹായം അനുവദിക്കുക...

ജനകീയാസൂത്രണത്തിന്റെ പ്രാദേശികമായ ആസൂത്രണ, നിർവഹണ പ്രക്രിയയുടെ ദീർഘമേറിയ ചാലുകൾ ഇങ്ങനെ പോകുന്നു. കേരളത്തിന്റെ സാമൂഹ്യജീവിതത്തിന്റെ പുതുക്കിപ്പണിയൽ ലക്ഷ്യമിട്ടാണ് 1996-2001ലെ എൽഡിഎഫ് സർക്കാർ ജനകീയാസുത്രണ പദ്ധതിക്ക് രൂപംനൽകി നടപ്പാക്കിയത്.

1995ൽ തിരുവനന്തപുരത്തു നടന്ന കേരള പഠനകോൺഗ്രസ് ഈ ദിശയിൽ ശ്രദ്ധേയമായ കാൽവെപ്പ് നടത്തി. തുടർന്നാണ് ഇ എം എസ് അധ്യക്ഷനായ സമിതി ജനകീയാസൂത്രണപദ്ധതിക്കു ചുക്കാൻപിടിച്ചത്. കാർഷികബന്ധ ബിൽ, അധികാരവികേന്ദ്രീകരണം, വിദ്യാഭ്യാസ പരിഷ്കരണം, സാക്ഷരതാപ്രസ്ഥാനം. സ്ത്രീശാക്തീകരണം തുടങ്ങിയവയൊക്കെ വിവിധകാലത്ത് കമ്യൂണിസ്റ്റ്-ഇടതുപക്ഷ സർക്കാരുകളുടെ മികച്ച ജനപക്ഷവികസനത്തിന്റെ മാതൃകകളായിരുന്നുവല്ലോ. ഈ ശ്രേണിയിലെ മറ്റൊരു ചരിത്രപരമായ ചുവടുവെപ്പായിരുന്നു ജനകീയാസൂത്രണം.

ഒറ്റനോട്ടത്തിൽ ഇതു വളരെ ആയാസരഹിതമായ വികസനപ്രക്രിയ എന്നുതോന്നാം. ഫലത്തിൽ അങ്ങനെയായിരുന്നില്ല. ജനകീയാസൂത്രണ പ്രക്രിയ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായിരുന്നു. സ്വാഭാവികമായും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൂടുതൽ അധികാരം കൈമാറണം. ഇതിന് പഞ്ചായത്തിരാജ്, നഗരപാലിക നിയമങ്ങളിൽ ഭേദഗതി വേണ്ടിവന്നു. അതിനനുസരിച്ച് ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തി. അവർക്കു മികച്ച പരിശീലനം നൽകി. സർക്കാർ ഫണ്ട് ബജറ്റുവഴി താഴേത്തട്ടിലേക്ക് കൈമാറി. സങ്കീർണമായ പ്രവർത്തനങ്ങളുടെ സങ്കലനമായിരുന്നു ജനകീയാസൂത്രണം എന്നു ചുരുക്കം.

പദ്ധതിയുടെ തുടക്കത്തിൽതന്നെ എതിർപ്പും ഉയർന്നുവന്നു. അത് സ്വാഭാവികവുമായിരുന്നു. കാരണം, അടിസ്ഥാനവികസനപ്രശ്നങ്ങൾക്കൊക്കെ കേരളത്തിൽ പരിഹാരം കാണാൻ ശ്രമം നടത്തിയത് കമ്യൂണിസ്റ്റ്-ഇടതുപക്ഷ സർക്കാരുകളായിരുന്നുവല്ലോ. അത്തരം നയങ്ങൾക്കെതിരെ നിക്ഷിപ്തതാൽപര്യക്കാർ മുമ്പും രംഗത്തുവന്നത് , നേരെത്തെ നാം കണ്ടു. ആ നയങ്ങളുടെ ചുവടുപിടിച്ച് മൂന്നാം നായനാർ സർക്കാർ നടപ്പാക്കിത്തുടങ്ങിയ ജനകീയാസൂത്രണ പദ്ധതിക്കെതിരെ തുടക്കംമുതൽ വിവിധ നിക്ഷിപ്തതാൽപര്യക്കാരും രംഗത്തുവന്നു. അവർക്ക് പിന്തുണ നൽകിയതാകട്ടെ, മറ്റെല്ലാ പ്രശ്നങ്ങളിലും എന്നപോലെ, മാധ്യമങ്ങൾ തന്നെയായിരുന്നു. നിക്ഷിപ്തതാൽ

പര്യക്കാരിൽ ഇടതുപക്ഷവിരുദ്ധ രാഷ്ട്രീയക്കാരും ഉണ്ടാകുക സ്വാഭാവികം. ജനകീയാസൂത്രണത്തിൽ അവരുടെ കുഴലൂത്തുകാരായി ഒരുവിഭാഗം മാധ്യമങ്ങൾ മാറിയത് കേരളത്തിന്റെ വികസനചരിത്രത്തിലെ സമാനതകളില്ലാത്ത ഏടാണ്.

ജനകീയാസൂത്രണത്തിന്റെ മുഖ്യലക്ഷ്യം കേരളീയഗ്രാമങ്ങളിൽ 'ഗ്രാമസ്വരാജ്' സ്ഥാപിക്കുക എന്നതായിരുന്നു. ഗ്രാമസ്വരാജ് എന്നത് ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്നായിരുന്നുവല്ലോ. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 1950 ജനുവരി 26ന് നിലവിൽവന്ന ഇന്ത്യൻ ഭരണഘടനയുടെ നിർദേശകതത്വങ്ങളിൽ (Directive Principles of State Policy) ഗ്രാമസ്വരാജ് ലക്ഷ്യമായി പ്രഖ്യാപിച്ചു. തുടർന്നിങ്ങോട്ട് അധികാരത്തിൽവന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അത് നടപ്പാക്കാൻ തുനിഞ്ഞില്ല എന്നതു ചരിത്രത്തിന്റ മറ്റൊരു കൗതുകം.

ഈയൊരു അനുഭവംകൂടി പരിഗണിച്ചശേഷമാണ് ജനകീയാസൂത്രണ പ്രക്രിയയ്ക്ക് കേരളം തുടക്കംകുറിച്ചത്. എതിർപ്പുകൾ ഉയർന്നഘട്ടത്തിൽ ഇ എം എസ് തന്നെ ജനകീയാസൂത്രണത്തിന്റെ നിർവഹണത്തിൽ കടന്നുകൂടുന്ന ആശാസ്യമല്ലാത്ത പ്രവണതകൾ ചൂണ്ടിക്കാട്ടി. അതേസമയം, പദ്ധതിയുടെ പൊതു ഉള്ളടക്കത്തെയും അവ സഫലീകരിക്കുന്ന സാമൂഹ്യമായ ഉദ്ദേശലക്ഷ്യങ്ങളെയും അദ്ദേഹം അടിവരയിട്ടു ന്യായീകരിക്കുകയും ചെയ്തു.

ജനകീയാസൂത്രണ ഘട്ടത്തിലും ശേഷവും മുഖ്യധാരാമാധ്യമങ്ങളുടെ സമീപനം എന്തായിരുന്നു? നാടിന്റെ വികസനപ്രശ്നങ്ങളോടുള്ള ക്രിയാത്മക പ്രതികരണമായിരുന്നുവോ മാധ്യമങ്ങൾ ഇക്കാര്യത്തിലും പുലർത്തിയത്? സക്രിയമായ മാധ്യമഇടപെടൽ എന്ന നിലയിൽ ജനകീയാസൂത്രണ പ്രക്രിയയോടുള്ള മാധ്യമസമീപനത്തെ വിലയിരുത്താമോ?

പ്രശ്നം ഇതാണ്: ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ കാലം മുതലേ ഉയർന്നുവന്ന മുഖ്യമുദ്രാവാക്യമാണ് അധികാരവികേന്ദ്രീകരണം. ഇതിന്റെ ചുവടുപിടിച്ചാണ് കേരളവും ആ ദിശയിലേക്ക് നീങ്ങിയത്. ഭരണഘടനയിൽ എഴുതിവച്ച ഗ്രാമസ്വരാജ് സങ്കൽപ്പം യാഥാർഥ്യമാക്കുന്നതിനായിരുന്നു ജനകീയാസൂത്രണം. അധികാരവികേന്ദ്രീകരണപ്രക്രിയയും ഗ്രാമസ്വരാജ് സങ്കൽപ്പവും ഇതിന്റെ രണ്ട് വശങ്ങളായി മാറി. സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽനിന്ന് 35–40 ശതമാനംവരെ ബജറ്റുവഴി ത്രിതല പദ്ധതികൾക്ക് കൈമാറി. പതിനായിരക്കണക്കിന് ഉദ്യോഗസ്ഥാനുദ്യോഗസ്ഥർക്ക് പദ്ധതി നടത്തിപ്പിന് പരിശീലനം നൽകി. കേരളശാസ്ത്രസാഹിത്യപരിഷത്ത്, തിരുവന

ന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സിഡിഎസ്) എന്നിവയൊക്കെ ഈ ചരിത്രദൗത്യത്തിൽ ഭാഗഭാക്കായി. കേരളത്തെ പുതുക്കിപ്പണിയാനുള്ള ചരിത്രദൗത്യം ഏറ്റെടുക്കാൻ, അതിൽ കണ്ണികളാകാൻ ഏവരും മത്സരബുദ്ധിയോടെ പരിശ്രമിച്ചു.

പദ്ധതിയുടെ പ്രാധാന്യം വ്യക്തമാക്കുന്നതായിരുന്നു അതിന്റെ സംഘാടകസമിതി. കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി ഇ എം എസ് ആയിരുന്നു സമിതി അധ്യക്ഷൻ. മുൻമുഖ്യമന്ത്രിമാർ, മുൻ പ്രതിപക്ഷനേതാക്കൾ, എല്ലാ രാഷ്ട്രീയപാർടികളുടെയും പ്രതിനിധികൾ, വിവിധ ജനകീയസംഘടനകളുടെ പ്രതിനിധികൾ എന്നിവരൊക്കെ സംഘാടകസമിതിയിൽ അംഗങ്ങളായിരുന്നു. ഇത് സംസ്ഥാനതല സമിതി. കീഴ്ത്തട്ടുകളിൽ രൂപീകരിച്ച വിവിധ സമിതികളിലായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും പങ്കാളികളായി. കേരളത്തിന്റെ വികസനമുന്നേറ്റചരിത്രത്തിൽ പുത്തനധ്യായം എഴുതിച്ചേർത്തു ജനകീയാസൂത്രണം എന്നതാണ് സത്യം.

എന്നാൽ, പിന്നീടെന്തുണ്ടായി? കേരളശാസ്ത്രസാഹിത്യ പരിഷത്തും സിഡിഎസുമൊക്കെ സാമ്രാജ്യത്വ കിങ്കരന്മായത് എത്രവേഗമാണ് കേരളീയർ കണ്ടത്! ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, അഥവ ചരിത്രം ചികയുമ്പോൾ ഇതൊക്കെ അതിശയോക്തി അല്ലേ എന്നാലോചിച്ച് ചിലരെങ്കിലും നെറ്റിചുളിക്കും. എന്നാൽ, സത്യം അതായിരുന്നു. ജനകീയാസൂത്രണം മുൻനിർത്തിയുള്ള മാധ്യമവിമർശനങ്ങളെ 'ഫ്രണ്ട് ലൈൻ' ദ്വൈവാരിക 'മാധ്യമഭീകരത' എന്നാണ് വിശേഷിപ്പിച്ചത്. ഫ്രണ്ട് ലൈൻ എഴുതി:

''ഇത്തരത്തിലുള്ള മാധ്യമഭീകരത മലയാളം പത്രങ്ങൾ, ഐഎസ്ആർഒ ചാരക്കേസിലെന്നപോലെ, ട്രാക്ക് വിട്ടോടുന്ന സന്ദർഭങ്ങളിലേ കാണാൻ കഴിയൂ. ഈ കാമ്പെയ്നിൽ രാഷ്ട്രീയക്കാരും അക്കാദമിക് പണ്ഡിതന്മാരും പഠനകേന്ദ്രങ്ങളും സംസ്ഥാന താൽപര്യങ്ങൾ തകർക്കുന്നതിന് കൈകോർക്കുകയായിരുന്നു. ജനവികാരം സൃഷ്ടിക്കുന്നതിനുള്ള ഒരു ശ്രമമായിരുന്നു ഇത്....'' (ഫ്രണ്ട്ലൈൻ ദ്വൈവാരിക. ആഗസ്ത് 15, 2003).

എന്താണ് ഇതിനർഥം? ജനകീയാസൂത്രണം പാടേ പൊളിഞ്ഞുവെന്ന് സ്ഥാപിക്കാനായിരുന്നു മുഖ്യധാരമാധ്യമങ്ങൾ നിരന്തരം ശ്രമിച്ചത് എന്നല്ലേ ഇതു സൂചിപ്പിക്കുന്നത്. ഈ വിവാദങ്ങൾക്ക് മറ്റൊരുവശം കൂടിയുണ്ടായിരുന്നു. '90കളോടെ ആഗോളവൽക്കരണനയങ്ങൾ കേരളത്തിൽ നടപ്പാക്കിത്തുടങ്ങിയിരുന്നുവല്ലോ. അന്ന് കേന്ദ്രത്തിൽ അധികാരത്തിലിരുന്നത് പി വി നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ. ഈ മന്ത്രിസഭയിലെ ധനമന്ത്രി

യായിരുന്നു ഡോ. മൻമോഹൻസിങ്. ഇരുവരുടെയും ഭരണകാലത്താണ് ആഗോള മാധ്യമഭീകരന്മാർക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി നൽകിയത്. അതോടെ ടെലിവിഷൻ ചാനൽവിപ്ലവത്തിന് ഇന്ത്യയിലും തുടക്കമിട്ടു. ഇതിന്റെ അലയൊലി കേരളത്തിലും ഉണ്ടായി. ഒരുപക്ഷേ, ടിവി ചാനലുകളുടെയും വാർത്താചാനലുകളുടെയും വരവിനുശേഷം കേരളത്തിലെ മുഖ്യധാരാമാധ്യമങ്ങൾക്ക് വീണുകിട്ടിയ 'വിവാദസൗഭാഗ്യം' ആയിരുന്നു ജനകീയാസൂത്രണ വിവാദം.

അന്വേഷണാത്മക പത്രപ്രവർത്തനം പണ്ടും ഇന്നു മാധ്യമരംഗത്തെ സവിശേഷമുദ്രയാണ്. എന്നാൽ, അന്വേഷണാത്മക മാധ്യമപ്രവർത്തനം എന്നതിന്റെ പേരിലോ മറവിലോ, ജനകീയാസൂത്രണം മുൻനിർത്തി കേരളത്തിൽ നടന്ന, ഇപ്പോഴും നടന്നുകൊണ്ടിരുക്കുന്ന മാധ്യമഇടപെടൽ സക്രിയമോ ക്രിയാത്മകമോ ആയിരുന്നില്ലെന്ന് ഉറപ്പാക്കാനാകും. വിവാദങ്ങളുടെ എഴുന്നെള്ളിപ്പായിരുന്നു ഇതിന്റെ മറവിൽ നടന്നത്. ഇതിന് ഉദാഹരണങ്ങൾ ഇനിയും എത്രയോ ഉണ്ട്. ■

അധ്യായം-12

# തെരഞ്ഞെടുപ്പും മാധ്യമങ്ങളും

**നാം** നേരത്തെ കണ്ടതുപോലെ, 1957 മുതലിങ്ങോട്ട് കേരളത്തെ പുതുക്കിപ്പണിയുന്നതിനുള്ള വേദികളായാണ് തെരഞ്ഞെടുപ്പുകളെ കമ്യൂണിസ്റ്റ് പാർടിയും ഇടതുപക്ഷപ്രസ്ഥാനങ്ങളും സമീപിച്ചിട്ടുള്ളത്. ജനങ്ങളുടെ പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിനും ബഹുഭൂരിപക്ഷംവരുന്ന അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ ചർച്ച ചെയ്യാനുമാണ് കമ്യൂണിസ്റ്റ് പാർടിയും അതിന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷവും തെരഞ്ഞെടുപ്പു പ്രചാരണങ്ങളിലൂടെ ശ്രമിക്കുന്നത്. തെരഞ്ഞെടുപ്പു ഘട്ടങ്ങളിൽ ഇക്കാരണത്താൽതന്നെ വ്യക്തമായ പ്രകടനപത്രിക തയ്യാറാക്കി സമഗ്രമായ ചർച്ചയ്ക്ക് ജനസമക്ഷം അവതരിപ്പിക്കുന്നതും കമ്യൂണിസ്റ്റ് പാർടികളുടെ സ്വാഭാവികപ്രവർത്തനരീതിയാണ്.

സിപിഐ എം പാർടി പരിപാടിയിൽ പറയുന്നു:

'ജനാധിപത്യത്തിനുവേണ്ടിയും തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും നടത്തിക്കൊണ്ടിരിക്കുന്ന സമരങ്ങളിൽ സാർവത്രിക വോട്ടവകാശം, പാർലമെന്റ്, സംസ്ഥാന നിയമസഭകൾ എന്നിവയെ ആയുധങ്ങളാക്കാൻ ജനങ്ങൾക്ക് കഴിയും. ഇന്ത്യയിലെ ഇന്നത്തെ പാർലമെന്ററി വ്യവസ്ഥ, ബൂർഷ്വാസിയുടെ വർഗഭരണത്തിന്റെ ഒരു രൂപമാണെങ്കിൽതന്നെയും ജനങ്ങളെ സംബന്ധിച്ചിടത്തോളം മുന്നേറ്റത്തിന്റെ ഒരുമാർഗം അത് ഉൾക്കൊള്ളുന്നുണ്ട്. ജനങ്ങളുടെ താൽപര്യങ്ങൾ

കാത്തുരക്ഷിക്കാനും ഒരളവുവരെ ഭരണകാര്യങ്ങളിൽ ഇടപെടുന്നതിനും ജനാധിപത്യത്തിനും സാമൂഹ്യപുരോഗതിക്കും വേണ്ടിയുള്ള സമരങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി ജനങ്ങളെ അണിനിരത്തുന്നതിനും അത് ചില അവസരങ്ങൾ പ്രദാനം ചെയ്യുന്നുണ്ട് ...' (സിപിഐ എം പാർടി പരിപാടി. അധ്യായം 5 ഖണ്ഡിക 22).

ഈ ലക്ഷ്യത്തോടെയാണ് 1957ൽ, ഐക്യകേരളപ്പിറവിക്കുശേഷം നടന്ന ആദ്യനിയമസഭാ തെരഞ്ഞെടുപ്പ് മുതലിങ്ങോട്ട് കമ്യൂണിസ്റ്റ് പാർടിയും ഇടതുപക്ഷവും തെരഞ്ഞെടുപ്പ് രാഷ്ട്രീയം കൈകാര്യം ചെയ്തുപോരുന്നത്. കേരളത്തിലെ കമ്യൂണിസ്റ്റ് പാർടി 1957ൽ പ്രഥമനിയമസഭാ തെരഞ്ഞെടുപ്പിൽ തികഞ്ഞ വിജയപ്രതീക്ഷ പുലർത്തി. യാഥാർഥ്യങ്ങളിലൂന്നി നിന്നുകൊണ്ടുള്ള സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിലാണ് കമ്യൂണിസ്റ്റ് പാർടിയുടെ കേരളഘടകം ഇവിടെ വിജയപ്രതീക്ഷ പുലർത്തിയത്. എന്നാൽ, കമ്യൂണിസ്റ്റ് പാർടി ആദ്യം അധികാരത്തിലെത്തുക ആന്ധ്രാപ്രദേശിലാകും എന്നായിരുന്നു ആന്ധ്രയിലെ പാർടിഘടകവും കേന്ദ്രനേതൃത്വവും വിശ്വസിച്ചിരുന്നത്. കേരളത്തിൽ ഒറ്റയ്ക്ക് അധികാരത്തിൽ വരാൻ കമ്യൂണിസ്റ്റ് പാർടിക്ക് കെൽപ്പില്ലെന്നായിരുന്നു അന്നത്തെ കേന്ദ്രനേതൃത്വത്തിന്റെ വിലയിരുത്തൽ.

അവിഭക്ത കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വം അന്ന് ഇത്തരമൊരു നിഗമനത്തിൽ എത്തിയതിന് ഒരു രാഷ്ട്രീയപശ്ചാത്തലം ഉണ്ടായിരുന്നു. 1952ൽ തിരു-കൊച്ചിയിലും മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാർ ജില്ലയിലും തെരഞ്ഞെടുപ്പ് നടന്നു. കോൺഗ്രസിനെതിരെ കമ്യൂണിസ്റ്റ് പാർടി മുന്നണി ഉണ്ടാക്കിയാണ് അന്നു മത്സരിച്ചത്. തിരു-കൊച്ചിയിൽ ആർഎസ്പി, കെഎസ്പി എന്നിവയായിരുന്നു കമ്യൂണിസ്റ്റ് പാർടിയുടെ സഖ്യകക്ഷികൾ. മലബാറിൽ കെ കേളപ്പൻ നേതൃത്വം നൽകിയ കെഎംപിയുമായാണ് കമ്യൂണിസ്റ്റ് പാർടി സഖ്യമുണ്ടാക്കിയത്. ആ സഖ്യങ്ങൾ തെരഞ്ഞെടുപ്പിൽ നേട്ടവുമുണ്ടാക്കി. 1957ലെ ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർടിക്ക് സഖ്യകക്ഷികൾ ഉണ്ടായിരുന്നില്ല. അക്കാരണത്താൽ തെരഞ്ഞെടുപ്പു സഖ്യവുമുണ്ടായില്ല.

കമ്യൂണിസ്റ്റ് പാർടി ഒറ്റയ്ക്ക് മത്സരിക്കുന്ന സാഹചര്യം, ആന്ധ്രയിലായിരിക്കും അവിഭക്ത കമ്യൂണിസ്റ്റ് പാർടി ആദ്യം അധികാരത്തിൽ വരിക എന്ന വിലയിരുത്തൽ- ഈ പശ്ചാത്തലമാണ് ഒറ്റയ്ക്ക് മത്സരിക്കുന്ന കമ്യൂണിസ്റ്റ് പാർടിക്ക് കേരളത്തിൽ ഏകകക്ഷി ഭരണം സ്ഥാപിക്കാനാകില്ല എന്ന നിഗമനത്തിലേക്ക് അവിഭക്ത കമ്യൂണിസ്റ്റ് പാർടി കേന്ദ്രനേതൃത്വത്തെ എത്തിച്ചത്. പാർടി ജ

നറൽ സെക്രട്ടറി അജയഘോഷ് ഇക്കാര്യം മറച്ചുവെച്ചില്ല. തെരഞ്ഞെടുപ്പിന്റെ ഒരുഘട്ടത്തിൽ പത്രസമ്മേളനത്തിൽ അജയഘോഷ് ഇങ്ങനെ പറഞ്ഞു: 'കോൺഗ്രസിനെതിരായി ഇടതുപക്ഷ ഐക്യം രൂപപ്പെട്ടിട്ടില്ലാത്തതിനാൽ കേരളത്തിൽ കോൺഗ്രസിനാണ് വിജയസാധ്യത'.

ഇത് തെറ്റാണെന്നും ഒറ്റയ്ക്കാണ് കമ്യൂണിസ്റ്റ് പാർടി മത്സരിക്കുന്നതെങ്കിലും പാർടി ജയിച്ചുകൂടെന്നില്ലെന്നും ഇ എം എസ് അതേതുടർന്ന് പ്രസ്താവനയിറക്കി. മാത്രമല്ല, അവിഭക്ത പാർടി ദേശീയ മുഖപത്രം 'ന്യൂ ഏജി'ൽ ഇ എം എസ് ഇതേക്കുറിച്ച് സാമാന്യം ദീർഘമായൊരു ലേഖനം എഴുതി. അതിൽ ഇ എം എസ് പറഞ്ഞു:

' ചെറിയ ആത്മവിശ്വാസത്തോടെ ദീർഘദർശനം ചെയ്യാം. കമ്യൂണിസ്റ്റ് പാർടി, പിഎസ്പി, ആർഎസ്പി, ജനാധിപത്യരീതിയിൽ ചിന്തിക്കുന്ന വ്യക്തികൾ എന്നിവർ ചേർന്ന ജനാധിപത്യ പ്രതിപക്ഷത്തിന് (കോൺഗ്രസിനെതിരെ ഈ ശക്തികൾ ഒറ്റയ്ക്കൊറ്റയ്ക്കാണ് മത്സരിച്ചതെങ്കിലും കോൺഗ്രസ് കേന്ദ്രത്തിൽ അധികാരത്തിലാണ്. ആ നിലയിലാണ് ഇ എംഎസ് ഈ കക്ഷികളെ ജനാധിപത്യ പ്രതിപക്ഷം എന്ന് വിളിച്ചത്. അല്ലാതെ സഖ്യമായി മത്സരിക്കുന്നു എന്ന വിവക്ഷയില്ല- ഗ്രന്ഥകർത്താവ്) അടുത്ത നിയമസഭയിൽ നല്ല പ്രാതിനിധ്യം ഉണ്ടാകും. ഈ കൂട്ടുകെട്ടിന് നിയമസഭയിൽ ഭൂരിപക്ഷം ലഭിക്കുക എന്നതും അസംഭവ്യമല്ല' ( ഇ എം എസ് ലേഖനം. ന്യൂ ഏജ്, ഫെബ്രുവരി ലക്കം, 1957).

ഈ പ്രവചനം സത്യമായി. കമ്യൂണിസ്റ്റ് പാർടി സ്വതന്ത്രരുടെ പിന്തുണയോടെയാണെങ്കിലും ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യകേരളത്തിൽ ഏറ്റവും വലിയ ഒറ്റകക്ഷിയായി- രണ്ട് അംഗങ്ങളുടെ ഭൂരിപക്ഷത്തോടെ 1957 ഏപ്രിൽ അഞ്ചിന് പ്രഥമ കമ്യൂണിസ്റ്റ് സർക്കാർ കേരളത്തിൽ അധികാരത്തിലെത്തി. ഇ എം എസ് നമ്പൂതിരിപ്പാട് പ്രഥമ കേരള മുഖ്യമന്ത്രിയായി. ഈ സർക്കാരാണ് ആധുനിക കേരളത്തിന്റെ സൃഷ്ടിക്ക് ചരിത്രപരമായി അടിത്തറയിട്ടതെന്നും ആ സർക്കാരിനെയാണ് കുപ്രസിദ്ധ വിമോചനസമരത്തിലൂടെ 1959 ജൂലൈ 31ന് അട്ടിമറിച്ചതെന്നും നാം നേരത്തെ കണ്ടു.

1957–59 കാലത്തെ ആദ്യ കമ്യൂണിസ്റ്റ് സർക്കാരിനെ നേരിട്ട രീതിയിൽതന്നെയാണ് പിന്നീടിങ്ങോട്ട് വിവിധഘട്ടങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ കമ്യൂണിസ്റ്റ്–ഇടതുപക്ഷസർക്കാരുകളെ വലതുപക്ഷ പത്രങ്ങളും പിൽക്കാലത്ത് പത്രങ്ങളും ചാനലുകളും ചേർന്ന 'മാധ്യമങ്ങൾ' എന്ന് വിവക്ഷിക്കുന്നവയും നേരിട്ടത്.

ഇക്കൂട്ടത്തിൽ സവിശേഷശ്രദ്ധയാർഷിച്ച തെരഞ്ഞെടുപ്പുകളാണ് 1987, 1991 നിയമസഭാ തെരഞ്ഞെടുപ്പുകളും 2009ലെ ലോക്സഭാ തെരഞ്ഞെടുപ്പും.

## 1987

കേരളത്തിലെ മുന്നണി രാഷ്ട്രീയം, 1967നുശേഷം പുതുയുഗത്തിലേക്ക് കാലുവച്ചുകയറിയ രാഷ്ട്രീയമാറ്റത്തിനു തുടക്കമിട്ടത് 1987 മാർച്ചുമാസത്തിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പോടെയാണ്. '67നുശേഷം വർഗീയരാഷ്ട്രീയകക്ഷികൾ ഇല്ലാത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി സിപിഐ എം നേതൃത്വത്തിൽ കേരളത്തിൽ അധികാരത്തിൽ വന്നത് ഈ തെരഞ്ഞെടുപ്പോടെയായിരുന്നു. 1967ൽ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് ഇടതുപക്ഷത്തിന്റെയും അതിനുശേഷം അഖിലേന്ത്യാ മുസ്ലിംലീഗ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെയും ഭാഗമായിരുന്നു.

എന്നാൽ, 1987 ആകുമ്പോഴേക്കും സിപിഐ എം അഖിലേന്ത്യാ മുസ്ലിംലീഗുമായുള്ള ബന്ധം പാടേ ഉപേക്ഷിച്ചു. തീർന്നില്ല, എം വി രാഘവൻ എന്ന പ്രമുഖ നേതാവിനെ പുറത്താക്കിയശേഷം സിപിഐ എം രാഷ്ട്രീയമായി ക്ഷീണിച്ചുവെന്നും എതിരാളികൾ വിലയിരുത്തിയ തെരഞ്ഞെടുപ്പുകൂടിയായിരുന്നു '87ലേത്. അഖിലേന്ത്യാ മുസ്ലിംലീഗ് ഇല്ല; എം വി രാഘവനെ സിപിഐ എം പുറത്താക്കി. ഇതോടെ എൽഡിഎഫ് തീർന്നു. അധികാരം അവർക്ക് സ്വപ്നം മാത്രമാകും– ഇതായിരുന്നു രാഷ്ട്രീയ എതിരാളികളും അവർക്ക് പിന്തുണയേകിനിന്ന പത്രങ്ങളും പൊതുവേ പ്രചരിപ്പിച്ചുപോന്നത്.

ഒരർഥത്തിൽ തികച്ചും മതനിരപേക്ഷമായ മുഖമുദ്രയോടെയായിരുന്നു '87ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ സിപിഐ എം നേതൃത്വം നൽകിയ ഇടതുപക്ഷ ജനാധിപത്യമുന്നണി മത്സരിച്ചത്. അഖിലേന്ത്യാ ലീഗ് വിട്ടുപോയതിനാലും എം വി രാഘവനെപ്പോലെ കരുത്തനായ നേതാവിനെ പുറത്താക്കിയതിനാലും സിപിഐ എം നയിക്കുന്ന എൽഡിഎഫിന് വിജയസാധ്യത കൽപ്പിക്കാൻ പത്രങ്ങൾ ഒരുക്കമായിരുന്നില്ല. എന്നുമാത്രമല്ല, കെ കരുണാകരൻ നയിക്കുന്ന യുഡിഎഫ് അധികാരം നിലനിർത്തുമെന്നുതന്നെ അന്നത്തെ മുഖ്യധാരാ പത്രങ്ങളായ മലയാള മനോരമയും മാതൃഭൂമിയുമൊക്കെ നിരന്തരം പ്രചരിപ്പിച്ചുപോന്നു.

1982–'87 കാലത്തെ എൽഡിഎഫ് സർക്കാരിന്റെ ചില വികല നയങ്ങളും അതിനെതിരെ കേരളത്തിൽ നടന്ന ഉജ്വലമുന്നേറ്റങ്ങളും ഫലത്തിൽ എൽഡിഎഫിന് അനുകൂലമായ രാഷ്ട്രീയാന്തരീക്ഷം സൃ

ഷ്ഠിച്ചിരുന്നു. കോളേജുകളിൽനിന്ന് പ്രീഡിഗ്രി വേർപെടുത്തി പ്രത്യേക ബോർഡിന് കീഴിലാക്കാനുള്ള അന്നത്തെ യുഡിഎഫ് സർക്കാരിന്റെ തീരുമാനം വിദ്യാഭ്യാസമേഖലയെ അങ്ങേയറ്റം കലുഷിതമാക്കിയിരുന്നു. ഇതിനുപുറമെ സംസ്ഥാനത്ത് നിരവധി സ്വകാര്യ പോളിടെക്നിക് ആരംഭിക്കാനുള്ള നീക്കവും വിദ്യാർഥിസംഘടനകളുടെ എതിർപ്പ് വിളിച്ചുവരുത്തി. അധ്യാപക നിയമനങ്ങളിൽ കടുത്ത അഴിമതിയും കോഴയും നിറഞ്ഞിരുന്നു. ഈയൊരു പശ്ചാത്തലം വിദ്യാഭ്യാസരംഗത്ത് എണ്ണമറ്റ പ്രക്ഷോഭങ്ങൾക്ക് തിരികൊളുത്തി.

ഇതിനുപുറമെയാണ് നിയമനനിരോധനം ഏർപ്പെടുത്തി അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിൽ എന്ന സ്വപ്നം അന്ന് തകർക്കപ്പെട്ടത്. തൊഴിൽനിഷേധത്തിനെതിരെ മന്ത്രിമാരെ തെരുവിൽ തടയുന്ന പ്രക്ഷോഭങ്ങളടക്കം കേരളത്തിൽ അരങ്ങേറി. ഈയൊരു സമരഭരിതമായ രാഷ്ട്രീയപശ്ചാത്തലം ഒരുവശത്ത്; ഒരുവിധ വർഗീയബന്ധവുമില്ലാതെ തികഞ്ഞ മതനിരപേക്ഷമുഖത്തോടെ എൽഡിഎഫ് നിലകൊള്ളുന്ന രാഷ്ട്രീയാന്തരീക്ഷം മറുഭാഗത്ത്. ഇതു രണ്ടും കൂടി ചേർന്നപ്പോൾ കേരളം '57, '67, '80 കാലത്തെപോലെ വീണ്ടും ചുവന്നു. അഞ്ചുവർഷത്തെ അധികാരംവിട്ട് യുഡിഎഫ് പ്രതിപക്ഷനിരയിൽ എത്തി. പ്രതിപക്ഷത്തുനിന്ന് എൽഡിഎഫ് ഭരണപക്ഷത്തും എത്തി.

ഇവിടെയും പത്രങ്ങൾ അങ്ങേയറ്റം കമ്യൂണിസ്റ്റ്, ഇടതുപക്ഷ വിരുദ്ധതയാണ് പ്രകടിപ്പിച്ചത്. രാഷ്ട്രീയയാഥാർഥ്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിനും അതിനനുസരിച്ചുള്ള നിലപാട് കൈക്കൊള്ളുന്നതിനും പത്രങ്ങൾ തയ്യാറായില്ല എന്നതിന്റെ മറ്റൊരു മികച്ച ഉദാഹരണമാണ് 1987ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പ്.

## 1991ലെ നിയമസഭാ തെരഞ്ഞെടുപ്പ്

പത്രങ്ങളുടെ രാഷ്ട്രീയധാർമികത അഴിഞ്ഞുവീണ മറ്റൊരു ഘട്ടമായിരുന്നു 1991ലെ നിയമസഭാ തെരഞ്ഞെടുപ്പ്. 1987 മാർച്ചിൽ അധികാരത്തിൽവന്ന രണ്ടാം നായനാർ സർക്കാരിന്റെ ഭരണകാലം കേരളത്തിന്റെ രാഷ്ട്രീയമുന്നേറ്റത്തിൽ നൂതനമായ അധ്യായം എഴുതിച്ചേർത്തു. 'സമ്പൂർണ സാക്ഷരതാ പ്രസ്ഥാന'ത്തിന് കേരളം രൂപംനൽകിയത് ഇക്കാലത്താണ്. രാജ്യത്താദ്യമായി സമ്പൂർണ സാക്ഷരതയിലേക്ക് കേരളം ചുവടുവച്ചു. ഈ മികവ് കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി മാറി കേരളം. ഇതിനുപുറമെ അധികാരവികേന്ദ്രീകരണം കാര്യക്ഷമമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ജില്ലാ കൗൺസിലുകൾ യാഥാർഥ്യമാക്കിയതും 1987-'91 കാലത്തെ ഇ കെ

നായനാർ സർക്കാരാണ്. മികച്ച സാമൂഹ്യക്ഷേമ പദ്ധതികൾക്കും സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കും ആ സർക്കാർ രൂപംനൽകി. പരമ്പരാഗത വ്യവസായങ്ങളുടെയും പൊതുമേഖലാ വ്യവസായങ്ങളുടെയും സംരക്ഷണത്തിനും ആ സർക്കാർ ഫലപ്രദമായ നടപടി സ്വീകരിച്ചു.

സമ്പൂർണ സാക്ഷരത, അധികാരവികേന്ദ്രീകരണത്തിനായുള്ള ചുവടുവയ്പിന്റെ ഭാഗമായി ജില്ലാ കൗൺസിലുകളുടെ രൂപീകരണം, വ്യവസായ സംരക്ഷണം തുടങ്ങിയ നേട്ടങ്ങൾ ആർജിച്ചതിന്റെ ഖ്യാതിയോടെ രണ്ടാം നായനാർ സർക്കാർ 1991 മെയ്മാസത്തിൽ നടന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പിനെ നേരിട്ടു. എന്നാൽ, പത്രങ്ങൾ എന്ത് നിലപാടാണ് ആ തെരഞ്ഞെടുപ്പിൽ സ്വീകരിച്ചത്? ചരിത്രവിദ്യാർഥികൾക്ക് ഏറെ ഗവേഷണം നടത്താവുന്ന വിഷയംതന്നെയാണിത്.

വൈക്കം സത്യഗ്രഹത്തിന്റെ വാർഷികം ആഘോഷിക്കുന്ന വേളയിൽ ഇ എം എസ് ഒരുലേഖനം എഴുതിയിരുന്നു. 1991ലെ നിയമസഭാ തെരഞ്ഞെടുപ്പിന് വളരെ നാളുകൾക്ക് മുമ്പായിരുന്നു അത്. വൈക്കം സത്യഗ്രഹഘട്ടത്തിൽ വിവിധ സമുദായനേതൃത്വം രാജഭരണത്തോടു സ്വീകരിച്ചിരുന്ന മൃദുസമീപനത്തെ ഇ എം എസ് നിശിതവിമർശനത്തിന് വിധേയമാക്കി, ആ ലേഖനത്തിൽ. ഈ മൃദുസമീപനത്തെ എതിർത്തുതോൽപ്പിക്കാൻ സമുദായംഗങ്ങൾ, ചരിത്രത്തിന്റെ അനിവാര്യത എന്നപോലെ, രംഗത്തുവന്നുവെന്നും അവയുടെ സമ്മർദമാണ് പിന്നീട് വൈക്കം സത്യഗ്രഹം പോലുള്ള ചരിത്രസമരങ്ങൾക്ക് ബീജവാപം ചെയ്തതെന്നും ഇ എം എസ് നിരീക്ഷിച്ചു. എന്നിട്ട് അദ്ദേഹം ഒരുകാര്യം അടിയവരയിട്ടുപറഞ്ഞു- എസ് എൻഡിപിയുടെ ആദ്യകാല നേതാക്കളിൽ ചിലർ രാജഭരണത്തിന്റെ പാദസേവകരായിരുന്നു. ഇതാകട്ടെ, ആരും അംഗീകരിക്കുന്ന ചരിത്രസത്യവുമാണ്.

എന്നാൽ, 1991ലെ തെരഞ്ഞെടുപ്പിനു വളരെമുമ്പ് ഇ എം എസ് എഴുതിയ ഈ ലേഖനത്തിൽ രാജവാഴ്ചകാലത്തെ എസ്എൻഡിപി നേതാക്കളിൽ ഒരുവിഭാഗം നേതാക്കളുടെ സമീപനം തുറന്നുകാണിച്ചതിനെ മലയാളമനോരമ പത്രം ദുർവ്യാഖ്യാനം ചെയ്തു. 'എസ് എൻഡിപി നേതാക്കൾ രാജാവിന്റെ പാദസേവകർ: ഇ എം എസ്' എന്ന തലക്കെട്ടിൽ ഒന്നാംപേജിൽതന്നെ മനോരമ തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഒരുഘട്ടത്തിൽ വാർത്തചമച്ചു. തുടർന്ന് അതേപ്പറ്റി എസ്എൻഡിപി നേതാക്കളുടെയും സാധാരണപ്രവർത്തകരുടെയും വരെ അഭിപ്രായങ്ങളും അഭിമുഖങ്ങളും തുടർച്ചയായി പ്രസിദ്ധീകരിച്ചു. ഇതിന്റെ ഫലമായി തെരഞ്ഞെടുപ്പിൽ വോട്ടർമാർ ചർച്ച ചെയ്യേണ്ട ജനകീയപ്രശ്നങ്ങൾ ഇത്തരം വിവാദങ്ങൾക്ക് വഴിമാറി. സമ്പൂർണ

സാക്ഷരതാ പ്രസ്ഥാനം, അധികാരവികേന്ദ്രീകരണവും അതിന്റെ ഭാഗമായി നടപ്പായ ജില്ലാ കൗൺസിലുകളുംവരെ ഇങ്ങനെ തെരഞ്ഞെടുപ്പ് ചിത്രത്തിൽനിന്നു ഒരുപരിധിവരെ ബോധപൂർവം മറയ്ക്കപ്പെട്ടു; അത്തരം കാര്യങ്ങൾ വോട്ടർമാർ ചർച്ചചെയ്യരുത് എന്ന ഒരുതരം വാശിതന്നെ മലയാള മനോരമ കാട്ടി. ഈ മാതൃക മാതൃഭൂമി ഉൾപ്പെടെയുള്ള മറ്റു പത്രങ്ങളും പിന്തുടർന്നു. രണ്ടാം നായനാർ സർക്കാരിന്റെ ഭരണനേട്ടങ്ങൾ ഏറെക്കുറെ വോട്ടർമാരുടെ മനസിൽനിന്നും പോയ്മറഞ്ഞു. പിന്നീട് രാജീവ്ഗാന്ധിയുടെ രക്തസാക്ഷിത്വം കൂടി വന്നണഞ്ഞതോടെ യുഡിഎഫിനായി വിജയവും സംസ്ഥാനഭരണവും.

അധികാരവികേന്ദ്രീകരണമോ സമ്പൂർണ സാക്ഷരതാനേട്ടമോ ഒന്നുമല്ല നാടിനാവശ്യമെന്നും അത്തരം നേട്ടങ്ങൾ ആർജിക്കാൻ കേരളത്തെ പ്രാപ്താക്കിയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും അത് നേതൃത്വം നൽകുന്ന ഇടതുപക്ഷത്തെയും നാട്ടിൽനിന്ന് കെട്ടുകെട്ടിക്കുകയാണ് വേണ്ടതെന്നുമുള്ള അപകടകരമായ സന്ദേശം-1991ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ ഉയർന്നത് ഇതാണ്. മലയാളമനോരമയും 'ദേശീയ ദിനപത്രം' എന്ന ഖ്യാതി അവകാശപ്പെടുന്ന മാതൃഭൂമിയും അന്ന് ശ്രമിച്ചത് ഈ വഴിപിഴച്ച പോക്കിന് ഊർജം പകരാനാണ്. അതുവഴി സാമുദായികമായ ഏകീകരണത്തിനും ഈ പത്രങ്ങൾ വഴിവിട്ട് ശ്രമിച്ചു.

യഥാർഥത്തിൽ അധികാരവികേന്ദ്രീകരണവും സാക്ഷരതാ പ്രവർത്തനവും ഏറ്റവുമധികം സഹായകരമായത് ഈഴവാദി പിന്നോക്ക സമുദായങ്ങൾക്കാണ്. അത് മറച്ചുവച്ചാണ്, ഇ എം എസിന്റെ ലേഖനത്തിലെ ചില പരാമർശങ്ങളെ വളച്ചൊടിച്ചും ദുർവ്യാഖ്യാനം ചെയ്തും അന്ന് പത്രങ്ങൾ സിപിഐ എമ്മിനും എൽഡിഎഫിനുമെതിരെ ജനവികാരവും സാമുദായികവികാരവും ഇളക്കിവിടാൻ ശ്രമിച്ചത്. ചരിത്രത്തിന്റെ നിഷേധവും വസ്തുതകളുടെ ശാസ്ത്രീയാപഗ്രഥനമില്ലായ്മയും ഇത്തരം വാർത്തകളുടെ പൊള്ളത്തരം തുറന്നുകാട്ടുന്നതാണ്. എന്നാൽ, കേരളീയസമൂഹത്തിൽ പത്രങ്ങൾ, വിശിഷ്യാ വലതുപക്ഷ താൽപര്യക്കാരായ പത്രങ്ങൾ, ആർജിച്ച ദുഃസ്വാധീനത്തിന്റെ ഞെട്ടിപ്പിക്കുന്ന, ഏവരെയും ചിന്തിപ്പിക്കുന്ന തെളിവാണ് 1991ലെ നിയമസഭാ തെരഞ്ഞെടുപ്പ്. 1987-91ലെ യുഡിഎഫ് സർക്കാരിന്റെ വികസനനേട്ടങ്ങളുടെ യഥാർഥ ഗുണഭോക്താക്കളായ സമാന്യജനങ്ങളെ സങ്കുചിതമായ സാമുദായികവികാരം കുത്തിവച്ച് എൽഡിഎഫിനെതിരാക്കാൻ നടന്ന ശ്രമം ചരിത്രത്തിന്റെ മറ്റൊരു കുതൂഹലംതന്നെ.

## 2009ലെ ലോക്സഭാ തെരഞ്ഞെടുപ്പ്

നേരത്തെ നാം കണ്ടതുപോലെ ഇടതുപക്ഷത്തിനും വിശിഷ്യാ കമ്യൂണിസ്റ്റ് പാർടിക്കും എതിരായി മുഖ്യധാരാ മാധ്യമങ്ങൾ- അതിൽ ദിനപത്രങ്ങളും വാർത്താചാനലുകളും ഉൾപ്പെടും- രാഷ്ട്രീയ വൈരനിര്യാതനബുദ്ധിയോടെ നിലപാടെടുത്ത മറ്റൊരു തെരഞ്ഞെടുപ്പായിരുന്നു 2009 ഏപ്രിലിൽ നടന്ന 15-ാം ലോക്സഭാ തെരഞ്ഞെടുപ്പ്.

ലോക്സഭയിലേക്കാണ് തെരഞ്ഞെടുപ്പ് എന്നതിനാൽ സ്വാഭാവികമായും വോട്ടർമാർ ചർച്ചചെയ്യുക ദേശീയവും സാർവദേശീയവുമായ വിഷയങ്ങളാകുമല്ലോ. അക്കൂട്ടത്തിൽ കേരളരാഷ്ട്രീയവും ചർച്ച ചെയ്യപ്പെടും. ഇതു സ്വഭാവികമായൊരു രാഷ്ട്രീയപ്രക്രിയയാണ്.

സാർവദേശീയ രംഗവുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ വിദേശനയം, അന്താരാഷ്ട്ര പ്രശ്നങ്ങളിൽ കൈക്കൊള്ളുന്ന നയനിലപാടുകൾ, വിദേശരാജ്യങ്ങളുമായി ബന്ധപ്പെട്ട നയതന്ത്രതല ബന്ധങ്ങളിലെ വീഴ്ചകൾ-നേട്ടങ്ങൾ, വിദേശരാജ്യങ്ങളിൽ ജോലിനോക്കുന്ന പ്രവാസികളുടെ പ്രശ്നങ്ങളോടുള്ള സമീപനം, ആഗോളവൽക്കരണത്തിന്റേതായ ഇന്നത്തെക്കാലത്ത് അമേരിക്കൻ സാമ്രാജ്യത്വം ഉൾപ്പെടെയുള്ള മുതലാളിത്തരാജ്യങ്ങളോടുള്ള സമീപനവും അവരുമായി ബന്ധപ്പെട്ട് ഇവിടെ കൈക്കൊള്ളുന്ന നയങ്ങളും തന്ത്രപരമായ നിലപാടുകളും, അതിർത്തി രാജ്യങ്ങളുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എടുത്ത നടപടികളും പ്രശ്നങ്ങളും വീഴ്ചകളും- ഇവയെ അതീവഗൗരവത്തോടെ വോട്ടർമാർ ലോക്സഭാ തെരഞ്ഞെടുപ്പുവേളയിൽ ചർച്ചയ്ക്ക് വിധേയമാക്കും. ഇത്തരം ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുന്നതിൽ ദേശീയ രാഷ്ട്രീയപാർടികളും പ്രാദേശികകക്ഷികളും അങ്ങേയറ്റം ശ്രദ്ധ ചെലുത്താറുമുണ്ട്.

ഇതിനു പൂരകമായിതന്നെ രാജ്യത്ത് കേന്ദ്രസർക്കാർ സ്വീകരിക്കുന്ന സാമ്പത്തിക-രാഷ്ട്രീയനയങ്ങളും വിവിധ മേഖലകളിൽ സ്വീകരിക്കുന്ന നിലപാടുകളും അതത് കാലത്തെ മറ്റ് നിർണായകപ്രശ്നങ്ങളും സജീവമായി വോട്ടർമാർക്കുമുന്നിൽ ഉയർന്നുവരാറുമുണ്ട്. ഉയർന്ന രാഷ്ട്രീയസാക്ഷരതയും രാഷ്ട്രീയാവബോധവും കൈവരിച്ച കേരളംപോലൊരു നാട്ടിൽ ഈ പ്രശ്നങ്ങൾ അതിസൂക്ഷ്മായ പരിശോധനയ്ക്ക് വിധേയമാകാറുണ്ടെന്നതും സുവിദിതം.

2009ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഈയർഥത്തിൽ രാജ്യത്തെ സവിശേഷപ്രാധാന്യമുള്ള തെരഞ്ഞെടുപ്പുകളിൽ ഒന്നായിരുന്നു. സാർവദേശീയവും ദേശീയവും കേരളീയവുമായ നിരവധി മൗലികപ്രശ്നങ്ങൾ ചർച്ച ചെയ്ത തെരഞ്ഞെടുപ്പ് എന്നതിനാലാണ് ഇത്

ശ്രദ്ധിക്കപ്പെട്ടത്.

സാർവദേശീയപ്രശ്നങ്ങൾ എന്ന നിലയിൽ എന്തൊക്കെയായിരുന്നു ആ തെരഞ്ഞെടുപ്പ് ചർച്ച ചെയ്തത്? അവയെ എങ്ങനെ സംഗ്രഹിക്കാം.

ഒന്ന്: 1991ൽ രാജ്യത്തു തുടങ്ങിയതും നിലവിൽ അതിശക്തവുമായി തുടരുന്നതുമായ അമേരിക്കൻ സാമ്രാജ്യത്വവിധേയമായ ആഗോളവൽക്കരണനയം നടപ്പാക്കുന്നതിന്റെ ദുരന്തം.

രണ്ട്: 2008 ജൂൺ-ജൂലൈ മാസങ്ങളിൽ പാർലമെന്റ് ചർച്ച ചെയ്ത ഇന്തോ-അമേരിക്കൻ ആണവകരാർ.

മൂന്ന്: മൂന്നാം ലോകരാജ്യങ്ങൾ ഉൾപ്പെട്ടിരുന്ന ചേരിചേരാപ്രസ്ഥാനം താങ്ങുംതണലും നൽകിപ്പോന്ന പലസ്തീൻ ജനതയെ തകർക്കാൻ അവർക്കെതിരെ വിരമാമില്ലാത്ത യുദ്ധങ്ങൾ നടത്തിവരുന്ന ഇസ്രയേൽ എന്ന ഭീകരരാജ്യവുമായി ഇന്ത്യ സ്ഥാപിച്ച തന്ത്രപരമായ സൈനികവും രാഷ്ട്രീയവും നയതന്ത്രപരവുമായ ബന്ധങ്ങൾ.

നാല്: കശ്മീർ പ്രശ്നം ഉൾപ്പെടെ നിലവിൽ പാകിസ്ഥാനുമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ.

അഞ്ച്: അൽ ഖ്വെയ്ദാ എന്ന ഭീകരപ്രസ്ഥാനത്തെ തകർക്കാനെന്ന പേരിൽ അഫ്ഗാനിസ്ഥാനിൽ നടത്തുന്ന യുദ്ധങ്ങളും ഇറാഖിനെതിരെ നടത്തിയ അധിനിവേശവും സദ്ദാം ഹുസൈന്റെ ദാരുണ കൊലപാതകവും.

ആറ്: സ്വന്തമായി ആണവപദ്ധതികൾ വികസിപ്പിച്ചു എന്നതിന്റെ പേരിൽ ഇറാനെതിരെ അമേരിക്കയും സഖ്യകക്ഷികളായ യൂറോപ്യൻ മുതലാളിത്തരാജ്യങ്ങളും നടത്തുന്ന ഹീനമായ നീക്കങ്ങൾ.

ഏഴ്: ഈ പ്രശ്നങ്ങളിലൊക്കെ കേന്ദ്രത്തിൽ നിലവിലിരിക്കുന്ന ഡോ. മൻമോഹൻസിങ് സർക്കാർ അമേരിക്കൻ സാമ്രാജ്യത്വശക്തികൾക്കും ആഗോള മൂലധനശക്തികൾക്കും അനുകൂലമായി നിരന്തരം സ്വീകരിക്കുന്ന നയങ്ങളും നിലപാടുകളും അതിന്റെ അടിസ്ഥാനത്തിൽ രൂപംനൽകിയ പുത്തൻ സാമ്രാജ്യത്വാനുകൂല വിദേശനയവും.

ഇനി ദേശീയ പ്രശ്നങ്ങളിലേക്ക് തിരിഞ്ഞാലോ? അവ ഇനി പറയുന്നവയാണ്.

ഒന്ന്: കോർപറേറ്റ് ശക്തികൾക്ക് അനുകൂലമായി നടപ്പാക്കുന്ന, ആഗോളവൽക്കരണ അനുകൂല സാമ്പത്തിക-ഉദാരവൽക്കരണ നയങ്ങൾ.

രണ്ട്: ഇതിനനുരൂപമായി വ്യവസായമേഖലയിലും കാർഷികരംഗത്തും നടപ്പാക്കുന്ന തലതിരിഞ്ഞ വലതുപക്ഷ നയങ്ങൾ.

മൂന്ന്: ഇന്തോ-അമേരിക്കൻ ആണവകരാർ സാധ്യമാക്കാൻ സ്വീകരിച്ച വഴിവിട്ട മാർഗങ്ങളും അതിനുവേണ്ടി പാർലമെന്റിൽ ഭൂരിപക്ഷം ഉറപ്പാക്കാൻ ഒഴുക്കിയ കോടിക്കണക്കിന് രൂപയുടെ അഴിമതിയും.

നാല്: കർഷികരംഗത്തെ മുരടിപ്പും നിരന്തരം തുടരുന്ന കർഷക ആത്മഹത്യയും.

ഇതിനുപുറമെ, 2006 മെയ് മാസം മുതൽ കേരളത്തിൽ അധികാരത്തിലിരുന്ന എൽഡിഎഫ് സർക്കാർ നടപ്പാക്കിയ ക്ഷേമപദ്ധതികളും വികസനനയങ്ങളും അതുവഴി കേരളം ആർജിച്ച നേട്ടങ്ങളും ആ തെരഞ്ഞെടുപ്പിൽ സജീവമായ ചർച്ചയ്ക്ക് പാത്രീഭവിക്കുമെന്നും പരക്കെ പ്രതീക്ഷിച്ചു.

എന്നാൽ, യഥാർഥത്തിൽ സംഭവിച്ചത് എന്താണ്? 2009ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഈ വിഷയങ്ങളൊന്നും കേരളത്തിലെ മുഖ്യധാരാപ്പത്രങ്ങൾക്കും വാർത്താചാനലുകൾക്കും വിഷയമേ അല്ലായിരുന്നു! അത്തരം വിഷയങ്ങൾ തെരഞ്ഞെടുപ്പിൽ സജീവ ചർച്ചയാകുമെന്ന് കരുതിയ പാവം വോട്ടർമാർ നിസഹായരായി. മേൽപ്പറഞ്ഞ വിഷയങ്ങളൊന്നും കേരളത്തിലെ മാധ്യമങ്ങൾ ചർച്ച ചെയ്തില്ല. എന്നുമാത്രമല്ല, ആവുന്നവിധത്തിലൊക്കെ അത്തരം വിഷയങ്ങളിൽനിന്നു മാറിനിൽക്കാനും ജനങ്ങൾക്കു താൽപര്യമില്ലാത്ത മറ്റു കാര്യങ്ങളിലേക്കു അവരുടെ രാഷ്ട്രീയശ്രദ്ധ തളച്ചിടാനുമാണ് മാധ്യമങ്ങൾ ആ തെരഞ്ഞെടുപ്പിൽ ശ്രമിച്ചത്. അതിലൊന്നാണ് അബ്ദുൾ നാസർ മ്അദനിയുടെ പിഡിപി എന്ന രാഷ്ട്രീയപാർടിയുമായി സിപിഐ എം എന്തോ തെരഞ്ഞെടുപ്പു സഖ്യമുണ്ടാക്കി എന്ന തരത്തിൽ മാധ്യമങ്ങൾ വലിയ വാശിയോടെ പ്രചരിപ്പിച്ചത്.

വാസ്തവത്തിൽ, ഇന്തോ-അമേരിക്കൻ ആണവകരാർ പ്രശ്നം ഉൾപ്പെടെ കേന്ദ്രത്തിലെ ഒന്നാം യുപിഎ സർക്കാർ സ്വീകരിച്ച നയനിലപാടുകളായിരുന്നു കേരളം ആ തെരഞ്ഞെടുപ്പിൽ ഏറെ ചർച്ചചെയ്യേണ്ടിയിരുന്നത്. നവലിബറൽ നയങ്ങളും അതിന്റെ ഫലമായി രാജ്യം നേരിട്ടുകൊണ്ടിരുന്ന കെടുതികളും ജനജീവിതം ദുസ്സഹമാക്കുന്നതായിരുന്നു. ഇക്കാരണത്താൽ കേന്ദ്രസർക്കാരിനെതിരെ ശക്തമായ ജനവികാരം ആളിക്കത്തുന്ന ദേശീയരാഷ്ട്രീയസാഹചര്യം. അത്തരമൊരു പശ്ചാത്തലത്തിലാണ് 15-ാം ലോക്സഭാ തെരഞ്ഞെടുപ്പു നടന്നത്. സ്വാഭാവികമായും അവ ചർച്ചചെയ്യാനും വോട്ടർമാരെ ആ നിലയിൽ ബോധവൽകരിക്കാനുമായിരുന്നു കേരളത്തിൽ സിപിഐ എം നേതൃത്വം നൽകിയ ഇടതുപക്ഷ-ജനാധിപത്യമുന്നണി ശ്രമിച്ചത്.

എന്നാൽ, പിഡിപി ബന്ധം ആരോപിച്ച് സിപിഐ എമ്മിനെ ഒറ്റതി

രിഞ്ഞ് ആക്രമിക്കാനായിരുന്നു മാധ്യമങ്ങളുടെ താൽപര്യം. അതാകട്ടെ സാമാന്യമര്യാദകളുടെ എല്ലാസീമകളും ലംഘിക്കുകയും ചെയ്തു. ജാതി-മത-വർഗീയ പ്രസ്ഥാനങ്ങളോടും അക്കൂട്ടർ നേതൃത്വം നൽകുന്ന രാഷ്ട്രീയപാർടികളോടും സിപിഐ എം സ്വീകരിക്കുന്ന തത്വാധിഷ്ഠിത നിലപാടുകൾ ജനങ്ങളിൽ വലിയ മതിപ്പുണ്ടാക്കിയതു 1987ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ നാം കണ്ടതാണല്ലോ. ആ പാരമ്പര്യംതന്നെ നിലനിർത്തുന്ന സിപിഐ എം നാലുവോട്ടിനായി മ് അദനിയുടെ പാർട്ടിക്കുപിന്നാലെ പോയി എന്നു വ്യാഖ്യാനിക്കാനായിരുന്നു മുഖ്യധാരാ മാധ്യമങ്ങളുടെ ശ്രമം. അച്ചടി, ദൃശ്യമാധ്യമങ്ങൾ ഇക്കാര്യത്തിൽ സിപിഐ എമ്മിനെതിരെ ഒറ്റക്കെട്ടായി നിലകൊണ്ടു. അതിൻഫലമായി ഒന്നാം യുപിഎ സർക്കാരിന്റെ ഭരണവൈകൃതങ്ങളും ഭരണപരാജയവും വോട്ടർമാരിൽനിന്നു മറച്ചുവയ്ക്കപ്പെട്ടു. രാജ്യവും ജനങ്ങളും ഉറ്റുനോക്കിയ അതിനിർണായകമായ ഒരു തെരഞ്ഞെടുപ്പിൽ യഥാർഥപ്രശ്നങ്ങൾ വോട്ടർമാരിൽനിന്നു മറച്ചുവച്ച മറ്റൊരു തെരഞ്ഞെടുപ്പും ആധുനിക കേരളത്തിന്റെ ചരിത്രത്തിൽ വേറെയില്ലതന്നെ.

അതുമാത്രമോ? കേരളത്തിൽ അധികാരത്തിലിരുന്ന എൽഡിഎഫ് സർക്കാരിന്റെ ഭരണനേട്ടങ്ങളും ക്ഷേമപ്രവർത്തനങ്ങളും ആ തെരഞ്ഞെ ടുപ്പിൽ മാധ്യമങ്ങൾ ബോധപൂർവം മറച്ചുവച്ചു. പകരം സർക്കാരിന്റെ വിവിധ രംഗത്തെ നടപടികളെപ്പറ്റിയുള്ള അനാവശ്യ വിവാദങ്ങൾ കുത്തിപ്പൊക്കാനും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനെതിരെ ജനവികാരം ഉണർത്താനുമായിരുന്നു മാധ്യമങ്ങളുടെ ശ്രദ്ധ. ഇതാകട്ടെ മാധ്യമങ്ങൾക്കെതിരെ വളരെ സവിശേഷമായ ഒരു ആരോപണം ഉയർന്നുവന്ന ഘട്ടത്തിലായിരുന്നു എന്നതും ശ്രദ്ധിക്കണം. തെരഞ്ഞെടുപ്പിൽ ഉത്തരന്ത്യേയിൽ കോൺഗ്രസിന്റെ ഉൾപ്പെടെയുള്ള സ്ഥാനാർഥികൾ തങ്ങൾക്കിഷ്ടമുള്ള മാധ്യമങ്ങളിൽ വൻതോതിൽ കോഴ കൊടുത്ത് വാർത്തവരുത്താൻ (Paid News) തുനിഞ്ഞ തെരഞ്ഞെടുപ്പു കൂടിയായിരുന്നു 2009ലെ തെരഞ്ഞെടുപ്പ്. ഇതുകൂടി ചേർത്തു വായിക്കുമ്പോഴേ കേരളത്തിൽ മാധ്യമങ്ങൾ വമിപ്പിച്ച ഇടതുപക്ഷവിരുദ്ധ വിഷത്തിന്റെയുംപ്രചാരണത്തിന്റെയും അപകടം തിരിച്ചറിയാനാകൂ.

എൽഡിഎഫ് സർക്കാരിന്റെ അതിനകമുള്ള ഭരണനേട്ടങ്ങൾ എന്തൊക്കെ?

ഒന്ന്: കർഷകരുടെ ആത്മഹത്യ ഇല്ലാതാക്കി അവരുടെ ക്ഷേമത്തിനു കാർഷിക കടാശ്വാസകമീഷനും തദനുസരണമായ പദ്ധതികളും നടപ്പാക്കി ദേശീതതലത്തിൽതന്നെ ശ്രദ്ധ പിടിച്ചുപറ്റി.

രണ്ട്: രാജ്യത്ത് ആദ്യമായി കർഷകർക്കു പെൻഷൻ നടപ്പാക്കി.

മൂന്ന്: വിദർഭ മോഡൽ പാക്കേജിന്റെ മാതൃകയിൽ കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ നേടിയെടുത്തു.

നാല്: നഷ്ടത്തിലായ പൊതുമേഖലാ വ്യവസായങ്ങളെയും പ്രതിസന്ധി ഗ്രസിച്ച പരമ്പരാഗത വ്യവസായങ്ങളെയും സംരക്ഷിക്കാനും പുരോഗതിയിലേക്കു നയിക്കാനും ഉതകുന്നു വ്യവസായനയം നടപ്പാക്കി.

അഞ്ച്: ഐടി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കേരളത്തിന്റെ സ്വപ്നപദ്ധതിയായ കൊച്ചി സ്മാർട്ട്സിറ്റി പദ്ധതിക്കു തറക്കല്ലിട്ടു.

ആറ്: സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ 50 ശതമാനം സീറ്റുകൾ വനിതകൾക്കു സംവരണം ചെയ്തു.

ഏഴ്: വ്യാപകമായി നടക്കുന്ന നെൽവയൽ-നീർത്തട നികത്തൽ തടയാനുള്ള സമഗ്രമായ നിയമനിർമാണം.

2006 മെയ്മാസത്തിൽ അധികാരത്തിൽ വന്ന എൽഡിഎഫ് സർക്കാർ 2009 ഏപ്രിലിൽ നടന്ന ലോക്സഭ തെരഞ്ഞെടുപ്പു ഘട്ടംവരെ നടപ്പാക്കിയ ഏതാനും ഭരണനടപടികൾ മാത്രമണിത്. ഇവയ്ക്കുപുറമെ, എണ്ണമറ്റ മറ്റു നടപടികളും ആ സർക്കാരിന്റെ സംഭാവനയായി വോട്ടർമാർക്കു മുന്നിലുണ്ടായിരുന്നു. ഇതൊക്കെ മറച്ചുവച്ചാണ് മാധ്യമങ്ങൾ തങ്ങളുടെ സ്വാർഥലാഭം മാത്രം മുൻനിർത്തി എൽഡിഎഫിനെയും അതിനു നേതൃത്വംനൽകുന്ന സിപിഐ എമ്മിനെയും ഒറ്റതിരിച്ച് ജനമധ്യത്തിൽ കരിവാരിത്തേക്കാൻ ശ്രമിച്ചത്. ഇതാകട്ടെ കോൺഗ്രസ് ഉൾപ്പെടെയുള്ള വലതുപക്ഷശക്തികളെ വഴിവിട്ടു സഹായിക്കുക എന്ന ഹിഡൻ അജണ്ടയുടെ ഭാഗവുമായിരുന്നു.

ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുതകൂടിയുണ്ട്. സാധാരണക്കാരായ സാമാന്യജനത നേരിട്ടുകൊണ്ടിരുന്ന ജീവിതപ്രയാസങ്ങൾക്കു പരിഹാരം കാണാനുള്ള ബദൽനയങ്ങളുടെ പരീക്ഷണശാലയായി കേരളത്തെ മാറ്റാനുള്ള രാഷ്ട്രീയ ഇടപെടലാണ് എൽഡിഎഫും സിപിഐ എമ്മും നടത്തികൊണ്ടിരുന്നത്. ആ നയങ്ങൾ നടപ്പായാൽ തങ്ങളുടെ കാലിനടിയിലെ മണ്ണ് വൻതോതിൽ ഒലിച്ചുപോകും എന്നു വലതുപക്ഷരാഷ്ട്രീയശക്തികൾ വല്ലാതെ ഭയപ്പെട്ടു. അത്തരം നയങ്ങൾ നടപ്പാക്കുകവഴി എൽഡിഎഫ് കേരളത്തിൽ ശക്തമായ ജനകീയശക്തിയായി മാറുമെന്നും അവർ ശങ്കിച്ചു. അവരുടെ ഉത്കണ്ഠ ശരിവയ്ക്കുംവിധമായിരുന്നു എൽഡിഎഫ് സർക്കാരിന്റെ പ്രകടനം എന്നതും ശ്രദ്ധിക്കപ്പെട്ട വസ്തുതയായിരുന്നു. ഈ

ഭയാശങ്കകളാണ് വലതുപക്ഷശക്തികൾക്കു വേണ്ടി വല്ലാത്തനിലയിൽ, ന്യായീകരണമേതുമില്ലാത്തവിധം മാധ്യമങ്ങൾ നിലകൊള്ളാൻ ഇടയാക്കിയത്.

രണ്ടു കാര്യങ്ങളാണ് ഇതിലുടെ മാധ്യമങ്ങൾ സാധിച്ചത്.

ഒന്ന്: ആണവകരാർ പ്രശ്നമടക്കം കേന്ദ്രത്തിലെ ഒന്നാം യുപിഎ സർക്കാരിന്റെ ദേശദ്രോഹകരവും ജനവിരുദ്ധവുമായ നയങ്ങളും ആ സർക്കാരിന്റെ ഭരണവൈകൃതങ്ങളും വോട്ടർമാരിൽനിന്നു മറച്ചുവയ്ക്കുക.

രണ്ട്: ബദൽനയങ്ങൾ നടപ്പാക്കി കേരളത്തെ പുതിയൊരു ദിശയിലേക്കു നയിക്കുന്ന എൽഡിഎഫ് സർക്കാരിന്റെ ജനപക്ഷവികസന സമീപനം മറച്ചുവച്ച് പകരം ഇല്ലാത്ത പ്രശ്നങ്ങൾ ഉണ്ടെന്നുവരുത്തി വിവാദം സൃഷ്ടിച്ച് വോട്ടർമാരുടെ ശ്രദ്ധ തിരിക്കുക.

ഈ ലക്ഷ്യങ്ങൾ സാധിക്കാനായിരുന്നു 2009ലെ 15-ാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ മാധ്യമങ്ങളിൽ മഹാഭൂരിപക്ഷവും ബോധപൂർവം ശ്രമിച്ചതും ഒരുപരിധിവരെ വിജയിച്ചതും. ഇതാകട്ടെ, പണം നൽകി വാർത്തവരുത്താൻ ശ്രമിച്ച വടക്കേയിന്ത്യൻ മാതൃകയേക്കാൾ തരംതാണ നടപടിയായി ചിത്രീകരിക്കപ്പെട്ടു. വിമോചനസമരഘട്ടത്തിലെ പത്രങ്ങളുടെ നിലപാടിനേക്കാൾ കഷ്ടതരം എന്നേ ഈ നിലപാടിനെ വിശേഷിപ്പിക്കാനാകൂ. ■

അധ്യായം- 13

# കേരളവികസനവും മാധ്യമങ്ങളും

'**പാ**ശ്ചാത്യരാജ്യങ്ങളിൽനിന്ന് ഇന്ത്യയിൽകൊണ്ടുവന്നു നട്ടുപിടിപ്പിച്ചിട്ടുള്ള ചെടികളിൽ ഒന്നാണ് വൃത്താന്ത പത്രപ്രവർത്തനം. ദേശസാത്മ്യകാരണത്താൽ, ഈ മറുനാടൻ ചെടി, ഇന്ത്യൻ മണ്ണിൽ നല്ലവണ്ണം പിടിച്ചു തഴച്ചുവളരുകയും ചെയ്തിരിക്കുന്നു. ഉണ്ണുക, ഉടുക്കുക, ഉറങ്ങുക എന്ന ഉകാരത്രയം മനുഷ്യരുടെ ജീവിതരക്ഷയ്ക്ക് എത്രയേറെ ആവശ്യമെന്നു വിചാരിക്കപ്പെട്ടിരിക്കുന്നുവോ; ഈ ചെടിയുടെ ജന്മഭൂമിയിലെ ജനങ്ങൾ പത്രവായനയെയും അപ്രകാരംതന്നെ ഗണിച്ചിരിക്കുന്നു... ഈ സ്ഥിതിക്ക്, ലോകത്തിൽ, വൃത്താന്ത പത്രങ്ങൾക്കു നാൾക്കുനാൾ പ്രചാരവും പുഷ്ടിയും അഭിവൃദ്ധിയും കയറിവരുന്നതിൽ വിസ്മയപ്പെടുവാനില്ല...'

മലയാള പത്രപ്രവർത്തനത്തിന്റെ പിതാമഹൻ എന്നു വിശേഷിപ്പിക്കുന്നു സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ളയെ. അദ്ദേഹത്തിന്റെ 'വൃത്താന്ത പത്രപ്രവർത്തനം' എന്ന വിഖ്യാതമായ പുസ്തകത്തിന്റെ ഒന്നാം അധ്യായമായ 'പത്രപ്രവർത്തനത്തൊഴിൽ' ആരംഭിക്കുന്നതു മേലുദ്ധരിച്ച വരികളോടെയാണ്. 1912ൽ, മലയാള പത്രപ്രവർത്തനം പിച്ചവച്ചു തുടങ്ങിയ കാലത്താണ് സ്വദേശാഭിമാനി ഈ നിരീക്ഷണം നടത്തിയത്. പത്രപ്രവർത്തനം അഥവാ അതുവഴി സൃഷ്ടിക്കപ്പെടുന്ന വാർത്താപത്രങ്ങൾ സമൂഹത്തിൽ- പാശ്ചാത്യമെന്നോ പൗരസ്ത്യമെന്നോ വ്യത്യാസമില്ലാതെ- ചെലുത്തുന്ന സ്വാധീനം എന്തെന്നതിന് ഇതിൽപരം തെളിവുവേണ്ട.

'ജനങ്ങൾ പത്രക്കാരനെ തങ്ങളുടെ പ്രതിനിധിയായി കരുതി വിശ്വസിക്കുന്നു. പത്രക്കാരൻ അവരുടെ വിശ്വാസത്തെ ..... നടക്കേണ്ടതിനു കടപ്പെട്ടിരിക്കുന്നു' എന്നും സ്വദേശാഭിമാനി ഓർമിപ്പിക്കുന്നു.

എന്താണിതിനർഥം? ദിനപത്രങ്ങൾക്ക് ജനങ്ങളിലും സമൂഹത്തിലും ചെലുത്താവുന്ന മൗലികമായ സ്വാധീനമല്ലേ സ്വദേശാഭിമാനിയുടെ ഈ വാക്കുകളിൽ തെളിയുന്നത്?

അതേസമയം, സാമൂഹ്യപരിഷ്കരണവും വിപ്ലവകരമായ പരിവർത്തനവും ലക്ഷ്യമാക്കി ഇന്നത്തെ മാധ്യമങ്ങൾ പ്രവർത്തിക്കുന്നില്ലെന്നാണ് ഇതുവരെയുള്ള നിരീക്ഷണങ്ങളിൽനിന്നു നമുക്കു മനസ്സിലാവുന്നത്. ആധുനികകേരളത്തിന്റെ സൃഷ്ടിക്കുവേണ്ടി 1957ലെ പ്രഥമ നിയമസഭാ തെരഞ്ഞെടുപ്പുഘട്ടത്തിൽ കമ്യൂണിസ്റ്റ്പാർടി മുന്നോട്ടുവച്ച മാനിഫെസ്റ്റോ എത്രമാത്രം പ്രസക്തമായിരുന്നുവെന്നും നാം കണ്ടു. കേരളത്തെ ആധുനികരീതിയിൽ പുതുക്കിപ്പണിയുന്നതിൽ നിർണായകവും ചരിത്രപരവുമായ സംഭാവനയാണ് ആ മാനിഫെസ്റ്റോ നിർവഹിച്ചത്. ഇതു മനസിലാക്കണമെങ്കിൽ നവോത്ഥാന കവിയെന്ന നിലയിൽ ആധുനികകേരളത്തിന്റെ പുനഃസംഘാടനത്തിൽ സുപ്രധാനമായ പങ്കുവഹിച്ച മഹാകവി കുമാരനാശാന്റെ നിരീക്ഷണം ശ്രദ്ധിക്കണം. അദ്ദേഹം എഴുതി:

'തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ, തമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!

ആശാന്റെ ഈ വാക്കുകൾ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിലെ ആദ്യഘട്ടത്തിൽ അതായത്, ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭം ശക്തമാകുന്നതിനു തൊട്ടുമുമ്പ് കേരളീയ സാമൂഹ്യജീവിതം എങ്ങനെയായിരുന്നുവെന്നു അനാവരണം ചെയ്യുന്നു. കേരള സന്ദർശനവേളയിൽ സ്വാമി വിവേകാനന്ദൻ കേരളമൊരു ഭ്രാന്താലയം എന്നു വിശേഷിപ്പിച്ചത് വെറുതയല്ല. 19–ാം നൂറ്റാണ്ടിൽ തുടങ്ങി, 20–ാം നൂറ്റാണ്ടിന്റെ ഉത്തരാർധംവരെ നീളുന്ന കേരളത്തിലെ നവോത്ഥാനപ്രസ്ഥാനത്തിന് അക്ഷരാർഥത്തിൽ ബീജവാപം ചെയ്തത് കലുഷിതമായ ഈ സാമൂഹ്യാന്തരീക്ഷമാണ്. അതിനു നിർണായകമായ സംഭാവനകൾ നൽകി ആശാൻ കൃതികൾ.

കുമാരനാശാന്റെ കൃതികളുടെ മൗലിക സംഭാവനയെപ്പറ്റിയും ചരിത്രപരമായ പ്രാധാന്യത്തെപ്പറ്റിയും ഇഎംഎസ് എഴുതി:

'അന്നു നിലവിലിരുന്ന ജാതി-ജന്മി-നാടുവാഴി സമൂഹത്തിനും സംസ്കാരത്തിനുമെതിരായ ഒരു കലാപമായിരുന്നു ആശാൻ കൃതി

കൾ. വീണപൂവ് മുതൽ ചണ്ഡാലഭിക്ഷുകിയും ദുരവസ്ഥയും കരുണയും വരെയുള്ള എല്ലാ കവിതകളിലും ഇതു കാണാം...' (ഇഎം എസ്. ആശാനും മലയാള സാഹിത്യവും. ചിന്താ പബ്ലിഷേഴ്സ് രണ്ടാം പതിപ്പ് പേജ് 24).

സ്വാമി വിവേകാനന്ദനും കുമാരനാശാനും നിരീക്ഷിച്ച ദുർഘടം പിടിച്ച ഈ കറുത്തദിനങ്ങൾക്ക് അറുതിവരുത്താനാണ് '57ലെ തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർടി ജനകീയ ബദൽനയങ്ങൾവഴി ശ്രമിച്ചത്. ഈ നയങ്ങൾക്കെതിരെയാണ് അന്നത്തെ മലയാള പത്രങ്ങൾ, ജാതി-സമുദായിക-മതശക്തികളുടെയും കോൺഗ്രസ് ഉൾപ്പെടെയുള്ള രാഷ്ട്രീയകക്ഷികളുടെയും ഭരണകൂടാനുകൂല വലതുപക്ഷ ശക്തികളുടെയും ഇംഗിതത്തിനു വഴങ്ങിയതും പിന്നീട് വിമോചനസമരം സംഘടിപ്പിക്കുന്നതിന് ബുദ്ധിപരമായ ഊർജം പകർന്നതും. ഇതേക്കുറിച്ച് ഡോ. ടി എം തോമസ് ഐസക് എഴുതുന്നു:

'സത്യത്തിന്റെ കണികപോലുമില്ലാത്ത ചില വാർത്തകളും ക്രിസ്ത്യൻസമുദായത്തെ ലക്ഷ്യംവച്ച് ഈ ദിവസങ്ങളിൽ പ്രചരിപ്പിക്കപ്പെട്ടു. വിശ്വാസികളെ ഇളക്കലായിരുന്നു ഉന്നം. ഏതെങ്കിലുമൊക്കെ പള്ളികൾ പരിശോധിച്ചെന്നു പറയുക, പള്ളിക്കകത്തു പൊലീസ് കയറിയെന്നെഴുതുക, തോക്കുതിരഞ്ഞ പൊലീസിനു ഉണ്ടകിട്ടി എന്നു പരിഹസിക്കുക, ഇനി അൾത്താരയിലും കയറുമോ എന്നു വേവലാതിപ്പെടുക തുടങ്ങിയവയായിരുന്നു ഇത്തരം വാർത്തകളുടെ പൊതുസ്വഭാവം. പത്രങ്ങളുടെ വ്യാജപ്രചാരണത്തിനൊപ്പം സമരസമിതിയുടെ ബോധവൽക്കരണവും മുറയ്ക്കുനടന്നു. 'പള്ളി ലക്ഷ്യമാക്കി പൊലീസോ കമ്യൂണിസ്റ്റ് ഗുണ്ടകളോ വരുന്നുണ്ടോയെന്നു സംശയം തോന്നിയാലുടൻ മണിയടിക്കും. എല്ലാവരും കൈയ്യിൽ കിട്ടിയതെല്ലാമെടുത്ത് ഓടി വന്നേക്കണം!' ഈ ബോധവൽക്കരണമാണ് പിന്നീട് സമരത്തിന് ഊർജംപകർന്ന ചോരക്കളങ്ങൾ സൃഷ്ടിച്ചത്...' (ഡോ. തോമസ് ഐസക്-വിമോചന സമരത്തിന്റെ കാണാപ്പുറങ്ങൾ. അധ്യായം മൂന്ന്: വിമോചനസമരത്തിന്റെ തുടക്കം. മൂന്നാംപതിപ്പ്. പേജ്-86).

കേരളത്തിൽ ആദ്യകമ്യൂണിസ്റ്റ് സർക്കാരിനെ നയിച്ച മുഖ്യമന്ത്രി ഇ എം എസിന്റെ വാക്കുകൾകൂടി ഉദ്ധരിച്ചാലേ അന്നത്തെ സ്ഥിതിയുടെ പൂർണചിത്രം കിട്ടൂ.

'സോഷ്യലിസ്റ്റ് പ്രധാനമന്ത്രി (അതായത് ജവഹർലാൽ നെഹ്റു-ഗ്രന്ഥകർത്താവ്) ഈ സംസ്ഥാനത്തെ വർഗീയകൂട്ടുകെട്ടിന്റെ സമ്മർദ്ദത്തിനു വഴങ്ങി കേരള ഗവൺമെന്റിനെ പിരിച്ചുവിടുകയാണെങ്കിൽ അതിൽനിന്നുളവാകുന്ന സ്ഥിതിവിശേഷം നേരിടാൻ കമ്യൂണി

സ്റ്റ് മന്ത്രിസഭ തയ്യാറായിരുന്നു. അതാണ് കേരളത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടലിൽ ചെന്നെത്തിയത്. (ഇ എം എസ് ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനം 1920–1998. പേജ് 136).

'ഇന്ത്യയെ കണ്ടെത്തൽ' എന്ന ലോകപ്രശസ്തമായ ഗ്രന്ഥത്തിൽ നെഹ്റു, നമ്മുടെ രാജ്യത്തിന്റെ ചരിത്രപരവും ഘടനാപരവും (ഭൂമിശാസ്ത്രപരമായ) ജൈവപരവുമായ പരിണാമങ്ങളുടെ വിവിധഘട്ടങ്ങൾ അനാവരണം ചെയ്യുന്നുണ്ട്. സഹസ്രാബ്ദങ്ങളിലൂടെ കടന്നുവന്ന പരിണാമചക്രത്തിന്റെ വൈവിധ്യവും സവിശേഷവുമായ വിവരണം നെഹ്റുവിന്റെ പുസ്തകത്തിനു അളവറ്റ സ്വീകാര്യത ലഭിക്കാനും ഇടയാക്കി. ആ ഗ്രന്ഥത്തിൽ ചാതുർവർണ്യവും അതിന്റെ ഫലമായി പിന്നീട് വളർന്നുവന്ന ജാതീയമായ ഉച്ചനീചത്വങ്ങളും ഭാരതത്തിന്റെ മഹത്തായ ഈ ഭൂമികയിൽ സൃഷ്ടിച്ച വിഭജനവും സമൂഹഗാത്രത്തിൽ അതേൽപ്പിച്ച ഉണങ്ങാത്ത മുറിവും അദ്ദേഹം വിവരിക്കുന്നു. ഈ മുറിവു കേരളത്തിലും ഉണ്ടായിരുന്നു. അതാണ് കുമാരനാശാനും വിവേകാനന്ദനും ചൂണ്ടിക്കാട്ടിയത്.

ഈ സ്ഥിതിയിൽനിന്നു കേരളം എങ്ങോട്ടു പോകണം? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് കേരളപ്പിറവിക്കു മുമ്പുംപിമ്പും കമ്യൂണിസ്റ്റ് പാർടി ജനങ്ങൾക്കിടയിൽ നടത്തിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ, പിന്നീട് അധികാരത്തിലെത്തിയ ഘട്ടങ്ങളിലെ ജനക്ഷേമനടപടികളിലൂടെ മുന്നോട്ടുവച്ചത്. ഇതു മനസിലാക്കാതെ കമ്യൂണിസ്റ്റുകാരാണോ അവർ എതിർക്കപ്പെടേണ്ടവർ എന്നു മുൻവിധിയോടെയാണ് ഒരുപറ്റം മാധ്യമങ്ങൾ കേരളത്തിൽ ഇക്കാലമത്രയും പ്രവർത്തിച്ചുവന്നത്.

1787ൽ ബ്രിട്ടീഷ് പാർലമെന്റിന്റെ അധോസഭയായ ഹൗസ് ഓഫ് കോമൺസിൽ എഡ്മൻഡ് ബർക്ക് എന്ന അംഗമാണ് ആദ്യമായി പത്രങ്ങളെ ജനാധിപത്യത്തിന്റെ നാലാംതൂണ് എന്നു വിശേഷിപ്പിച്ചത്. സഭയിൽ അംഗമായിരുന്ന മെക്കാളെ പ്രഭു ഒരു ചർച്ചയിൽ പങ്കെടുക്കവെ, ജനാധിപത്യത്തിൽ സർക്കാരിന്റെ മൂന്നു പ്രധാനവിഭാഗങ്ങളായ നിയമനിർമാണസഭ, കാര്യനിർവഹണസഭ, നീതിന്യായസഭ എന്നിവയുടെ പ്രാധാന്യം വിശദീകരിച്ചു. എന്നിട്ട് അദ്ദേഹം ചോദിച്ചു: ജനാധിപത്യം സംരക്ഷിക്കുന്നത് ഈ മൂന്നു തൂണുകൾ ചേർന്നാണ്. നമുക്കു ഈ ലക്ഷ്യസാക്ഷാത്കാരത്തിനു ഒരു നാലാംതൂണു വേണ്ടേ?

ആ ഘട്ടത്തിൽ എഡ്മൻഡ് ബർക്ക് ഇടപ്പെട്ടു. എന്നിട്ട് സഭാനടപടികൾ റിപ്പോർട്ടു ചെയ്യാനെത്തി പ്രസ് ഗ്യാലറികളിൽ ഇടംപിടിച്ച പത്രറിപ്പോർട്ടർമാരെ നോക്കി പറഞ്ഞു:

'അതാ, ജനാധിപത്യത്തിന്റെ നാലാംതൂണ്. പത്രങ്ങളാണ് ആ നാലാംതൂണ്...'

മെക്കാളെ പ്രഭു അടക്കം ആ സഭയിൽ ഉണ്ടായിരുന്ന മുഴുവൻ അംഗങ്ങളും ബർക്കിന്റെ അഭിപ്രായത്തിൽ ആഹ്ലാദം പ്രകടിപ്പിച്ചു.

ഇവിടെ തുടങ്ങുന്നു 'നാലാംതൂണ്' എന്നനിലയിലുള്ള വൃത്താന്തപ്പത്രങ്ങളുടെ ആധുനികചരിത്രം. ജനാധിപത്യത്തിന്റെ കാവൽഭടൻ, പൗരാവകാശങ്ങളുടെ സംരക്ഷകൻ, സാമൂഹ്യമാറ്റത്തിന്റെ വഴികാട്ടി, തലമുറകളെ ബന്ധപ്പിക്കുന്ന കണ്ണി എന്നീനിലകളിൽ ഒക്കെ മാധ്യമങ്ങൾ ഇന്ന് സമൂഹത്തിൽ സവിശേഷസ്ഥാനം അലങ്കരിക്കുന്നു. അതേസമയം, മുഖ്യധർമ്മമായ വാർത്തകൾ കൈകാര്യം ചെയ്യുന്നതിൽ അങ്ങേയറ്റം പക്ഷപാതിത്വവും ഏകപക്ഷീയവുമായ നിലപാടുകൾ പത്രങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ കൈകൊള്ളുകയും ചെയ്യുന്നു. ഇതാകട്ടെ, മാധ്യമമുതലാളിയുടെ 'വ്യാവസായികവും വാണിജ്യപരവുമായ' താൽപര്യങ്ങൾക്കു മാത്രം വഴങ്ങിയല്ല, മറിച്ച്, മുതലാളിയുടെ രാഷ്ട്രീയതാൽപര്യംകൂടി കണക്കിലെടുത്തുകൊണ്ടുള്ള റിപ്പോർട്ടിങ് രീതിയുടെ ഭാഗമാണ്.

മഹാത്മാഗാന്ധിയുടെ പ്രസിദ്ധമായൊരു അഭിപ്രായപ്രകടനം ഇവിടെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞു:

"ഒരു പത്രപ്രവർത്തകന്റെ പ്രത്യേകമായ കർത്തവ്യം രാഷ്ട്രമനസ്സ് വായിച്ചെടുക്കുകയും സുവ്യക്തവും നിർഭയവുമായ രീതിയിൽ അവതരിപ്പിക്കുകയും ചെയ്യുക എന്നതാണ്..." (ജേർണലിസം ഇൻ ഇന്ത്യ. രംഗസ്വാമി പാർഥസാരഥി. പേജ് 141).

ഹിന്ദു പത്രത്തിന്റെ പത്രാധിപരായിരുന്ന എസ് കസ്തൂരിരംഗ അയ്യങ്കാരുടെ ചിത്രം അനാഛാദനം ചെയ്തുകൊണ്ട് 1925ൽ ഗാന്ധിജി പറഞ്ഞതാണിത്. ഇന്നത്തെ നമ്മുടെ അനുഭവത്തിൽനിന്ന്, വർത്തമാനപത്രങ്ങളും വാർത്താചാനലുകളും പിന്തുടരുന്ന നിലപാടുകൾ ഗാന്ധിജിയുടെ വീക്ഷണകോണിന്റെ നേരേവിപരീതദിശയിൽ നിന്നുകൊണ്ടുള്ളതാണെന്നു വ്യക്തമാണല്ലോ.

ഇതിനെ കുറേക്കൂടി വിശദീകരിച്ച് എം വി തോമസ് എഴുതുന്നു:

"സ്വാതന്ത്ര്യലബ്ധിക്കുശേഷം പത്രപ്രവർത്തനം ഒരു വൻബിസിനസായി മാറിയതിനാൽ ഈ രംഗത്തു ലാഭോന്മുഖമായ പുതിയ സമീപനങ്ങളും പുതിയ സമവാക്യങ്ങളും രൂപപ്പെട്ടു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് മുന്നേറിയപ്പോൾ മിക്ക പത്രങ്ങൾക്കും നഷ്ടമായത് മൂല്യങ്ങളും സമുന്നതാദർശങ്ങളുമാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പത്രസ്വാതന്ത്ര്യത്തിന്റെ ഗുണഫലങ്ങൾ കൂടുതലായി ലഭിച്ചത് പേനയ്ക്കല്ല; പേഴ്സിനാണ്. അടി

യന്തരാവസ്ഥക്കാലത്ത് കൈമോശംവന്ന സാമൂഹികാഭിമുഖ്യം വീണ്ടെടുക്കുവാൻ നമ്മുടെ പത്രങ്ങൾക്കു പിന്നീടൊരിക്കലും കഴിഞ്ഞിട്ടില്ലെന്നു പൊതുവെ പറയാവുന്നതാണ്...." (ഭാരതീയ പത്രചരിത്രം. അധ്യായം എട്ട്-ഭാരതീയ പത്രപ്രവർത്തനം സ്വാതന്ത്ര്യലബ്ധിക്കു ശേഷം. എം വി തോമസ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. ഒന്നാം പതിപ്പ്. പേജ് 83).

കെ എം തോമസ് ചൂണ്ടിക്കാട്ടുന്ന 'ലാഭോന്മുഖമായ പുതിയ സമീപനങ്ങളും പുതിയ സമവാക്യങ്ങളും' മാധ്യമങ്ങളെ നിഷ്പക്ഷതയിൽ നിന്നു സ്വാർഥഭരിതവും സങ്കുചിതവുമായ താൽപര്യങ്ങളിലേക്കു നയിക്കുന്നു എന്നാണ് വർത്തമാനകാല കേരളത്തിന്റെ മാധ്യമാനുഭവം. ഇതു തെളിയിക്കാൻ എത്രയോ ഉദാഹരണങ്ങൾ ഇനിയുമുണ്ട്.

ലോക മാധ്യമനിരൂപണത്തിനു ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ഫ്രഞ്ച് ചിന്തകൻ ഴാങ് ബോദ്രിലാർഡ് (1923-2007) നിരീക്ഷിച്ച 'ഒറിജൽ ഇല്ലാത്ത പകർപ്പ്' (Copy without Original) എന്നതിന്റെ തനിയാവർത്തനം ആണ് കേരളത്തിൽ പൊതുവെ മാധ്യമങ്ങൾ ഇടതുപക്ഷത്തോടും അതിനെ നയിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടിയോടും സ്വീകരിക്കുന്നത്. ഇല്ലാത്ത വാർത്തകൾ ഉണ്ടെന്നു വരുത്തുക, അവയ്ക്കു നിരന്തരം പ്രചാരം നൽകുക, ഉണ്ടാകുന്ന സംഭവങ്ങളെ, തങ്ങളുടെ ബിസിനസ്-രാഷ്ട്രീയ താൽപര്യങ്ങൾ മുൻനിർത്തി വക്രീകരിക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുക, മുഖ്യധാരയിൽനിന്നു നിരന്തരം വ്യതിചലിച്ച് ഒറ്റപ്പെട്ട സംഭവങ്ങളെ പർവതീകരിക്കുക, ഏതുകാര്യത്തിലും ഏതു സംഭവത്തിലും ആക്രമണത്തിന്റെ കുന്തമുന ഇടതുപക്ഷത്തിനുനേരെ തിരിച്ചുവിടുക- ഇതായിരിക്കുന്നു കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളുടെ ദൈനംദിന പ്രവർത്തനരീതി.

കേരളത്തെ ഇന്നത്തെനിലയിൽ കെട്ടിപ്പടുക്കുന്നതിനു നിശ്ചയദാർഢ്യത്തോടെ നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്തുപോരുന്ന കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിറ്റ്) ക്കെതിരെ നിരന്തരം കടന്നാക്രമണം നടത്തുന്ന മാധ്യമരീതിയെകുറിച്ച് ഇപ്പോൾതന്നെ ശക്തമായ വിമർശനങ്ങൾ ഉയരുന്നുണ്ട്. ഈ വിമർശനങ്ങൾ തുടരുമ്പോൾതന്നെ പുതിയൊരു മാധ്യമാവബോധം അഥവാ, മാധ്യമസാക്ഷരത സ്വയം ആർജിക്കുക, ബോധപൂർവം അതു ശക്തിപ്പെടുത്തി നിലനിർത്തുക- ഈ സങ്കീർണാത്മകവും ആയാസപൂർണവുമായ മാനസികാവസ്ഥയിലേക്കാണ് മാധ്യമങ്ങൾ ഇന്നു മലയാളിയെ നയിക്കുന്നത്. പുതിയ മാധ്യമസാക്ഷരത- അതു മാത്രമാണ് ഇന്നത്തെ കാലഘട്ടം ആവശ്യപ്പെടുന്നത് എന്നു ചുരുക്കം. ■

# ഗ്രന്ഥസൂചി


*ആശാനും മലയാള സാഹിത്യവും*,
ഇഎംഎസ് 79

*ഇ എം എസ് സമ്പൂർണകൃതികൾ* 28

*ഇന്ത്യയെ കണ്ടെത്തൽ*,
ജവഹർലാൽ നെഹ്റു 80

*ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം 1920–1998*
ഇഎംഎസ് 34

*എന്റെ സത്യാന്വേഷണകഥ*,
എം കെ ഗാന്ധി 26

*കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*,
കാറൽ മാർക്സ്, ഫ്രെഡറിക് ഏംഗൽസ് 12

*കേരള ചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ*
ഇഎംഎസ് 32

*കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം*,
പി ഗോവിന്ദപിള്ള 27

*കേരളം പ്രശ്നങ്ങളും സാധ്യതകളും*, ലേഖനം,
ഇഎംഎസ് 44

*ജർമ്മൻ പ്രത്യയശാസ്ത്രം*,
കാറൾ മാർക്സ്, ഫ്രെഡറിക് ഏംഗൽസ് 12

*ജേർണലിസം ഇൻ ഇന്ത്യ*,
രംഗസ്വാമി പാർഥസാരഥി 81

*ന്യൂ ഏജ്*, ലേഖനം, 1957
ഇഎംഎസ് 66

*പൊതുമണ്ഡലവും മാധ്യമങ്ങളും*, ലേഖനം,
ഡോ. കെ എൻ പണിക്കർ 54

*പ്രചാരണവും പൊതുമനസിനെ വരുതിയിലാക്കലും*, ലേഖനം,
നോം ചോംസ്കി, 29

*ഫ്രണ്ട് ലൈൻ*, റിപ്പോർട്ട് 62

*ഭാരതീയ പത്രചരിത്രം*,
എം വി തോമസ് 82

*മേൽപ്പുര സിദ്ധാന്തം*,
അന്റോണിയോ ഗ്രാംഷി 55

*വേദങ്ങളുടെ നാട്*,
ഇഎംഎസ് 29

*വിമോചനസമരത്തിന്റെ കാണാപ്പുറങ്ങൾ*,
ഡോ. ടി എം തോമസ് ഐസക് 35

*വൃത്താന്ത പത്രപ്രവർത്തനം*,
സ്വദേശാഭിമാനി രാമകൃഷ്ണപിള്ള 77

*സമ്മതികളുടെ നിർമ്മിതി: ബഹുജനമാധ്യമങ്ങളുടെ അർഥശാസ്ത്രം*,
നോം ചോംസ്കി, എഡ്വേർഡ് ഹെർമൻ 14

*സിപിഐ എം പാർടി പരിപാടി* 64